# കുടുംബം –
# ഭൂമിയിലെ സ്വർഗ്ഗം

# കുടുംബം–
# ഭൂമിയിലെ സ്വർഗ്ഗം

ജെസ്സി സാജു

# ഉള്ളടക്കം


പേജ്

*മുഖാമുഖം*

1. മക്കളെ വളർത്തുമ്പോൾ 7

2. മാനസാന്തരപ്പെടുന്ന പ്രായമേത് 17

3. മാതൃകയാകേണ്ട അമ്മ 21

4. വിദ്യാഭ്യാസവും പരിശീലനവും 25

5. ഭവനത്തിൽ സമ്മർദ്ദം ഇല്ലാതാക്കുക 31

6. ചെറുപ്പത്തലേ ശീലമാക്കേണ്ട ചില ശീലങ്ങൾ 35

7. മക്കൾക്ക് യേശുവിനെ നൽകുക 39

8. യിപ്താഹിന്റെ മകൾ 43

9. യൗവനക്കാർക്ക് ഒരു ആലോചന 49

10. ഭാര്യ ഫലപ്രദമായ മുന്തിരിവള്ളി 55

11 നല്ല മരുമകൾ 61

*അനുബന്ധം*

മാതാപിതാക്കളെ നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി 69

ദൈവം പണിയുന്ന കുടുംബങ്ങൾ 75

ഗൃഹം പണിയുന്നവർ 81

# 1. മക്കളെ വളർത്തുമ്പോൾ

മക്കളെ വളർത്തിയിട്ടുള്ള എല്ലാവർക്കുമറിയാം അത് അത്ര ലളിതമായ പണിയല്ലെന്ന്.

''മക്കളുണ്ടാകുന്നതിനുമുമ്പ് മക്കളെ വളർത്താനുള്ള ആറു നിയമങ്ങൾ ഞാൻ പഠിച്ചുവെച്ചിരുന്നു; ഇപ്പോൾ എനിക്ക് ആറു മക്കളുണ്ട്. എന്നാൽ നിയമങ്ങളെല്ലാം കാറ്റിൽ പറന്നുപോയി'' എന്നൊരാൾ തമാശയ്ക്ക് പറയുകയുണ്ടായി.

ലോകത്തിലെ ഏറ്റവും മഹത്തരവും പ്രയാസമേറിയതുമായ ജോലിയാണ് 'പേരന്റിംഗ്' അഥവാ മാതാപിതാക്കളുടെ ജോലി! അതിന് ആരും ശമ്പളം തരുന്നില്ലെന്നു മാത്രം!!

ഈ ജോലി കൂടുതൽ ഉത്തരവാദിത്തപൂർണമാകുന്നത് നിങ്ങൾ ഒരു ക്രിസ്തീയ മാതാവോ പിതാവോ ആകുമ്പോഴാണ്. കാരണം, സാധാരണ മാതാപിതാക്കൾക്ക് അവരുടെ മക്കളെ അവരുടെ സ്വപ്നങ്ങൾ അനുസരിച്ച് - ഉദ്ദേശ്യങ്ങൾക്കനുസരിച്ച്- വളർത്തിയാൽ മതി. എന്നാൽ ക്രിസ്തീയ മാതാപിതാക്കൾ മക്കളെ വളർത്തുമ്പോൾ, അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല, പിന്നെയോ ദൈവത്തിന് തങ്ങളുടെ മക്കളെക്കുറിച്ചുള്ള ലക്ഷ്യങ്ങൾക്കനുസരിച്ചാണ് വളർത്തേണ്ടത്!

കുഞ്ഞുങ്ങളെപ്പറ്റി വേദപുസ്തകം പറയുന്നത് ''മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും' (സങ്കീർത്തനം 127:3) എന്നാണ്. അതായത് നമ്മുടെ കുഞ്ഞുങ്ങളുടെ ഉടമസ്ഥർ പ്രാഥമികമായി നമ്മളല്ല ദൈവമാണ്! ദൈവം കുറെക്കാലത്തേക്ക് അവരെ നമ്മുടെ പക്കൽ ഏല്പിക്കുന്നു. കുഞ്ഞുങ്ങൾ നമ്മുടെ കയ്യിലിരിക്കുമ്പോഴും ഉടമസ്ഥൻ ദൈവം തന്നെയാണ്. അതുകൊണ്ടു തന്നെ കുഞ്ഞുങ്ങൾ വളരേണ്ടത് ആത്യന്തികമായി ദൈവത്തിന് അവരെക്കുറിച്ചുള്ള ലക്ഷ്യങ്ങൾക്കനുസരിച്ചായിരിക്കണം.

ഇതു പ്രായോഗികമാകണമെങ്കിൽ ഒന്നാമത് ദൈവത്തിന്റെ ഉടമസ്ഥാവകാശം നമ്മൾ മനസ്സുകൊണ്ട് (തലകൊണ്ടല്ല) അംഗീകരിക്കണം. ''ദൈവമെ, എന്താണ് എന്റെ കുഞ്ഞിനെപ്പറ്റിയുള്ള അങ്ങയുടെ ലക്ഷ്യം'' എന്ന് ദൈവത്തോടു ചോദിച്ചു മനസ്സിലാക്കണം. ഇതു നടക്കുന്നില്ലെങ്കിൽ നമുക്ക് നമ്മുടെ തലമുറയെ നഷ്ടപ്പെടുകയാണ്!

ഭവനത്തിലും സഭയിലും സമൂഹത്തിലും നമ്മുടെ കുഞ്ഞുങ്ങളുടെ ദൈവിക കടമ എന്താണെന്ന് നാം അറിയുകയും അത് അവരെ പറഞ്ഞുമനസ്സിലാക്കുകയും വേണം. നമുക്കവരെ നിത്യതയ്ക്കുവേണ്ടി ഒരുക്കേണ്ടേ? നാളെ അവരും നമ്മോടൊപ്പം സഭയിൽ കാണേണ്ടേ?

കുഞ്ഞുങ്ങളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും നാം അവരെ ദൈവികരായി പണിതെടുക്കണം. 'ശൈശവാവസ്ഥ' എന്നു പറഞ്ഞാൽ പോര; അതിനും മുമ്പ് നമ്മുടെ ഉദരത്തിൽ ഒരു കുഞ്ഞ് ഉരുവാകുന്ന സമയം മുതൽ ആ കുഞ്ഞിനെ ദൈവികരായി വളർത്താൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. നമ്മുടെ പഠനം അവിടം മുതൽ തുടങ്ങണം!

ദേഹവും (body) ദേഹിയും (soul) ആത്മാവും (spirit) ഒരുമിച്ചു ചേരുന്നതാണ് ഒരു മനുഷ്യന്റെ സത്ത (being) എന്നു നമുക്കറിയാം. ഈ മൂന്നു വകുപ്പുകളും ഒരുപോലെ വളരുമ്പോഴേ ഒരു വ്യക്തിയുടെ വളർച്ച സമൂല (wholistic) മാവുന്നുള്ളൂ.

ശരീരം (ദേഹം) എന്തെന്ന് നമുക്കറിയാം. എന്നാൽ 'ദേഹി' എന്നത് ശരീരം പോലെ ദൃശ്യമല്ല. അത് നമ്മുടെ മനസ്സ് (ബുദ്ധി) വിചാരങ്ങൾ (ചിന്ത) തീരുമാനശക്തി (ഇച്ഛ) വികാരങ്ങൾ (സ്നേ

ഹം, കരുണ, വാത്സല്യം തുടങ്ങിയ നല്ല ഗുണങ്ങളും ഒപ്പം അതിനു വിപരീത ഗുണങ്ങളും) ഇവയുടെയെല്ലാം ഇരിപ്പിടമാണ് ദേഹി. എന്നാൽ ആത്മാവ് ദൈവസംബന്ധിയാണ്. ഈ തലങ്ങളിലെല്ലാം ഒരു കുഞ്ഞ് വളരണം.

യേശുവിന്റെ വളർച്ചയെപ്പറ്റി വേദപുസ്തകം പറയുന്നത് ഇത്തരത്തിലുള്ള ഒരു സമൂല വളർച്ചയാണ്. ‘‘പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടുപോന്നു. ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു (ലൂക്കോസ്. 2:40).

‘‘യേശുവോ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു’’ (ലൂക്കോസ് 2:52).

ഒരു കുഞ്ഞിന്റെ വളർച്ചയെന്നാൽ ശാരീരികമായ വളർച്ചയോ ബുദ്ധിപരമായ വളർച്ചയോ മാത്രമല്ല എന്നു മനസ്സിലായല്ലോ. സത്ചിന്തകളിലും സൽസ്വഭാവത്തിലും കുഞ്ഞ് മുതിർന്നു വരണം. സമൂഹത്തിൽ മറ്റുള്ളവരോടുള്ള സമീപനത്തിൽ കുഞ്ഞ് പക്വതയോടെ വളരണം. വിചാരങ്ങളുടെ കാര്യത്തിൽ മാത്രമല്ല സംശുദ്ധമായ (reifned) വികാരങ്ങളുടെയും വിളനിലമാകണം കുഞ്ഞിന്റെ ദേഹി. എന്നാൽ അതു മാത്രവും പോര. ദേഹവും ദേഹിയും പോലെ കുഞ്ഞിന്റെ ആത്മാവിന്റെ തലത്തിലെ വളർച്ചയും അതിപ്രധാനമാണ്. കുഞ്ഞിന്റെ വളർച്ചയിൽ ആത്മാവിലുള്ള ദൈവബോധവും ദൈവവിശ്വാസവും ദൈവഭയവും ഉണ്ടാവണം.

ചിലർക്കൊരു ചിന്തയുണ്ട്: കുഞ്ഞിന്റെ ആത്മീയ കാര്യങ്ങളൊക്കെ കുഞ്ഞ് സണ്ടേസ്ക്കൂളിൽ പഠിച്ചുകൊള്ളും എന്ന്! സണ്ടേസ്ക്കൂൾ നല്ലതുതന്നെ. എന്നാൽ, കുഞ്ഞിന് ആത്മീയ പാഠങ്ങൾ ലഭിക്കുന്നത് പ്രാഥമികമായി സണ്ടേസ്ക്കൂൾ അദ്ധ്യാപകരിൽ നിന്നല്ല, പിന്നെയോ സ്വന്തം മാതാപിതാക്കളിൽ നിന്നുതന്നെയാണ് - പ്രത്യേകിച്ച് മാതാവിൽ നിന്ന്!

എപ്പോൾ മുതലാണ് കുഞ്ഞിന് ആത്മീയ പാഠങ്ങൾ നല്കിത്തുടങ്ങേണ്ടത്?

ഒരിക്കൽ ഒരു സ്ത്രീ ഒരു ആത്മീയ കൗൺസിലറുടെ അടുത്തു വന്നു ചോദിച്ചു: എന്റെ കുഞ്ഞിന് ഇപ്പോൾ അഞ്ചു വയസ്സായി. എപ്പോൾ മുതലാണ് ഞാൻ കുഞ്ഞിനെ ആത്മീയ പാഠങ്ങൾ പഠിപ്പിച്ചുതുടങ്ങേണ്ടത്?’’

കൗൺസിലറുടെ മറുപടി അർത്ഥസമ്പുഷ്ടമായിരുന്നു: ''സോറി സഹോദരീ, നിങ്ങൾ ആറു വർഷം താമസിച്ചുപോയി....!''

കുഞ്ഞിന് അഞ്ചു വയസ്സേയുള്ളൂ; എന്നാൽ ആത്മീയ കാര്യങ്ങൾ ആറു വർഷം മുമ്പുതൊട്ടു പഠിപ്പിക്കേണ്ടതായിരുന്നുവെന്ന്! അതായത് കുഞ്ഞ് വയറ്റിൽ ഉരുവായ സമയം മുതൽ അതിന് ആത്മീയ അഭ്യസനം നൽകേണ്ടിയിരുന്നുവെന്ന്!

ഗർഭാവസ്ഥയിലെ മാതാവിന്റെ മാനസിക നില കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുവെന്ന് മനഃശാസ്ത്രവും സമ്മതിക്കുന്നു. ഗർഭാവസ്ഥയിൽ മാതാവിനെ അരക്ഷിതബോധം അലട്ടുന്നുണ്ടെങ്കിൽ ജനിക്കുന്ന കുഞ്ഞിനെയും അരക്ഷിതബോധം വേട്ടയാടിക്കൊണ്ടിരിക്കും. ഗർഭാവസ്ഥയിൽ മാതാവ് ശാന്തയും സന്തുഷ്ടയും ആണെങ്കിൽ കുഞ്ഞുങ്ങൾ വളരുമ്പോൾ അവർ 'കൂൾ' ആയിരിക്കുമത്രെ!

അതൊക്കെ മനഃശാസ്ത്രവും വൈദ്യശാസ്ത്രവും! വേദപുസ്തകത്തിന്റെ ചിന്ത എന്താണെന്നു നോക്കാം. പഴയനിയമത്തിൽ 'നാസീർ' വ്രതസ്ഥർ ജനനം മുതലല്ല ഗർഭം മുതൽ ദൈവത്തിന് 'വ്രതസ്തൻ' ആയിരുന്നു. ശിംശോന്റെ അമ്മയോടു ദൈവം പറയുന്നത്: ''നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. ബാലൻ ഗർഭം മുതൽ ദൈവത്തിനു നാസീർ ആയിരിക്കും. അകയാൽ നീ സൂക്ഷിച്ചുകൊള്ളുക; വീഞ്ഞും മദ്യവും കുടിക്കരുത്; അശുദ്ധമായത് ഒന്നും തിന്നുകയും അരുത്'' (ന്യായാധിപന്മാർ 13:2-5).

വ്രതസ്ഥനായ മകൻ ഗർഭത്തിൽ ഉരുവാകുന്നതുമുതൽ അമ്മയും വ്രതസ്ഥയാവുകയാണ്! നമ്മുടെ കുഞ്ഞുങ്ങൾ പഴയനിയമത്തിലെ 'നാസീർ' അല്ലെങ്കിൽ പോലും അവരെല്ലാം വ്രതസ്ഥരാണ്, യഹോവയ്ക്ക് വിശുദ്ധരാണ്. ഉദരത്തിൽ ഉരുവാകുമ്പോൾ മുതൽ അവരെ യഹോവയ്ക്ക് വിശുദ്ധരായി വളർത്തുകയെന്നത് ദൈവം മാതാപിതാക്കളെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തമാണ്.

യേശുവിന്റെ അമ്മ മറിയയും ഭർത്താവ് യോസേഫും യോഹന്നാൻ സ്നാപകന്റെ അമ്മ എലിസബത്തും അവന്റെ പിതാവ് സെഖര്യാവും ഒക്കെ തങ്ങൾക്കുണ്ടാകാൻ പോകുന്ന കുഞ്ഞുങ്ങളുടെ മേലുള്ള ദൈവവിളി - അവരെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നേരത്തേതന്നെ തിരിച്ചറിഞ്ഞവരും, ഉദരത്തിലുരുവായ കുഞ്ഞുങ്ങളെ

ദൈവത്തിന് സമർപ്പിച്ചവരുമായിരുന്നു. ഞങ്ങളുടെ മൂന്നു കുഞ്ഞുങ്ങളും ഉദരത്തിലുരുവായത് അറിഞ്ഞപ്പോൾ മുതൽ അവർക്കുവേണ്ടി, ''ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി പോരാടുന്നവരാക്കണമെ'' എന്ന് ഞങ്ങൾ പ്രാർത്ഥിച്ചിരുന്നു.

ഒരു പരിധിവരെ കുഞ്ഞുങ്ങളുണ്ടാവുന്നതിനു മുമ്പുതന്നെ ഈ സമർപ്പണം അനിവാര്യമാണ്. ശമുവേലിന്റെ അമ്മ ഹന്നായുടെ പ്രാർത്ഥന കേൾക്കൂ: ''യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും'' (1 ശമുവേൽ 1:11).

'നീ എനിക്ക് ഒരു മകനെ തന്നാൽ, ഞാൻ അവനെ നിനക്ക് ജീവപര്യന്തം (മടക്കി) തരും!' ഇതാണ് കുഞ്ഞുങ്ങളെ വളർത്തുമ്പോൾ നാം ഓർക്കേണ്ടത്.... 'നീ എനിക്കു തന്നാൽ (മക്കൾ യഹോവ തരുന്ന ദാനമാണെന്ന തിരിച്ചറിവ്) ഞാൻ അവനെ യഹോവയ്ക്ക് മടക്കി നല്കും (ഉടമസ്ഥൻ ദൈവമാണ്; ദൈവത്തിനുവേണ്ടി ഒരുക്കി ദൈവത്തിനു മടക്കി നല്കാനുള്ളതാണ് മക്കൾ...) കുറെക്കാലത്തേക്കല്ല - ജീവപര്യന്തം!'' ഈ ബാലനായി ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു... അവൻ ജീവപര്യന്തം യഹോവയ്ക്ക് നിവേദിതനായിരിക്കും (1 ശമുവേൽ 1:27,28).

ഇങ്ങനെ ''യഹോവയിങ്കൽ നിന്നു കുഞ്ഞിനെ വാങ്ങി യഹോവയ്ക്കു മടക്കിക്കൊടുക്കുന്ന''തിൽ മാതാപിതാക്കൾക്ക് എന്തു ലഭിക്കുന്നു എന്നു ചോദിച്ചേക്കാം. വാസ്തവത്തിൽ അതിൽ നിന്നേ മാതാപിതാക്കൾക്ക് എന്തെങ്കിലും ലഭിക്കുന്നുള്ളൂ... നമ്മൾ കുഞ്ഞുങ്ങളെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അവരുടെ ജീവിതം അർത്ഥപൂർണമാവുന്നതു കണ്ട് നാം തീർച്ചയായും സന്തോഷിക്കും. ആ സംതൃപ്തിയാണ് ഒരു പിതാവിന്റെയും മാതാവിന്റെയും പ്രതിഫലം!

യോഹന്നാൻ സ്നാപകന്റെ ജനനത്തിനു മുമ്പ് - അവൻ എലീശബെത്തിന്റെ ഉദരത്തിൽ ഉരുവാകും മുമ്പ് സെഖര്യാവിന് ദൈവ ദർശനമുണ്ടായി. ''നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി; നിന്റെ ഭാര്യ എലീശബെത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും. അവന്നു യോഹന്നാൻ

എന്നു പേരിടണം. നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും'' (ലൂക്കൊസ് 1:13, 14) എന്ന് ദൈവദൂതൻ അവനോടു പറഞ്ഞു.

ഒരു പൈതലിന്റെ ആഗമനം നമ്മിൽ സന്തോഷവും ഉല്ലാസവും കൊണ്ടുവരുന്നു! അത് ദൈവത്തിന്റെ ദാനമാണ്. അത് ആൺപൈതലായാലും പെൺപൈതലായാലും കുഞ്ഞ് നമ്മിലേക്ക് ഉല്ലാസവും സന്തോഷവും കൊണ്ടുവരണം! വേർതിരിവ് പാടില്ല.

'കുഞ്ഞുങ്ങളേ വേണ്ട' എന്നു ചിന്തിക്കുന്ന ചില ദമ്പതികൾ ഇക്കാലത്തുണ്ട്. ''ഓ! എന്തിന് ഈ കുഞ്ഞുങ്ങളെ വളർത്തുന്ന പൊല്ലാപ്പൊക്കെ'' എന്നാണ്  അസമയത്തു ജനിച്ച മക്കളെ മാനസികമായി തിരസ്ക്കരിക്കുന്നത് കണ്ടിട്ടുണ്ട്. അത് സങ്കടകരമായ കാര്യമാണ്. നിങ്ങളുടെ കുഞ്ഞുങ്ങളെ ദൈവം നിങ്ങൾക്കു നല്കിയതാണ്. നിങ്ങളുടെ കുഞ്ഞുങ്ങളിൽ നിങ്ങൾ സന്തോഷിക്കണം.

കുഞ്ഞുങ്ങൾ നിങ്ങൾക്കു മാത്രമല്ല, എല്ലാവർക്കും സന്തോഷം കൊണ്ടുവരുന്നു. യോഹന്നാൻ സ്നാപകനെപ്പറ്റി സെഖര്യാവിനോട് ദൈവദൂതൻ പറയുന്നത് ''അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും'' (ലൂക്കൊസ് 1:14) എന്നാണ്. നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങളുടേതു മാത്രമായി കാണണ്ട അവർ ദൈവത്തിന്റെ ദാനമാണ് - നിങ്ങൾക്കു മാത്രമല്ല; മറ്റുള്ളവർക്കും!

ജനിക്കാൻ പോകുന്ന യോഹന്നാൻ സ്നാപകനെപ്പറ്റി ദൂതൻ സെഖര്യാവിനോടു പറയുന്ന അടുത്ത കാര്യം ''അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവൻ ആകും'' (ലൂക്കൊസ് 1:15) എന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളെപ്പറ്റിയും ഈ പ്രത്യാശയാവണം നമുക്കുണ്ടാകേണ്ടത് - കർത്താവിന്റെ സന്നിധിയിൽ വലിയവരാവുക!

ഇന്ന് കുഞ്ഞുങ്ങളെ 'ലോക'ത്തിൽ വലിയവരാക്കാനാണ് മിക്ക മാതാപിതാക്കളും പരിശ്രമിക്കുന്നത്. ഏറ്റവും ഉയർന്ന മാർക്ക്, ഏറ്റവും കൂടിയ വിദ്യാഭ്യാസം, ഏറ്റവും വലിയ ജോലി, ആരിലും അസൂയ ജനിപ്പിക്കുന്നത്ര പണം, ലോകത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും.... ഇതിനിടയിൽ കർത്താവിന്റെ സന്നിധിയിൽ തങ്ങളുടെ മക്കളുടെ സ്ഥാനം എന്തെന്ന് മിക്ക മാതാപിതാക്കളും ചിന്തിക്കുന്നില്ല!

നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കരുതെന്നോ ജോലി ചെയ്യരുതെന്നോ ഞാൻ പറയുന്നില്ല. എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ ഒന്നാമത് 'കർത്താവിന്റെ സന്നിധിയിൽ' വലിയവരാകണം. നമ്മുടെ

കുഞ്ഞുങ്ങളെക്കുറിച്ചുള്ള ദൈവോദ്ദേശ്യം അവരുടെ ജീവിതത്തിൽ നിർവ്വഹിക്കപ്പെടണം. നമ്മുടെ കുഞ്ഞുങ്ങൾ ആത്മികരായി വളരണം. സഭയിൽ മാത്രമല്ല സമൂഹത്തിലും നമ്മുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ പ്രതിനിധികളായി വളരണം. ''എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല (3 യോഹന്നാൻ 1:4).

അടുത്തതായി യോഹന്നാനെപ്പറ്റി പറയുന്നത്, അവൻ വീഞ്ഞും മദ്യവും കുടിക്കയില്ല; അമ്മയുടെ ഗർഭത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മാവു കൊണ്ടു നിറയും'' (ലൂക്കൊസ് 1:15) എന്നാണ്!

നമ്മുടെ പുതുതലമുറയ്ക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത് ഇക്കാര്യമാണ് - പരിശുദ്ധാത്മനിറവ്! ''ഈ വക്രതയും കോട്ടവുമുള്ള തലമുറയിൽ നമ്മുടെ മക്കൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്കമക്കളും (ഫിലിപ്യർ 2:14) ആകണമെങ്കിൽ അവർ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞേ മതിയാവൂ....

ഗർഭാവസ്ഥ മുതൽ കുഞ്ഞിനെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കണേ എന്നാവണം നമ്മുടെ പ്രാർത്ഥന. ദൈവസാന്നിധ്യത്തിൽ സത്ചിന്തകൾ നിറഞ്ഞ മനസ്സുള്ള ഒരു മാതാവിനു മാത്രമെ കുഞ്ഞിലേക്ക് പരിശുദ്ധാത്മാവിന്റെ നിറവ് പകർന്നുകൊടുക്കാനാവൂ.

കുഞ്ഞുങ്ങളിൽ പരിശുദ്ധാത്മാവു നിറയണമെങ്കിൽ നാം അവരിൽ ലോകം കുത്തിനിറയ്ക്കാതിരിക്കണം. കുഞ്ഞുങ്ങൾക്ക് നാം നല്കുന്നത് ഒരു ആത്മീയ അന്തരീക്ഷമാണോ, അതോ ഒരു ലൗകീക അന്തരീക്ഷമാണോ?

പണ്ടൊക്കെ ആത്മീയ ഗാനങ്ങൾ പാടിക്കൊണ്ടായിരുന്നു മാതാക്കൾ കുഞ്ഞുങ്ങളെ മുലയൂട്ടിയിരുന്നത്. ഇന്നിപ്പോൾ മുലയൂട്ടുമ്പോൾ പോലും അമ്മയുടെ രണ്ട് കൈകളും സ്മാർട്ട്ഫോണിലാണ്. മുലപ്പാൽ കൊടുക്കുമ്പോൾ കുഞ്ഞിനു നാം ആഹാരം മാത്രമല്ല ശ്രദ്ധയും പരിചരണവും വാത്സല്യവും എല്ലാം ഒന്നിച്ചുകൊടുക്കുകയാണ്. ഇന്നിപ്പോൾ കുട്ടി അമ്മയുടെ മുഖം തന്നെ കാണുന്നില്ല, പകരം അമ്മ കളിക്കുന്ന സ്മാർട്ട് ഫോണിന്റെ പിൻവശമാണു കാണുന്നത്. കുഞ്ഞു കരഞ്ഞാൽ ഒരു പാട്ടു പാടിയുറക്കാൻ, കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കാൻ, ദൈവത്തിൽ ആശ്രയിക്കാൻ ഇന്ന് അമ്മമാർക്കു നേരമില്ല. സ്മാർട്ട് ഫോണിലെ പാട്ടു കേൾപ്പിക്കും,

വീഡിയോ കാണിക്കും - ഇതാണ് കുഞ്ഞിന്റെ കരച്ചിലടക്കാൻ അമ്മമാർ കണ്ടെത്തിയിരിക്കുന്ന നവീന മാർഗ്ഗം! അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ കുഞ്ഞിന്റെ കണ്ണിനെ മാത്രമല്ല നിത്യതയെ തന്നെയാണ് നശിപ്പിക്കുന്നത്! കുഞ്ഞുങ്ങളുടെ മുലകുടി സമയം മുതൽ ലോകത്തിനു പകരം നിങ്ങൾ അവർക്ക് യേശുവിനെ കൊടുക്കുക! അവർ പരിശുദ്ധാത്മാവിനാൽ നിറയട്ടെ...

യോഹന്നാനെപ്പറ്റി പിന്നീട് ദൂതൻ പറയുന്നത്: ''അവൻ യിസ്രായേൽ മക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചുവരുത്തും'' (ലൂക്കൊസ് 1:16) എന്നാണ്.

നമ്മുടെ കുഞ്ഞുങ്ങൾ സത്യത്തെ അനുസരിച്ചു നടക്കുന്നവർ മാത്രമല്ല, അനേകരെ സത്യത്തിലേക്ക് തിരിക്കുന്നവരുമായിത്തീരണം. അവരുടെ സഹപാഠികളെ അവരുടെ സുഹൃത്തുക്കളെ കർത്താവിങ്കലേക്ക് തിരിക്കുന്ന ഒരു 'Restoration' ശുശ്രൂഷ നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കേണ്ടതിന് നാം പ്രാർത്ഥിക്കണം. ഞങ്ങളുടെ കുഞ്ഞുങ്ങളുടെ സ്ക്കൂൾ കാലയളവിൽ എപ്പോഴും ഞങ്ങൾ മക്കളെ ഇത് ഓർമ്മിപ്പിച്ചിരുന്നു. അതുകൊണ്ട് അവരുടെ സഹപാഠികളോട് യേശുവിനെ സാക്ഷിക്കുവാൻ അവർ മടി കാണിച്ചില്ല. ചിലരെയെങ്കിലും കർത്താവിങ്കലേക്കു 'തിരിക്കു'വാൻ ദൈവം അവരെ ഉപയോഗിച്ചു.

അടുത്തതായി യോഹന്നാനെപ്പറ്റി ദൂതൻ പറയുന്നത് മെരുക്കമില്ലാത്ത ഹൃദയങ്ങളെപ്പോലും കർത്താവിനുവേണ്ടി ഒരുക്കും എന്നാണ് (ലൂക്കൊസ് 1:17). അപ്പനെയും മക്കളെയും തമ്മിൽ നിരപ്പിക്കും; അനുസരണം കെട്ടവരെ പ്രബോധനം കേൾക്കാൻ ഉത്സുകരാക്കും, ദൈവത്തിന് അവരിലേക്കു ചെല്ലാൻ വഴിഒരുക്കിക്കൊടുക്കും.

നമ്മുടെ കുഞ്ഞുങ്ങൾ സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം (മത്തായി 5:9) ദൈവസമാധാനം മനുഷ്യരിൽ എത്തിക്കുന്നവർ!

യോഹന്നാൻ സ്നാപകന്റെ ജീവിതം എങ്ങനെയുള്ളതായിരിക്കുമെന്ന് - ദൈവത്തിന് അവനെക്കുറിച്ചുള്ള പദ്ധതി എന്തെന്ന് യോഹന്നാൻ എലീസബെത്തിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പുതന്നെ ദൈവം തന്റെ ദൂതനിലൂടെ സെഖര്യാവിനോട് അറിയിച്ചു. എന്നാൽ മോശെയുടെ കാര്യത്തിൽ മോശെയുടെ ജനനത്തിങ്ക

ലാണ് മോശെയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം എന്തെന്ന് അവന്റെ മാതാപിതാക്കൾ അറിയുന്നത്. കുഞ്ഞു ജനിച്ചപ്പോൾ അവന്റെ മാതാപിതാക്കൾ കുഞ്ഞ് 'സൗന്ദര്യമുള്ളവൻ' എന്നു കണ്ട് (പുറപ്പാട് 2:2) അവനെ ഒളിപ്പിച്ചു.

സ്വന്തം കുഞ്ഞിൽ ആരാണ് സൗന്ദര്യം കാണാത്തത് എന്നു ചോദിച്ചേക്കാം. എന്നാൽ സ്തെഫാനോസിന്റെ പ്രസംഗത്തിൽ അതിനെക്കുറിച്ചു പറയുന്നത് മോശെ 'ദിവ്യസുന്ദരൻ' (അപ്പൊസ്തലപ്രവൃത്തി. 7:20) എന്നാണ്. ദൈവത്തിന്റെ കണ്ണിൽ സുന്ദരൻ (beautiful in the sight of God)

ഒരു ദൈവപ്രവൃത്തി ഭൂമിയിൽ നിർവ്വഹിക്കുവാനായി തങ്ങളുടെ കുഞ്ഞിനെ ദൈവം തെരഞ്ഞെടുത്തുവെന്ന് മോശെയുടെ മാതാപിതാക്കൾ മനസ്സിലാക്കി. അത് എബ്രായ ജനതയുടെ വീണ്ടെടുപ്പ് ആണെന്ന് വിശ്വാസത്താൽ അവർ അറിഞ്ഞു. അതുകൊണ്ടാണ് അവർ രാജാവിന്റെ കല്പന ഭയപ്പെടാതെ (ഭയപ്പെട്ടിട്ടല്ല) ശിശുവിനെ മൂന്നു മാസം ഒളിപ്പിച്ചുവെച്ചത് (എബ്രായർ 11:23).

നമ്മുടെ കുഞ്ഞുങ്ങളുടെ മേലുള്ള 'ദിവ്യസൗന്ദര്യം' കാണാനുള്ള ആത്മീയ ദർശനം ഓരോ മാതാപിതാക്കൾക്കും ഉണ്ടാകണം. ആ ദർശനം പ്രാപിക്കുമ്പോൾ പിന്നെ നാം നമ്മുടെ കുഞ്ഞുങ്ങളെ ലോകത്തിൽ വലിയവരാക്കുവാനല്ല; പിന്നെയോ, ''കർത്താവിന്റെ സന്നിധിയിൽ'' വലിയവനാക്കുവാൻ പരിശ്രമിക്കും. പിന്നീട് നമ്മുടെ പ്രാർത്ഥന ''ദൈവമെ, എന്റെ കുഞ്ഞിനെക്കുറിച്ച് നിന്റെ ലക്ഷ്യമെന്താണോ അതിന് അവനെ ഒരുക്കാൻ എന്നെ സഹായിക്കണമെ'' എന്നായിരിക്കും.

# 2. മാനസാന്തരപ്പെടുന്ന പ്രായമേത്

അമ്മയുടെ വയറ്റിൽ കുഞ്ഞ് ഉരുവാകുന്നതിനുമുമ്പേ, അവരെക്കുറിച്ചുള്ള 'വിളി അറിയുന്നതാണല്ലോ കഴിഞ്ഞ ലക്കത്തിലും യോഹന്നാന്റെ ജനനത്തിലും നാം കണ്ടത്.

അമ്മയ്ക്ക് മക്കളെ സ്വാധീനിക്കാൻ കഴിയുന്നത്ര ആർക്കും കഴികയില്ല. ഒരു അമ്മ വിചാരിച്ചാൽ ഒരു കുഞ്ഞിനെ ദൈവത്തിങ്കലേക്ക് തിരിക്കുകയും ചെയ്യാം. ദൈവത്തിൽ നിന്ന് അകറ്റുകയും ചെയ്യാം.

'ചൊല്ലും ചോറും' എന്നാണല്ലോ പഴഞ്ചൊല്ല്. 'കുഞ്ഞല്ലേ? ദൈവകാര്യമൊക്കെ മനസ്സിലാകുമോ? ഇത്ര കുഞ്ഞിലേ എന്തിനാ ഇതൊക്കെ അവരോടു പറയുന്നത്? വലുതാവുമ്പോൾ അവരതെല്ലാം മനസ്സിലാക്കിക്കൊള്ളും. എന്നൊക്കെപ്പറഞ്ഞ് നാം നമ്മുടെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ പാടില്ല. ദൈവീക കാര്യങ്ങൾ അവർക്ക് മനസ്സിലാകും എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഞങ്ങളുടെ മൂത്ത മകൾ ശ്രുതിയുടെ മാനസാന്തര കഥ.

ശ്രുതിക്ക് അന്ന് പ്രായം മൂന്നര വയസ്സ്. ഞങ്ങളുടെ കുടുംബപ്രാർത്ഥനയിൽ ഞാൻ വായിച്ചത് കൊലോസ്യർ 3-ാം അദ്ധ്യായം. അവളത് ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നു. 9-ഉം 10-ഉം വാക്യം വായിച്ചപ്പോൾ'' അന്യോന്യം ഭോഷ്ക്കു പറയരുത്. നിങ്ങൾ പഴയ മനു

ഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ.''

അവൾ എന്നോടു സംസാരിക്കാൻ തുടങ്ങി. ''അമ്മേ, എന്താ അമ്മേ, പഴയ മനുഷ്യനെ ഉരിഞ്ഞുകളയുക എന്നുവച്ചാൽ?''

മോളെ, നീ പുറത്തുപോയി കളിച്ച് മടങ്ങിവരുമ്പോൾ നിന്നെ വിയർക്കില്ലേ?

അതെ അമ്മെ, അപ്പോ എനിക്ക് എന്നെത്തന്നെ ഇഷ്ടമില്ല. ഉടുപ്പൊക്കെ വല്ലാത്ത നാറ്റം. Smells bad....

അപ്പോ നീ എന്തുചെയ്യും?

അപ്പൊ, അമ്മ എന്നെ കുളിപ്പിക്കും...

അപ്പോൾ നീ ഇട്ടിരിക്കുന്ന ഉടുപ്പ് എന്തെടുക്കും?

ഞാനത് ഊരി കൂടയിലേക്കെറിയും.

അമ്മ നിന്നെ കുളിപ്പിക്കുമ്പം നിനക്കെന്തു തോന്നി?

ഓ.... എനിക്ക് വല്യ ഇഷ്ടമാ. കുളി കഴിയുമ്പം നല്ല മണം... അവൾ മണത്തു കാണിച്ചു.

പിന്നെ നീ എന്തുചെയ്യും? ഊരി കുട്ടയിലെറിഞ്ഞ ഉടുപ്പ് എടുത്തു വീണ്ടും ഇടുമോ?

നോ! അയ്യേ? അതു കാണുന്നതേ എനിക്കിഷ്ടമില്ല. ഇച്ചീച്ചി ഉടുപ്പ്....

പിന്നെ....

അമ്മ എനിക്ക് അലമാരിയിൽ നിന്ന് നല്ല മണമുള്ള ഉടുപ്പ് എടുത്തുതരും... ഞാനത് ഇടും... ലാ ലാ ലാ... അവൾ നൃത്തം ചെയ്തു കാണിച്ചു.

ഇതു തന്നെയാ മോളെ നമ്മുടെ ജീവിതത്തിൽ നടക്കുന്നത്. ഞാൻ അവളോടു പറഞ്ഞു.

ലോകത്തിൽ നമ്മൾ ഓരോ തെറ്റും ചെയ്ത് ഓരോ രീതിയിൽ ജീവിക്കുമ്പോൾ പാപത്തിന്റെ വിയർപ്പ് നമ്മെ നാറ്റിച്ചുകളയുന്നു. നമുക്കൊരു 'കുളി' ഒരു ശുദ്ധീകരണം ആവശ്യമുണ്ട്. അതു തരാൻ ലോകത്തിലെ വെള്ളത്തിനു കഴിയില്ല. അതു തരാൻ അമ്മയ്ക്കുമാ

വില്ല! അതിനാണ് യേശു അപ്പച്ചൻ ഭൂമിയിൽ വന്നത്.

നമ്മൾ യേശു അപ്പച്ചനോട് നമ്മുടെ പാപം ഒക്കെ ഏറ്റുപറയുമ്പോൾ അവിടുന്ന് നമ്മുടെ പാപം ക്ഷമിക്കാനായി കരഞ്ഞ് അപേക്ഷിക്കുമ്പോൾ യേശു അപ്പച്ചൻ നമ്മുടെ ഹൃദയത്തിലേക്കു വരും. യേശു, ക്രൂശിൽ മരിച്ചത് നമുക്കുവേണ്ടിയാണ്. പിന്നെ, യേശു നമ്മുടെ ഹൃദയത്തിൽ വന്ന്, നമ്മുടെ പാപം എല്ലാം, യേശുവിന്റെ രക്തം കൊണ്ട് കഴുകി കളയും. അപ്പോൾ നാം കുളി കഴിഞ്ഞ് പുതിയ ഉടുപ്പ് ഇട്ടതുപോലെ, യേശുവിനെ ധരിക്കുകയാണ്.

പഴയ ഉടുപ്പ് നമ്മൾ എറിഞ്ഞുകളഞ്ഞതുപോലെ സാത്താനെ നമ്മൾ ഊരിക്കളയുകയാണ് ചെയ്യുന്നത്. പിശാചാണ് നമ്മിൽ അഴുക്കു സ്വഭാവമൊക്കെ കൊണ്ടുത്തരുന്നത്. നാം വഴക്കുണ്ടാക്കുന്നതും, നുണ പറയുന്നതും ഒക്കെ ഈ പഴയ മനുഷ്യനെ ധരിച്ചിക്കുന്നതുകൊണ്ടാണ്. അവനെ നാം ഊരി ദൂരെ എറിഞ്ഞുകളയണം. ആ പഴയ ഉടുപ്പ് 'smells bad' ഹൊ, എന്തൊരു നാറ്റം.... എന്നാൽ യേശു തരുന്ന ഉടുപ്പ്.... എത്ര മനോഹരമാണ്. 'smells sweet' എന്തു നല്ല മണം... അതിട്ടാൽ പിന്നെ എല്ലാവർക്കും യേശൂനെ കാണാം. മോളെ, ആരെങ്കിലും കാണുമ്പം 'ഹാ എത്ര സുന്ദരി.... എന്തു നല്ല ഉടുപ്പ്... ഇത് എവിടുന്നാ... എന്നൊക്കെ ചോദിക്കുകയില്ലേ? അതുപോലെ, യേശു അപ്പച്ചനെ നമ്മൾ ധരിച്ചുകഴിയുമ്പം, നമ്മളെ കാണുന്നവർ പറയും ''എന്ത് നല്ല കുഞ്ഞ്, എത്ര നല്ല സ്വഭാവം, എത്ര മധുരമാ അവളുടെ സംസാരം, എത്ര മനോഹരമാ അവളെ കാണാൻ... എന്തു നല്ല മണമാ അവളിൽ....

ഇത്രയും ഞാൻ പറഞ്ഞ് കഴിഞ്ഞപ്പോൾ ശ്രുതി കരയാൻ തുടങ്ങി. ഉറക്കെയുറക്കെ കരഞ്ഞു. അമ്മച്ചി ഓർത്തു, രാത്രിയിൽ ഞാനവളെ തല്ലിയിട്ടുണ്ടാവും എന്ന്. അമ്മച്ചി, ഞങ്ങളുടെ മുറിയിൽ വന്ന് വിവരം തിരക്കിയപ്പോൾ, കരഞ്ഞുകൊണ്ടുതന്നെ അവൾ അമ്മച്ചിയോടു ക്ഷമ ചോദിച്ചു. പിന്നെയും കരഞ്ഞിട്ട് എന്നോടും ക്ഷമ പറഞ്ഞു. ഞാൻ വാക്കുകൾ സാവധാനം പറഞ്ഞുകൊടുത്ത്, അവളെക്കൊണ്ടു പ്രാർത്ഥിപ്പിച്ചു. യേശു അവൾക്ക് തന്റെ സ്വഭാവമാകുന്ന പുതിയ ഉടുപ്പ് കൊടുത്തു. യേശുവിന്റെ ജീവൻ അവളിലേക്ക് ഒഴുകിയെത്തി. ജീവിതത്തിലൊരിക്കലും എന്തെങ്കിലും തെറ്റു ചെയ്തു എന്ന പേരിൽ എനിക്കവളെ അടിക്കേണ്ടി വന്നിട്ടില്ല. ഇന്നവൾ

ബൈബിൾ സെമിനാരി വിദ്യാഭ്യാസത്തിനുശേഷം, കുടുംബമായി ഡെൽഹിയിൽ താമസിക്കുന്നു. നേറ്റീവ് മിഷനറിമാരെ പരിശീലിപ്പി ച്ച് ഗ്രാമ സുവിശേഷീകരണത്തിലേർപ്പെട്ടിരിക്കുന്നു.

ഈ മാനസാന്തരവിവരം എനിക്കെന്റെ ഭർത്താവിനെ വിളിച്ചറി യിക്കണമെന്ന് തോന്നി. അദ്ദേഹം എങ്ങനെ പ്രതികരിക്കും എന്ന ഒരു ജാള്യതയും ഉണ്ടായിരുന്നു. ഞാൻ ഇത്രമാത്രം പറഞ്ഞു 'മോൾ രക്ഷിക്കപ്പെട്ടു', ഉടൻ അദ്ദേഹം സന്തോഷം കൊണ്ട് ആർക്കുകയാ യിരുന്നു. 'പ്രെയിസ് ദ ലോഡ്', താങ്ക്യു ജീസസ്' എത്ര ഗൗരവ മായാണദ്ദേഹം അതിനെ കണ്ടെതന്നോർത്ത് ഞാൻ അതിശയിച്ചു. ഇത്ര കുഞ്ഞ് കുട്ടിയുടെ മാനസാന്തരം കേൾക്കുമ്പോൾ അത് ചിരി ച്ചുതള്ളും എന്ന് ഓർത്ത ഞാനെത്ര വിഡ്ഢി!

എനിക്ക് 18 വയസ്സുള്ളപ്പോൾ മുതൽ ഞാൻ സണ്ടേസ്ക്കൂൾ അദ്ധ്യാപികയായിരുന്നു. 25 വർഷം ഞാൻ പഠിപ്പിച്ചു. ഞാൻ തിര ഞ്ഞെടുക്കുന്ന ക്ലാസ്സുകൾ L.K.G. മുതൽ 2-ാം ക്ലാസ്സ് വരെയുള്ള കുട്ടികളെയായിരുന്നു. ഈ പ്രായത്തിൽ, അവരിലേക്ക് യേശുവിനെ കൊടുത്താൽ, ലോകം അവരിൽ കടക്കാതിരിക്കും. എന്റെ 'ഭാരം' ആയിരുന്നു ഈ കുഞ്ഞുങ്ങൾ. നൂറു കണക്കിനു കുഞ്ഞുങ്ങൾക്ക് യേശുവിനെ കൊടുക്കാൻ അക്കാലങ്ങളിൽ എനിക്കിടയായി.

# 3. മാതൃകയാകേണ്ട അമ്മ

ഒരിക്കൽ, ഒരു സുവിശേഷ പ്രവർത്തനം കഴിഞ്ഞുവന്ന സ്പർജനോട് ഒരാൾ ചോദിച്ചു: ''ഇന്ന് എത്രപേർ, രക്ഷിക്കപ്പെട്ടു?''

സ്പർജൻ മറുപടി പറഞ്ഞു ''ഇന്ന് രണ്ടര പേർ രക്ഷിക്കപ്പെട്ടു''. ചോദ്യകർത്താവ് ''അതെന്താ, രണ്ടു വലിയവരും ഒരു കുഞ്ഞുമാണോ?'' സ്പർജൻ 'അല്ല, രണ്ട് കുഞ്ഞുങ്ങളും ഒരു പുരുഷനും''. പുരുഷന്റെ പകുതി ആയുസ്സ് തീർന്നില്ലേ? അതിനെ അര ആയേ കൂട്ടുന്നുള്ളൂ. കുഞ്ഞുങ്ങളുടെ ജീവിതം, ഒരായുസ്സു മുഴുവൻ യേശുവിനായാണ്. അത് പൂർണ്ണതയുള്ളതാണ്.

ജീവിതം മുഴുവൻ പാപം ചെയ്തു ജീവിച്ചിട്ട്, അര ജീവിതം യേശുവിനായി സമർപ്പിക്കുന്നതിലും ഉത്തമമാണ് കുഞ്ഞായിരിക്കുമ്പോഴേ യേശുവിനായി സമർപ്പിച്ചിട്ട് ജീവിതം മുഴുവൻ അവന്റെ സാക്ഷികളാകുന്നത്.

എന്നാൽ, 'എന്റെ കുഞ്ഞ് രക്ഷിക്കപ്പെട്ടു' എന്നു പറഞ്ഞ്, അതിന്റെ തുടർന്നുള്ള വളർച്ചയിൽ നിന്ന്, ഉത്തരവാദിത്തത്തിൽ നിന്ന് നമുക്ക് മാറിനില്ക്കാനാവില്ല.

''സ്ത്രീ മക്കളെ പ്രസവിച്ച് രക്ഷ പ്രാപിക്കും'' (1 തിമോഥ്യോസ് 2:15). ഇത് ഒരു നിമിഷത്തിൽ നടക്കുന്ന പ്രസവത്തെക്കുറിച്ചല്ല പറയുന്നത്. ഇത് ഒരു 'പ്രോസസ്' ആണ്. തുടർമാനമായ പ്രക്രിയ.

''സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ,'' നമ്മുടെ സന്താനങ്ങളെ ചതിക്കാൻ, അവരെ പാപത്തിൽ വീഴ്ത്താൻ അവൻ ചുറ്റിനടക്കുകയാണ്. അതിലവർ വീണുപോകാതിരിക്കാൻ നമ്മുടെ 'കണ്ണ്' എപ്പോഴും അവരിലുണ്ടായിരിക്കണം. ഒരിക്കൽ അവർ യേശുവിനെ സ്വീകരിച്ചാലും, നിരന്തരം പാപത്തിന്റെയും പ്രലോഭനങ്ങളുടെയും ഒരു ലോകത്തിലാണവർ ജീവിക്കുന്നത്.

നമ്മുടെ വേദഭാഗത്തും, ഹവ്വയുടെ ഉദാഹരണം എടുത്തു പറഞ്ഞതിനുശേഷമാണ് ഈ വാക്യം ഉദ്ധരിക്കുന്നത്. ''ആദാം അല്ല, സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്.'' ''എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവൾ മക്കളെ പ്രസവിച്ചു രക്ഷപ്രാപിക്കും.''

മൂന്നു കാര്യത്തിലാണ് ഒരു അമ്മ മക്കൾക്ക് മാതൃകയാവേണ്ടത്. ഒന്നാമത് വിശ്വാസത്തിൽ മാതൃകയാവണം. തീമഥ്യോസിനെക്കുറിച്ച് പൗലോസ് ഓർക്കുമ്പോൾ ''ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവിസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു. നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു.'' (2 തിമഥ്യോസ് 1:5).

ഒരു ചെറിയ കാലയളവിലേക്കേ, നമുക്ക് വിശ്വാസം പറഞ്ഞു കൊടുക്കാനാവൂ. പിന്നെ നാം വിശ്വാസം പറഞ്ഞല്ല കൊടുക്കേണ്ടത്, പിന്നെയോ, പകർന്നാണ് കൊടുക്കേണ്ടത്. 'എന്താണ് പറയുന്നതും പകരുന്നതും തമ്മിലുള്ള വ്യത്യാസം?'

ഉദാഹരണത്തിനായി നമുക്ക് റബർ പന്തിന്റെ കാര്യം നോക്കാം. ഒരു പന്ത് നാം എത്ര ശക്തിയായി എറിയുന്നോ, അത്ര ശക്തിയായി അത് തിരിച്ചടിക്കും. എന്നാൽ നാം എറിയാതെ, അതിനെ മെല്ലെ താഴെവച്ചാൽ അത് അനങ്ങാതെ താഴെയിരിക്കും.

ഇതുപോലെ, നാം നിരന്തരം മക്കളെ ഉപദേശിച്ചുകൊണ്ടിരുന്നാൽ, നാമവരെ എപ്പോഴും ശകാരിച്ചും വഴക്കുപറഞ്ഞും കൊണ്ടിരുന്നാൽ, നമുക്കവരിൽ നിന്നും 'തിരിച്ചടികൾ' കിട്ടും. എന്നാൽ അതിനുപകരം നാം അവരുടെ മുമ്പിൽ 'വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും മാതൃകയായി ജീവിച്ചുകാണിച്ചാൽ, ശാന്തരായി അവർ നമ്മെ പിൻപറ്റും. ജീവിച്ചുകാണിക്കാതെ (പകരപ്പെടാതെ) പറഞ്ഞുകൊണ്ടിരുന്നാൽ, അവർ നമ്മെ തിരിച്ച്

എറിയും... നല്ല മൂർച്ചയുള്ള വാക്കും പ്രവർത്തിയും ആയിരിക്കും തിരിച്ചടിക്കുന്നത്.

വിശ്വാസം തലമുറകളിലേക്ക് പകരപ്പെടേണ്ടതാണ്. വിശ്വാസം എന്നാൽ, എന്തിനും ഏതിനും യേശുവിൽ മാത്രം ആശ്രയിക്കാൻ പഠിപ്പിക്കുന്നതാണ്. നമ്മുടെ എല്ലാ ഉറപ്പും യേശുവിങ്കൽ നിന്നാണെന്നും യേശുവിനെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല'' എന്നും ഉള്ള സത്യം അവരെ ഓരോ പ്രായത്തിലും മനസ്സിലാക്കിക്കൊടുക്കുകയാണ്.

രണ്ടാമതായി സ്നേഹത്തിൽ നാം മാതൃകയാവണം. അവരെ സ്നേഹത്തിലൂടെയേ നമുക്ക് നേടാനാവൂ. സ്നേഹം പ്രകടമാക്കണം. നമ്മിലുള്ള ദൈവസ്നേഹം അവരിലേക്ക് നിരന്തരം ഒഴുക്കണം. അങ്ങനെയെങ്കിൽ, അവർ മറ്റ് 'സ്നേഹ'ത്തിലേക്ക് വഴുതിപോകയില്ല. ദൈവസ്നേഹംകൊണ്ട് അവരുടെ ഹൃദയം നിറയണം. അപ്പോൾ ഈ ലോകവും, അതിലെ വ്യാജസ്നേഹവും അവരിൽ കയറുകയില്ല. അതിലെല്ലാം ഉപരി നമ്മിൽ നിറഞ്ഞിരിക്കുന്നത് 'ദൈവസ്നേഹം' മാത്രമാണോ എന്ന് നാം നിരന്തരം പരിശോധിക്കണം. നാം ഇന്റർനെറ്റിലും, ഫേസ്ബുക്കിലും, വാട്ട്സ് ആപ്പിലും, ഗെയിമിലും ഒക്കെ ചാഞ്ഞ്, മറ്റ് വേണ്ടാത്ത ഏടാകൂടത്തിലൊക്കെ വശീകരിക്കപ്പെട്ട്, ലോകത്തെ നമ്മിൽ നിറച്ചാൽ, നമ്മുടെ തലമുറയിലേക്ക്, 'ദൈവസ്നേഹം' പകർന്നുകൊടുക്കാൻ നമുക്ക് കഴിയാതെവരും. അന്യ ബന്ധങ്ങൾ, ചാറ്റിംഗ്, ഫോൺ ഇതെല്ലാറ്റിൽനിന്നും ഒഴിഞ്ഞിരിക്കുകയും, നിവൃത്തിയുണ്ടങ്കിൽ ടി.വി. പോലും ഒഴിവാക്കി, ലോകത്തെ, അതിന്റെ പൂർണ്ണയളവിൽ വീടിന്റെ പടിക്കുപുറത്തു നിർത്തി ഒരു ആത്മീയാന്തരീക്ഷം കുടുംബത്തിലുണ്ടാക്കാൻ ശ്രമിക്കണം.

'വിശുദ്ധി' ആണ് ഒരു സ്ത്രീയുടെ ഏറ്റം വലിയ ആഭരണം. വിശുദ്ധിയുടെ 'അഴക്' ഒന്നു വേറെതന്നെയാണ്. ഒരു സ്ത്രീയുടെ വ്യക്തിത്വം അളക്കുന്നത്, അവൾ എത്ര പവിത്രയാണെന്നതിന്റെ അളവുകോലിലാണ്. സ്ത്രീയുടെ സൗന്ദര്യം പുറമെയുള്ള അലങ്കാരങ്ങളല്ല, ''നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും (ആഫ്രിക്കൻ രാജ്യങ്ങളിൽ അവർക്ക് തലമുടി ഇല്ലല്ലോ, അതുകൊണ്ടവർ വെപ്പുമുടി വാങ്ങിവയ്ക്കുകയും അത് മുത്തുകൾകൊണ്ട് പിന്നി

അലങ്കരിക്കുകയും ചെയ്യും. നമ്മൾ സൗകര്യത്തിനായി പിന്നിയിടുന്നതിനെക്കുറിച്ചല്ല പൗലോസ് പറയുന്നത്). പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും, ഇങ്ങനെ പുറമെയുള്ളതല്ല, സൗമ്യതയും, സാവധാനവും ഉള്ള മനസ്സ്, എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. ഇതു ദൈവസന്നിധിയിൽ വിലയേറിയതല്ലോ. ഇങ്ങനെയല്ലോ, പണ്ടു ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത്.'' (1 പത്രോസ് 3:3–5).

'ഭർത്താവിന് കീഴടങ്ങി'യിരിക്കുന്നതും വിശുദ്ധിയുടെ കാര്യം സൂചിപ്പിച്ചുകൊണ്ടാണ് പത്രോസ് പറയുന്നത്. കീഴടങ്ങൽ ആണ് ഒരു ഭാര്യയുടെ ഏറ്റം പ്രധാന ശിക്ഷണം. കീഴടങ്ങാൻ മനസ്സില്ലാത്ത സ്ത്രീകൾ വിവാഹജീവിതത്തിൽ പ്രവേശിക്കാതിരിക്കുന്നതാണ് ഏറ്റം ഉത്തമം. പുരുഷൻ സ്ത്രീയിൽ നിന്ന് ഏറ്റവും പ്രതീക്ഷിക്കുന്നത് കീഴ്പ്പെടുന്ന മനോഭാവം ആണ്. ഒരു പുരുഷനും അവന്റെ തലയിൽ കയറി നിരങ്ങുന്ന പെണ്ണിനെ ഇഷ്ടപ്പെടില്ല. പെണ്ണ് ഭരിക്കുന്ന കുടുംബം നരകമാണ്. പെണ്ണിന്റെ അഭിപ്രായത്തിൽ മാത്രം കാര്യങ്ങൾ നീങ്ങിയാൽ 'പെൺവഴി പെരുവഴി'യാകും. പുരുഷനാണ് കുടുംബത്തിന്റെ തല. പ്രത്യേകിച്ച് ഭാര്യയുടെ തല ഭർത്താവ്. ആജ്ഞകളും ഉപദേശവും തലയിൽ നിന്നാണ്. തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഒക്കെ ഉറവ. ശരീരം അത് അനുസരിക്കുക മാത്രമേ വേണ്ടൂ. തലയുടെ ഹിതമനുസരിച്ച്, ശരീരം പ്രതികരിച്ചാൽ അവരുടെ ജീവിതം ശ്രുതിമധുരമാകും. ആ വീട്ടിലെ കുഞ്ഞുങ്ങൾ ഈ 'വിശുദ്ധി' കണ്ടു വളരും. അവരും അവരുടെ അമ്മയുടെ കീഴ്പ്പെടൽ കണ്ട് മനസ്സിലാക്കും. അന്യ കുടുംബങ്ങളിലേക്ക് ചെന്നാലും അവർ, അവിടെ കീഴ്പ്പെട്ടിരിക്കും. ഒരു പെൺകുട്ടിയുടെ സ്വഭാവം അറിയണമെങ്കിൽ അവളുടെ അമ്മയുടെ സ്വഭാവം അറിഞ്ഞാൽ മതി... (യഥാമാതാ തഥാ പുത്രി).

വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും നമുക്ക് നമ്മുടെ തലമുറയ്ക്ക് മാതൃകയാവാം. അങ്ങനെ അവർ നമ്മിലൂടെ രക്ഷപ്പെടട്ടെ! രക്ഷിക്കപ്പെടട്ടെ!

# 4. വിദ്യാഭ്യാസവും പരിശീലനവും

'എഡ്യൂക്കേഷൻ' എന്ന പദം 'എഡ്യുകെയർ' എന്ന ലാറ്റിൻ പദത്തിൽനിന്നാണ് ഉണ്ടായത്. 'പുറത്തേക്കു കൊണ്ടുവരിക' എന്നാണിതിനർത്ഥം. ഒരുവന്റെ ഉള്ളിലുള്ള നന്മ, വെളിച്ചം, കഴിവ് ഒക്കെ പുറത്തുകൊണ്ടുവരേണ്ടതിനാണ് വിദ്യാഭ്യാസം.

എന്നാൽ വിദ്യാഭ്യാസമേഖലയെ ഭരിക്കുന്നത് ഇന്ന് മറ്റെന്തൊക്കെയോ ആണ്. മത്സരത്തിൽ അധിഷ്ഠിതമാണ് ഇന്ന് വിദ്യാഭ്യാസം. പവിത്രമായ മൂല്യങ്ങൾ കാണാതായി! ദൈനംദിന ജീവിതവുമായി ബന്ധമില്ലാത്ത വിഷയങ്ങൾ! 'അപരിചിത' ഭാഷയിൽ പഠിക്കാൻ വിധിക്കപ്പെട്ട കുരുന്നുകൾ! അതവരുടെ അഭിരുചിക്കനുസൃതമോ എന്ന് ആരു ചിന്തിക്കാൻ? തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്ന കാലം. എന്തൊക്കെയോ മനഃപാഠമാക്കിയത് പരീക്ഷ പേപ്പറിലേക്ക് എഴുതുകയും അതിന് വില കല്പിച്ച് 'മിടുക്കനും' 'മിടുക്കി'യും ആക്കുക! ഇവിടെയാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി.

എന്താണ് പരമമായ മൂല്യം? ''സ്നേഹിക്കുക; മനുഷ്യനെ സ്നേഹിക്കുക; ചുറ്റുവട്ടത്തെ സ്നേഹിക്കുക; ജീവിതത്തെ താങ്ങിനിർത്തുന്നത് സ്നേഹമാണല്ലോ. അന്യന്റെ ദുഃഖങ്ങളിൽ ദുഃഖിക്കാനും അവന്റെ ആനന്ദത്തിൽ ആഹ്ലാദിക്കാനും, അന്യരിലേക്ക് കരുണയുടെ കരങ്ങൾ നീട്ടാനും പ്രചോദനമാകുന്നത് നമ്മിലുയരുന്ന

സ്നേഹമാണ്. പുസ്തകത്താളുകളിൽ സ്നേഹം കുറിച്ചുവച്ചിട്ടുണ്ടോ? ഒരിക്കലുമില്ല. എങ്കിൽ, അവരുടെ നാവിൽ ആദ്യം എഴുതേണ്ടത് സ്നേഹത്തിന്റെ അക്ഷരമാലയാണ്.''

എന്റെ വിദ്യാഭ്യാസം കോട്ടയം ബേക്കർ മെമ്മോറിയൽ സ്കൂളിലായിരുന്നു. വിദേശികളായ, ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്) മിഷനറിമാരാൽ സ്ഥാപിതമായതാണത്. ഇന്നും അഭിമാനമായ സ്ഥാപനം. പ്രേഷിത പ്രവർത്തനത്തിനായി അവർ ഇന്ത്യയിലെത്തിയപ്പോൾ, നമ്മുടെ കൊച്ചുകേരളത്തിലെ മീനച്ചൽ താലൂക്ക് തിരഞ്ഞെടുത്തത് എനിക്ക് പിന്നീട് ഉപകാരമായി. സ്കൂളിന്റെ തുടർച്ചയെന്നോണം സി.എം.എസ് കോളജ് സ്ഥാപിതമായി. അവിടെയായിരുന്നു എന്റെ തുടർ പഠനം.

വിദേശികൾക്ക് വേണമെങ്കിൽ അവരുടെ ഭാഷയായ ഇംഗ്ലീഷിൽ, ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കാമായിരുന്നു. പക്ഷേ അവർ വിശ്വസിച്ചത് ഏതു കുട്ടിയും അവന്റെ മാതൃഭാഷയിൽ, 4-ാം ക്ലാസ്സ് വരെയെങ്കിലും, എഴുത്തും വായനയും നിർബന്ധമായും പഠിക്കണം എന്നാണ്. വിദേശഭാഷ അഞ്ചാം ക്ലാസ്സു മുതൽ തുടങ്ങാം. അടിസ്ഥാനം ചിട്ടപ്പെടുത്തേത് മാതൃഭാഷയിൽ ആയിരിക്കണം എന്ന നിർബന്ധം അവർക്കുണ്ടായിരുന്നതിനാൽ, 4-ാം ക്ലാസ്സ് വരെ അവിടെ ഇംഗ്ലീഷ് മീഡിയം ഇല്ലായിരുന്നു. ദൈവവചന പഠനത്തിനും, പ്രഘോഷണത്തിനും ധ്യാനത്തിനും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രാധാന്യം കൊടുത്തത് മൂല്യാധിഷ്ഠിത ജീവിതത്തിനായിരുന്നു. നൂറുകണക്കിന് ഗാനങ്ങളടങ്ങുന്ന പാട്ടുപുസ്തകം നിർബന്ധമായും ക്ലാസ്സിൽ കൊണ്ടുവരണമായിരുന്നു. അതിലെ പാട്ടുകൾ പാടി, ബൈബിൾ വായിച്ച് ധ്യാനിച്ച്, ദൈവവചന കേൾവിയും കഴിഞ്ഞ്, പ്രാർത്ഥിച്ച് ക്ലാസ്സുകളിലേക്കു പോകുമ്പോൾ, യേശു നമ്മിൽ നിറയുന്ന അനുഭവമായിരുന്നു.

യേശു എന്ന ഗുരുവിനെ നമുക്കൊരു നിമിഷം ശ്രദ്ധിക്കാം. സ്നാപക യോഹന്നാൻ യേശു എന്ന ഗുരുവിനെ പരിചയപ്പെടുത്തുന്നത് ''ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' എന്നാണ്. ശിഷ്യർ യേശുവിന്റെ പിന്നാലെ കൂടി. ''നിങ്ങൾ എന്ത് അന്വേഷിക്കുന്നു?'' ഗുരുവിന്റെ ചോദ്യം. അവർ വിനയപൂർവ്വം ചോദിച്ചു, ''അങ്ങ് എവിടെ പാർക്കുന്നു?'' യേശുവിന്റെ

മറുപടി ''വന്നു കാണുവിൻ''. പിന്നെ അവർ അവന്റെ കൂടെ സമയം ചിലവഴിച്ചു. പിന്നീടവർ പറയുന്നു ''ഞങ്ങൾ മശിഹയെ, ക്രിസ്തുവിനെ കണ്ടെത്തി.'' ഒരു രാത്രി! അല്ലെങ്കിൽ ഒരു ദിവസം!! യേശുവിനോടൊപ്പമുള്ള ഒരു സഹവാസം, അവരുടെ ജീവിതം മാറ്റിമറിച്ചു. ഒരു യഥാർത്ഥ ഗുരുവിന്റെ ചിത്രമാണ് നാമിവിടെ ദർശിക്കുന്നത്.

'ഗുരുകുല വിദ്യാഭ്യാസം' ഇന്ന് പാടേ അപ്രത്യക്ഷമായി. ഗുരുവിനൊപ്പം ശിഷ്യൻ പാർക്കുക; ഗുരുവിന്റെ വാക്ക് അനുസരിക്കുക, ഗുരുവിന്റെ ജീവിതം അനുകരിക്കുക, ഗുരുവിന്റെ സ്വാധീനം, ശിഷ്യന്റെ ജീവിതത്തിൽ രൂപാന്തരം വരുത്തുക... ഒരിക്കൽ ഈ ശിഷ്യൻ ഗുരുവിനെപ്പോലെ ആയിത്തീരും. യഥാർത്ഥത്തിൽ 'വിദ്യാഭ്യാസം' കൊണ്ടും ഇതു തന്നെയാണ് ഉദ്ദേശിക്കുന്നത്.

എന്നാൽ ഇന്ന് ഈ രീതി പ്രായോഗികമല്ല.... കാലങ്ങൾ മാറി മറിയുകയാണ്. ജോലിക്ക് പോകുന്ന മാതാപിതാക്കളും, മക്കളെ ആയമാരുടെ അടുത്തോ ഡേ കെയറിലോ ആക്കുകയും ആണ് ഇന്നു നാം ചെയ്യുക. എപ്പോഴും തിരക്കോടു തിരക്ക്. എല്ലാ തിരക്കും ഒഴിഞ്ഞാലും മക്കളെ ശ്രദ്ധിക്കാനോ, അവരോടൊത്തു സമയം ചിലവഴിക്കാനോ നമുക്ക് നേരമില്ല. സ്കൂളിൽ നിന്നും തിരികെ വരുന്ന കുഞ്ഞിന് നിങ്ങളോട് ഒത്തിരി കാര്യം പറയാനുണ്ട്. അവരുടെ കൊഞ്ചലും വർത്തമാനവും പരാതിയും ഒന്നും കേൾക്കാൻ മാതാപിതാക്കൾ താല്പര്യം കാണിക്കുന്നില്ല. 'സംസാരം' നന്നേ കുറയുന്നത് ഈ കാലഘട്ടത്തിന്റെ ഒരു 'ശാപം' ആയി മാറി. കുഞ്ഞുങ്ങളെ കേൾക്കാൻ നേരമില്ലാത്തതുകൊണ്ട് കളിപ്പാട്ടം ആണവരുടെ കൂട്ടുകാർ. പിന്നെ 'ടെക്നോളജി വളർന്നതു'കൊണ്ട് വീഡിയോ ഗെയിമും സ്മാർട്ട്ഫോണും, ഐപാഡും ഒക്കെ കുഞ്ഞുങ്ങൾക്ക് വാങ്ങിക്കൊടുത്ത് 'ശല്യം' ഒഴിവാക്കാനാണ് മാതാപിതാക്കൾ ശ്രമിക്കുന്നത്.

എന്റെ സുഹൃത്ത് ഡോ. ഗീത എന്നോടു പറഞ്ഞു, ''കോടികൾ, ലക്ഷങ്ങൾ ഒക്കെ വേണമെങ്കിൽ നമുക്ക് സമ്പാദിക്കാം. പക്ഷേ അവസാനം പണം മാത്രമാവും നമ്മുടെ കയ്യിൽ അവശേഷിക്കുന്നത്. നമ്മുടെ മക്കൾ നമ്മോടൊപ്പം കാണണമെന്നില്ല. അതുകൊണ്ട് കുഞ്ഞുങ്ങൾ ഉണ്ടായപ്പോഴെ ഞങ്ങൾ കൂട്ടായി ഒരു തീരുമാനം എടുത്തു... ഹോസ്പിറ്റൽ മാനേജ്മെന്റ് എത്ര ലക്ഷം തന്ന് പ്രലോ

ഭിപ്പിച്ചാലും, ഉച്ചവരെ മാത്രം ജോലി ചെയ്യും. ഉച്ചകഴിഞ്ഞ് കുട്ടികൾ സ്കൂളിൽ നിന്ന് വന്നു കഴിഞ്ഞാൽ, അവരോടൊപ്പം ആണ് ബാക്കി സമയം.

കരയുന്ന കുഞ്ഞിനെ ആശ്വസിപ്പിച്ച്, ലാളിക്കാൻ നാമടുത്തുണ്ടായിരുന്നെങ്കിൽ, ഒരുപക്ഷേ ഇന്നവനെ/അവളെ ഓർത്ത് നാമിത്ര വിലപിക്കേണ്ടിവരികയില്ലായിരുന്നു.

തീരെ ചെറിയ പ്രായത്തിൽ, അതായത് രണ്ടും മൂന്നും വയസ്സു പ്രായത്തിൽ സ്മാർട്ട്ഫോണും ടാബും ഉപയോഗിക്കാനവർ പഠിക്കുന്നു. അവർക്ക് അതിലാണ് ക്രേസ്. മുറ്റത്തും തൊടിയിലും ഓടിക്കളിക്കാൻ അവർക്കറിയില്ലല്ലോ. മുറിക്കു പുറത്ത് ഇന്നും കുഞ്ഞുങ്ങൾക്ക് ജീവിതമില്ലാതായിരിക്കുന്നു!

ഞങ്ങളുടെ സഹോദരന്റെ കൊച്ചുമോനെ (ആദം) എനിക്കൊത്തിരി ഇഷ്ടമാണ്. സിംഗപ്പൂരിലാണവർ. അവധിക്കെത്തിയപ്പോൾ ഞാനവനെ ലാളിച്ചോമനിച്ചു. അവരുടെ അവധി കഴിഞ്ഞ് സിംഗപ്പൂരിലേക്ക് മടങ്ങുമ്പോൾ ഞാൻ കരഞ്ഞ് ആദത്തിന് ഉമ്മകൊടുത്തു. ഞാൻ പറഞ്ഞു 'ഇനി ആദിക്കുട്ടനെ ഞാനെപ്പഴാ കാണുന്നത്?' ഉടൻ വന്നു മറുപടി: ജസ്സി അമ്മച്ചി കരയണ്ട - സ്കേപ്പില് (Skype) വന്നാൽ പോരെ.... നമുക്ക് ചാറ്റ് ചെയ്യാമല്ലോ.'' അവന് അന്ന് പ്രായം മൂന്ന് വയസ്സ്!

മറ്റൊരിക്കൽ വീട്ടിലേക്ക് ഒരു ഫോൺകോൾ. ''നിങ്ങൾ മെത്ത ഓർഡർ ചെയ്തത് കൺഫേം ചെയ്യാൻ വിളിക്കുകയാ.'' .....ഞങ്ങൾ ഞെട്ടി. മെത്തയോ? അപ്പഴാണ് കള്ളനെ പിടികിട്ടിയത്. ഈ മൂന്നു വയസ്സുകാരന്റെ പണിയായിരുന്നു അതെന്ന്! നെറ്റിൽ ഒരു കൊമേഴ്സ്യൽ സൈറ്റിൽ 'നെക്സ്റ്റ്' അടിച്ചു അവൻ കയറിപ്പോയി മെത്ത ഓർഡർ ചെയ്തുകളഞ്ഞു. ഇതാണ് ഇന്നത്തെ ലോകം!

ഒരു മുസ്ലീം പുരോഹിതന്റെ വീഡിയോ ഞാൻ കണ്ടു. അവർ കുടുംബത്തെക്കുറിച്ച് എത്ര കൃത്യമായാണ് സമൂഹത്തെ പഠിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ചില വരികൾ ''വീട് നാല് ഭിത്തി മാത്രമാണ്. പക്ഷേ കുടുംബം നാല് വ്യക്തികളാണ്. 9 മണിക്കുശേഷം എല്ലാ കുടുംബങ്ങളിലും ഫോൺ സ്വിച്ച് ഓഫ് ചെയ്യണം. വൈഫൈ ആണിന്നത്തെ ശാപം. അത് ഓഫാക്കണം. ടി.വി. ഓഫ് ചെയ്യണം. എല്ലാ ഇന്റർനെറ്റ് സാധ്യതകളും കമ്പ്യൂട്ടറും ഓഫ് ചെയ്യണം. എല്ലാ

വരും അന്നത്തെ കാര്യങ്ങൾ പങ്കുവച്ച് സംസാരിക്കണം. കുടുംബ ത്തിൽ ഊഷ്മളത നിലനിർത്തണം. കുഞ്ഞുങ്ങളെ മടിയിലിരുത്തി കളിപ്പിക്കുകയും ലാളിക്കുകയും ഉമ്മവയ്ക്കുകയും ചെയ്യണം. അവരുടെ അസാന്നിധ്യത്തിൽ അവരെ കാണാഞ്ഞപ്പോഴുണ്ടായ പ്രയാസം അവരോടു തുറന്നു പറയണം (I love you and I miss you) ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം! എത്ര ശരി!

സ്കൂളിൽ പോയിവരുന്ന കുഞ്ഞുങ്ങൾക്കു മാത്രമല്ല, ഭാര്യാ ഭർത്താക്കന്മാർ തമ്മിലും ഈ സ്നേഹം പങ്കുവയ്ക്കണം. അന്യോന്യം സംസാരിക്കണം. വീട്ടിലെ പ്രായമുള്ള മാതാപിതാ ക്കളോടും സംസാരിക്കണം. കമ്പ്യൂട്ടറും ഫോണും മനുഷ്യന്റെ സമയത്തെ മാത്രമല്ല, സംസാരത്തെയും, വിഴുങ്ങിക്കളഞ്ഞു. അതു കൊണ്ട് 'സംസാരം' എന്ന ദൈവം തന്ന വരദാനം നഷ്ടപ്പെട്ടു. കുടുംബപ്രാർത്ഥന പോലും മുടങ്ങിപോയിരിക്കുന്നു. കുടുംബം എന്നാൽ കൂടുമ്പോൾ ഇമ്പം എന്നു പറയാറുണ്ട്, കൂടുമ്പോൾ ഇമ്പ ത്തോടൊപ്പം പ്രാർത്ഥനയും ഉണ്ടാകണം.

ഒരിക്കൽ പവ്വർവിഷൻ ടെലിവിഷനിൽ നിന്നും ഞങ്ങളുടെ കു ടുംബത്തെ മൊത്തത്തിൽ ഇന്റർവ്യൂ ചെയ്യാനെത്തി. 'കുടുംബഗീതം' എന്ന പരിപാടി ആയിരുന്നു അത്. അന്ന് മക്കൾക്ക് 17, 12, 10 വയസ്സാ യിരുന്നു. ''ഭാവിയിൽ നിങ്ങൾക്ക് ആരാകണം' എന്ന ചോദ്യത്തിന് അവർക്കെല്ലാം 'കർത്താവിന്റെ വേല ചെയ്യണം' എന്ന ആഗ്രഹമാ ണ് പറഞ്ഞത്. ലോകത്തിൽ ചെയ്യാൻ പറ്റുന്ന ഏറ്റം നല്ല ജോലി അതാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. കുടുംബപ്രാർത്ഥന എങ്ങ നെയാണെന്ന അവരുടെ ചോദ്യത്തിന് ഞങ്ങൾ മറുപടി പറഞ്ഞി ല്ല. പകരം നമുക്കത് ഇന്ന് ഒന്നിച്ചാക്കാം എന്നു പറഞ്ഞ് ഞങ്ങൾ സ്ഥിരം ചെയ്യുന്ന കുടുംബപ്രാർത്ഥന നടത്തി. ദൈവവചന ധ്യാന വും പ്രാർത്ഥനയും! ദൈവവചനം വായിച്ചിട്ട്, ഓരോ ദിവസം ഓരോ രുത്തർ അവർക്ക് ദൈവം നല്കിയ ആലോചനയോ, വെളിപ്പാടോ പങ്കുവെച്ചിട്ട് പ്രാർത്ഥിക്കും. ഈ കുടുംബപ്രാർത്ഥനയായിരുന്നു ഞങ്ങളുടെ ആത്മീയവളർച്ചയുടെയും കുടുംബത്തിന്റെ കെട്ടുറപ്പി ന്റെയും അടിസ്ഥാന ഘടകം. പലപ്പോഴും കുഞ്ഞുങ്ങളിലൂടെ ലഭിച്ച 'ചിന്തകൾ' ഞങ്ങളുടെ കണ്ണു തുറപ്പിച്ചിട്ടുണ്ട് എന്നത് ഒരു തുറന്ന സത്യമാണ്. അവർ പലപ്പോഴും ഞങ്ങളെ 'കറക്ട്' ചെയ്തിട്ടുണ്ട്.

അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. ‘അപ്പ, അത് ശരിയായില്ല; അമ്മ, അതു പറയണ്ടായിരുന്നു....’ ഇത്യാദികാര്യങ്ങൾ പറയുമ്പോൾ കേൾക്കാനും അനുസരിക്കാനും കീഴ്പ്പെടാനും ഞങ്ങൾ തയ്യാറായി രുന്നു.

# 5. ഭവനത്തിൽ സമ്മർദ്ദം ഇല്ലാതാക്കുക

**അ**തിഥിസല്ക്കാരം അന്യം നിന്നുപോയപോലൊരു കാലത്താണ് നാം ജീവിക്കുന്നത്. ജോലിക്കുപോകുന്ന ഭാര്യാഭർത്താക്കന്മാരെ രണ്ടു കാര്യമാണ് പ്രധാനമായി ഭരിക്കുന്നത് – ഒന്ന്, എങ്ങനെയും പണം സമ്പാദിക്കണം. രാത്രി പകലാക്കിയും അവരതിനായി നെട്ടോട്ടമാണ്. രണ്ട് – അതിഥികളെ സൽക്കരിക്കാൻ മനസ്സുണ്ടെങ്കിലും അവർ പകലന്തിയോളം പണികഴിഞ്ഞ് ക്ഷീണിതരുമാകും. പിന്നെ വീട്ടിലെ 'പെൻഡിങ്ങ് പണി' തീർത്ത് കഴിയുമ്പോഴേക്കും എങ്ങനെയും ഒന്നു വിശ്രമിച്ചാൽ മതിയെന്നാവും ചിന്ത. ഇത്ര തിരക്കിട്ട ജീവിതത്തിൽ, നിവൃത്തിയുണ്ടെങ്കിൽ അതിഥികളെ ഒഴിവാക്കാനാവും ഇവർ ശ്രമിക്കുന്നത്.

എന്നാൽ 'അതിഥിസൽക്കാരം ആചരിക്ക' എന്നത് ഒരു ദൈവിക കല്പനയാണ്. നമ്മുടെ വീട്ടിലുണ്ടാക്കുന്ന നല്ല ആഹാരവും നല്ല ഭാഗങ്ങളും അതിഥികൾക്കായി മാറ്റിവയ്ക്കണം. കുഞ്ഞുങ്ങൾ അതു കണ്ട് വളരും. അവരതു കണ്ടു പഠിക്കുകയും മറ്റുള്ളവരെ സ്നേഹത്തോടും ബഹുമാനത്തോടും കരുതുവാൻ അവർക്കിത് പ്രേരണയാവുകയും ചെയ്യും.

നമ്മുടെ വീടുകൾ സ്വർഗ്ഗത്തിന്റെ ഒരു പതിപ്പായിരിക്കണം. അങ്ങനെയെങ്കിൽ നമ്മുടെ വീട്ടിൽ വരുന്നവർക്ക് ആ ഊഷ്മളത അനുഭവമാകും. വഴിപോക്കർക്ക് പോലും 'ഇവിടെ ഭക്ഷണവും വിശ്രമവും' എന്നെഴുതി വച്ച മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഒക്കെ കാലം എത്ര ദൈവികമായിരുന്നു. വഴിപോക്കർക്ക് കൊടുക്കാനായില്ലെങ്കിലും വീട്ടിൽ വന്നുകയറുന്നവർക്കെങ്കിലും ഒരു ഗ്ലാസ് പാനീയം കുടിക്കാൻ കൊടുക്കാൻ നാം സന്നദ്ധരായിരിക്കണം.

ഏറ്റം ചെറിയ പ്രായത്തിലെ, കുഞ്ഞുങ്ങളെ ചെറിയ ചെറിയ ജോലി ചെയ്തു പഠിപ്പിക്കണം. പ്രായത്തിനൊത്ത് അവർക്ക് നാം ജോലി വീതിച്ചുകൊടുക്കണം. അവരുടെ ചെറിയ വസ്ത്രങ്ങൾ അവരെക്കൊണ്ടുതന്നെ നനച്ചിടാൻ പഠിപ്പിക്കണം. ഇളയ കുഞ്ഞുങ്ങളെ ഉത്തരവാദിത്തത്തോടെ നോക്കാൻ അവർ കുഞ്ഞുപ്രായത്തിലേ ശീലിക്കണം.

ദൈവം കൊടുക്കുന്ന കഴിവും ബുദ്ധിയും ഏറ്റവും 'പെർഫക്ട്' ആയിത്തന്നെ ഉപയോഗിക്കട്ടെ. മാതാപിതാക്കൾക്കുവേണ്ടിയോ, അദ്ധ്യാപകർക്കുവേണ്ടിയോ അല്ല, അവർ പഠിക്കേണ്ടത്. പ്രത്യുത ദൈവത്തിനുവേണ്ടിയാവണം. 'തിന്നാലും കുടിച്ചാലും എന്തുചെയ്താലും ദൈവം മഹിമപ്പെടണം'. അപ്പോൾ പഠിച്ചാലും ദൈവം മഹിമപ്പെടണം. ദൈവത്തിനായി നാം എന്തുചെയ്താലും അത് സമർപ്പണത്തോടെ (Devoted) ആയിരിക്കണം. ഇങ്ങനെ അവരെ പറഞ്ഞു നാം മനസ്സിലാക്കണം. അപ്പോൾ അവർ നന്നായി പഠിക്കും. ഒരു ഉത്സാഹം അവരിലുണ്ടാകും; സമർപ്പണവും സ്നേഹവും അതിലുണ്ടാകും. നാം അവരുടെ പുറകെ നടന്ന് സദാസമയവും 'പഠിയടാ, പഠിയടാ' എന്നു പറഞ്ഞ് ബഹളം വയ്ക്കേണ്ട ആവശ്യമില്ല. പഠിക്കാനായി നാം അവരെ ഒരിക്കലും തല്ലരുത്. അതവരിൽ കൂടുതൽ സമ്മർദ്ദവും ഭയവും ഉണ്ടാക്കും. 'മക്കളെ കോപിപ്പിക്കരുത്. പ്രകോപനം അവരിൽ ഉണ്ടാക്കുകയും അരുത് (എഫേസ്യർ 6:4). എന്നാൽ ബാലശിക്ഷയും പഥ്യോപദേശവും കൊടുത്ത് അവരെ പോറ്റിവളർത്തണം. പഠനകാര്യത്തിൽ നാമവർക്ക് ഒരു 'ടെൻഷനും' ഉണ്ടാക്കിക്കൊടുക്കരുത്.

'പഠിച്ചതു മതി. നീ ഇനി പോയി കിടന്നുറങ്ങ്' എന്നൊന്നു പറഞ്ഞുനോക്കിക്കേ: അവർ ഒത്തിരി 'റിലാക്സ്ഡ്' ആകും. അവർ

സ്വസ്ഥമായി ഉറങ്ങും. അവരുടെ തലച്ചോറ് പ്രവർത്തനക്ഷമമാകും. പഠിച്ചതൊക്കെ ഓർക്കാൻ ഇതു കാരണമാകും.

ഭവനത്തിൽ സമ്മർദ്ദം ഇല്ലാതെവേണം കുട്ടികൾ വളരാൻ. മാതാപിതാക്കളുടെ സമയോചിതമായ ഇടപെടലുകൾ അവരിൽ വലിയ ചലനങ്ങളുണ്ടാക്കും. ഒരു പെൺകുട്ടിയുടെ കഥയിലൂടെ ഇത് വിശദമാക്കാം.

അവൾക്ക് പ്രതീക്ഷിച്ച മാർക്ക് കിട്ടിയില്ല. ജീവിതത്തിലെ ചില നിർണ്ണായക തീരുമാനമെടുക്കേണ്ട ഒരു പരീക്ഷയായിരുന്നത്. പെൺകുട്ടി ആത്മഹത്യയ്ക്ക് ഒരുങ്ങി. ഞാനധികം വിശദീകരിക്കുന്നില്ല... അവൾ മരണത്തിൽനിന്നും രക്ഷപ്പെട്ടു. ഏക മകളായിരുന്നു. വീട്ടിലെ സമ്മർദ്ദം ഒന്നു മാത്രമായിരുന്നു അതിന്റെ പിന്നിലെ കാരണം.

ഞാനവളുടെ അമ്മയോട് ഇതിനു ശേഷം ചോദിച്ചു: ‘‘നമ്മളൊക്കെ ജനിച്ചുവീണപ്പോൾ മുതൽ ഒന്നാം റാങ്കുമായാണോ, ഇവിടം വരെ എത്തിയത്? നമ്മളൊക്കെ വെറും ‘‘ആവറേജ്’’ അല്ലേ? നമ്മുടെ ബുദ്ധിയെ നമ്മുടെ മക്കൾക്കും കിട്ടുകയുള്ളു. അതിൽ കൂടുതൽ നാം അവരിൽ നിന്നും പ്രതീക്ഷിക്കരുത്. നാമാരും IAS ഒന്നുമല്ലല്ലോ.

കുഞ്ഞുങ്ങൾ സ്വാതന്ത്ര്യവും സന്തോഷവും അറിഞ്ഞ് വളരട്ടെ. മുറ്റത്തും പറമ്പിലും ഓടിക്കളിക്കട്ടെ. അയൽക്കാരുടെ വീടുകളിൽ പോകട്ടെ. അവരുമായി സൗഹൃദത്തിലേർപ്പെടട്ടെ. സാമൂഹിക ജീവികളായി വളരട്ടെ. കൂട്ടിലിട്ട കിളിയെപ്പോലെ വളർത്താതിരിക്കൂ. കൂട്ടുകാരും സഹോദരങ്ങളുമായി ഇണങ്ങിയും പിണങ്ങിയും, കൊണ്ടും കൊടുത്തും, കളിച്ചും ചിരിച്ചും കരഞ്ഞും വളരട്ടെ. അവർ സമൂഹത്തിന്റെ സ്വത്താണ്. അതിലുപരി അവർ ദൈവത്തിന്റെ സ്വത്തും നിക്ഷേപവുമാണ്. നാമത് സ്വകാര്യ സ്വത്തും സ്വകാര്യ സമ്പത്തും ആക്കിവയ്ക്കാതെ, ദൈവത്തിന് കൈകാര്യം ചെയ്യാനായി വിട്ടുകൊടുക്കുക.

# 6. ചെറുപ്പത്തിലേ ശീലമാക്കേണ്ട ചില ശീലങ്ങൾ

**പ**ലപ്പോഴും നമ്മുടെ വീട്ടിൽ യഹോവയല്ലാതെ മറ്റു പല ദൈവങ്ങളുമുണ്ടെന്നുള്ളതാണ് സത്യം. പണം, പദവി, വിദ്യാഭ്യാസം, മക്കൾ.... ഓരോരുത്തരും ആരെ കൂടുതൽ സ്നേഹിക്കുന്നോ, എന്തിനെ കൂടുതൽ ഇഷ്ടപ്പെടുന്നോ, അതാണ് അവരുടെ ദൈവം. 'പോയി പഠിയടാ...' എന്ന ശാസന എപ്പോഴും മുഴങ്ങി കേൾക്കുന്ന വീട്ടിലെ ദൈവം 'പഠനം' തന്നെയാണ്. ഏതു സമയവും പണത്തിന്റെ കാര്യമാണ് നാം സംസാരിക്കുന്നതെങ്കിൽ പണം നമ്മുടെ ദൈവമാണ്. ജോലിയെപ്പറ്റിയോ ബിസിനസ്സിനെപ്പറ്റിയോ ആണ് നമ്മുടെ പുകഴ്ചയെങ്കിൽ അതാണു ദൈവം. മക്കളുടെ ഉന്നമനത്തെക്കുറിച്ചാണ് എപ്പോഴും പറയുന്നതെങ്കിൽ അവരാണു ദൈവം. അവർ നമ്മുടെ വിഗ്രഹമാണ്. എപ്പോഴും കമ്പ്യൂട്ടറും മൊബൈൽ ഫോണും കൊണ്ടാണ് ഇരിപ്പെങ്കിൽ അതാണു നമ്മുടെ ദൈവം.

വാക്യങ്ങൾ മനപാഠമാക്കാൻ നാം മക്കളെ പ്രോത്സാഹിപ്പിക്കണം. എപ്പോഴും നമ്മുടെ സംസാരം ആത്മീക വർദ്ധന വരുത്തുന്നതായിരിക്കണം. 'പൊട്ടച്ചൊല്ല്' കളിവാക്ക് ചേർച്ചയില്ലാത്തതൊന്നും'' നമ്മിൽനിന്ന് പുറപ്പെടരുത്. എന്നോർത്ത് 'കുത്തിവീർത്തിരിക്കണം'

എന്നല്ല, മറ്റുള്ളവരെ മുറിപ്പെടുത്തുന്ന, അവരുടെ വ്യക്തിത്വത്തെ വേദനിപ്പിക്കുന്ന കുത്തുവാക്കുകളും കളിവാക്കും ഒഴിവാക്കണം.

നമ്മുടെ കൈകൾ - പ്രവർത്തികൾ - ദൈവം മഹത്വപ്പെടുന്നതായിരിക്കണം. കൈ, തല്ലാനുപയോഗിക്കുന്നതിനല്ല. അത് തലോടാനുള്ളതാണ്. സഹായം ചെയ്യാനും കരുണ കാണിക്കാനും നമ്മുടെ കൈ എപ്പോഴും സന്നദ്ധമാകണം. വഴക്കുണ്ടാക്കാനല്ല, വഴി നടത്താനാവണം നമ്മുടെ കൈകൾ.

ചില യഹൂദർ രണ്ടു കണ്ണുകൾക്കു നടുവിൽ നെറ്റിക്ക് ഈ വചനമെഴുതിയ ഒരു പേടകം കെട്ടിവയ്ക്കാറുണ്ട്. എന്നാൽ അക്ഷരികമായി പട്ടമുണ്ടാക്കി കെട്ടാനല്ല ദൈവം പറഞ്ഞത്. കണ്ണുകൾക്കു മദ്ധ്യേ നെറ്റിക്കുള്ളിൽ, നമ്മുടെ ചിന്തകൾ കുടികൊള്ളുന്നു. നമ്മുടെ പ്രവർത്തികൾ വചനാനുസൃതമായിരിക്കണം. (കയ്യിലെ അടയാളം) എന്നതുപോലെ നമ്മുടെ ചിന്തകളും അവിടുത്തെ കല്പനകളെ- ന്യായപ്രമാണത്തെ- അനുസരിച്ചുള്ളതാവണം എന്നാണ് ദൈവം ഇവിടെ നമ്മെ ഓർപ്പിക്കുന്നത്.

''യേശു ഈ വീടിന്റെ നായകൻ'' എന്നെഴുതിവയ്ക്കുന്ന കാര്യമല്ലിത്. ഒരാൾ നമ്മുടെ വീട്ടിൽ കയറി വരുമ്പോഴേ, അറിയണം, ഇത് യഹോവയ്ക്ക് വിശുദ്ധം ആണെന്ന്. യേശു തന്നെ പറഞ്ഞില്ലേ, ''വന്നു കാണ്മീൻ'' എന്ന്.... അവന്റെ കൂടെ പങ്കുവച്ച നിമിഷങ്ങൾ ശിഷ്യരുടെ രൂപാന്തരത്തിന് കാരണമായെങ്കിൽ നമ്മുടെ വീട്ടിൽ വരുന്നവരും അറിയണം ഇത് വിശുദ്ധ ആലയമാണെന്ന്. ഇവിടുള്ളവർക്കെല്ലാം ഒരു സ്വഭാവമാണെന്ന് - അപ്പന്റെ സ്വഭാവം- (യേശുവിന്റെ) ആണെന്ന്! ഓരോ കുടുംബവും യേശുവിന്റെ ശരീരത്തിന്റെ അവയവമാകണം. അപ്പോൾ നാം മാത്രമല്ല, നമ്മുടെ വീട്ടിൽ വരുന്നവരും അനുഗ്രഹിക്കപ്പെടും.

കർത്താവായ യേശു ബാലനായിരുന്നപ്പോൾ പഠിച്ചതും പിന്നെ അവിടുന്ന് പഠിപ്പിച്ചതുമാണ് 'ഷേമാ'. യഹൂദർ അവരുടെ ഭവനങ്ങളിൽ എല്ലാ ദിവസവും ചൊല്ലുന്നതും സംസാരിക്കുന്നതുമാണ് ഷേമാ. നമ്മുടെ വീടുകളിലും എപ്പോഴും ചൊല്ലേണ്ടതും പറയേണ്ടതുമാണ് ദൈവവചനം.

ആത്മീയാന്തരീക്ഷം ഒരുക്കിക്കൊടുക്കുന്ന ഭവനങ്ങളിൽ, കുഞ്ഞുങ്ങളിലും അതിനായുള്ള ദാഹമുണ്ടാകും.

പ്രീസ്കൂൾ കാലത്താണ് കുഞ്ഞുങ്ങളിൽ യേശു നിറയേണ്ടത്. യേശു നിറഞ്ഞ കുഞ്ഞുങ്ങളിൽ, സ്വാർത്ഥത ഉണ്ടാവുകയില്ല. കുഞ്ഞുങ്ങൾ അവർക്കുള്ളത് പങ്കുവയ്ക്കാനും സ്നേഹിക്കാനും ഒക്കെ പഠിക്കും. നാം പങ്കുവയ്ക്കുന്നതും, അതിഥികളെ സൽക്കരി ക്കുന്നതും അവർ കണ്ടു വളരണം.

ഈ പ്രായത്തിൽ കുഞ്ഞുങ്ങളിലെ 'ഈഗോ'യെ വളർത്താതി രിക്കാൻ നാം ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾക്ക് പ്രോത്സാഹനം ആവ ശ്യമാണെങ്കിലും, അവർ ഒരു വലിയ 'സംഭവം' ആണെന്ന ചിന്ത അവരിൽ വളർത്തരുത്. വീട്ടിൽ വരുന്നവരുടെയെല്ലാം മുമ്പിൽ മക്ക ളുടെ 'താലന്ത്' പ്രദർശിപ്പിക്കാൻ മാതാപിതാക്കൾ തിരക്കുകൂട്ടണ്ട. 'മോളൊന്നു പാടിക്കേ, അങ്കിളൊന്നു കേൾക്കട്ടെ...' മോൾ നന്നായി പാടും, ഡാൻസ് ചെയ്യും...'' എന്നൊക്കെ നമ്മൾ പറയുകയും അവ രിലെ 'ഞാനെന്ന ഭാവ''ത്തെ വളർത്തുകയും ചെയ്താൽ, അത് ഗുണത്തെക്കാളേറെ ദോഷമാണ് വരുത്തിവയ്ക്കുക. 'ഞാനൊരു സംഭവം ആണ് എന്ന ചിന്ത അവരിൽ അഹങ്കാരമായി മാറും. ഇതിന ർത്ഥം അവരെ അടിച്ചമർത്തണമെന്നല്ല. അവരെ നോർമൽ ആയി വളർത്തുക. വീട്ടിലെ മറ്റാരെയും പോലെ മാത്രമാണ് താനെന്നും, അവരിലൊരാൾ മാത്രമാണ് താനെന്നും അവരറിയണം. പലപ്പോഴും ഇന്നു വീടുകളിൽ പ്രായമുള്ളവരെ അവഗണിച്ചും നാം കുഞ്ഞു ങ്ങൾക്ക് പ്രത്യേക പരിഗണന നല്കാറുണ്ട്. ഇത് കുഞ്ഞുങ്ങളിൽ തങ്ങൾ മറ്റുള്ളവരെക്കാൾ 'സ്പെഷ്യൽ' ആണെന്ന ചിന്ത വളർത്തും.

ഉദാഹരണമായി ഒരു വീട്ടിൽ 4 പേരുണ്ടെന്നു കരുതുക. 4 പഴം അല്ലെങ്കിൽ 4 ചോക്ലേറ്റ് വീട്ടിലുങ്കെിൽ അത് നാം ഒരുപോലെ പങ്കു വയ്ക്കുക. നമ്മുടെ ഭാഗം നാം തന്നെ തിന്നണം. കുഞ്ഞുങ്ങളുടെ കാൺകെതന്നെ നാം നമ്മുടേത് കഴിക്കണം. അല്ലാതെ, 'എനിക്കു വേണ്ട, എന്റേതുകൂടെ മോൻ കഴിച്ചോ' എന്നു നാം ഒരിക്കലും പ റയരുത്. അങ്ങനെ ചെയ്താൽ, അവൻ ചിന്തിക്കും, 'ഞാനാണീ വീട്ടിലെ രാജാവ്' എന്ന്. എന്നെ എല്ലാവർക്കും വലിയ ഇഷ്ടമാ ണ്... അതുകൊണ്ട് എന്റെ ഏതു നിർബന്ധവും സാധിക്കപ്പെടും....'' അപ്പോൾ മുതലാണ് അവർ കരഞ്ഞു കാര്യം സാധിക്കാൻ പഠിക്കു ന്നത്. എത്ര കരഞ്ഞാലും അവരുടെ നിർബന്ധങ്ങൾക്ക് നാം വഴങ്ങ രുത്. ഒരിക്കൽ നാമവരെ- അവരുടെ കരച്ചിൽ കേട്ട് കാര്യം സാധിപ്പി

ച്ചാൽ അവരെന്നും ഈ അടവ് പ്രയോഗിക്കും. ക്രമേണ, എന്തിനും ഏതിനും വാശിയും നിർബന്ധവും പിടിച്ച്. ഓരോ പ്രായത്തിലും ഈ അടവ് പ്രയോഗിക്കും. ചെറുപ്പത്തിലെ ഈ ശീലം നുള്ളിക്കളഞ്ഞാൽ, പിന്നെ കത്തികാണിച്ച് ഭീഷണിപ്പെടുത്തി, നമ്മെ സ്വാധീനിക്കാൻ അവർ മുതിരുകയില്ല. ലാളന നല്ലതാണെങ്കിലും വടിയെ സ്നേഹിക്കാതെ, വല്ലപ്പോഴും ശിക്ഷണത്തിനും, അനുസരണത്തിനുമായി വടി ഉപയോഗിക്കുന്നത് നല്ലതാണ്. എന്നാൽ, ആരോടൊക്കെയോ ഉള്ള ദേഷ്യം തീർക്കാനായി നാമവരെ അടിക്കുകയുമരുത്.

# 7. മക്കൾക്ക് യേശുവിനെ നല്കുക

ശൈശവാവസ്ഥയിൽ കുഞ്ഞുങ്ങളിൽ യേശു നിറയണമെന്നതും സമ്മർദ്ദരഹിതമായ ഒരു കുടുംബാന്തരീക്ഷം നമ്മുടെ ഭവനങ്ങളിൽ ഉണ്ടാകണമെന്നതുമാണല്ലോ നാം പഠിച്ചത്.

അടുത്തതായി കൗമാരം! ടീനേജ്! 13 മുതൽ 19 വരെയുള്ള പ്രായം ! ശാരീരികവും മാനസികവുമായ വ്യതിയാനങ്ങളുടെ സമയമാണ് കൗമാരം. എല്ലാത്തിനും മാതാപിതാക്കളെ ആശ്രയിച്ചിരുന്ന അവസ്ഥ മാറി അവരിപ്പോൾ സ്വതന്ത്രമായ തീരുമാനങ്ങളെടുത്തു തുടങ്ങുന്നു. നന്മയുടെയും തിന്മയുടെയും ലോകം അവർക്കു മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു. വികാരവിചാരങ്ങളുടെ ഏറ്റക്കുറച്ചിൽ ആണ് ഈ പ്രായത്തിലെ ഒരു പ്രധാന പ്രശ്നം.

ആൺകുട്ടികൾ പെട്ടെന്ന് പ്രതികരിക്കുകയും ക്ഷോഭിക്കുകയും 'റിബൽ' സ്വഭാവം കാണിക്കുകയും 'തറുതല' പറയാൻ മടിക്കാതിരിക്കുകയും ചെയ്യുമ്പോൾ, പെൺകുട്ടികൾ കൂടുതൽ മൗനമവലംബിച്ച് ഉൾവലിയുകയും സുഹൃത്തുക്കളോട് കൂടുതൽ സംസാരിക്കാൻ താല്പര്യപ്പെടുകയും ചെയ്യുന്നു. ഒരു പരിധിവരെ മാതാപിതാക്കൾക്ക് മക്കളുടെ ഈ പ്രകൃതം കണ്ട് 'കൺഫ്യൂഷൻ'

ഉണ്ടാകുന്നു. 'എന്റെ ഈ പാവം കൊച്ചിനെന്തുപറ്റി' എന്നാണവരെ ഭരിക്കുന്ന ചിന്ത.

''ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും വിട്ടുമാറുകയില്ല'' (സദൃശവാക്യം 22:6) ഇത് ടീനേജിനു മുമ്പുതന്നെ നാം ചെയ്യേണ്ട കാര്യമാണ്. എന്നാൽ ദൈവിക പാതയിൽ അഭ്യസിക്കപ്പെട്ട ഒരു പൈതലിനെ അതിൽ തുടരുന്നതിന് കൗമാരപ്രായത്തിൽ നാം ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കണം.

സദൃശ്യവാക്യങ്ങൾ 31 അദ്ധ്യായമാണല്ലോ. ഓരോ ദിവസം ഓരോ അദ്ധ്യായം വായിക്കാനും അതിലെ ചില വാക്യങ്ങൾ മനപാഠമാക്കാനും നാം കുഞ്ഞുങ്ങളെ ഉത്സാഹിപ്പിക്കണം.

''വീരന്റെ കയ്യിലെ അസ്ത്രം പോലെയാണ് യൗവ്വനത്തിലെ മക്കൾ'' (സങ്കീ. 127:4).

നമ്മുടെ കയ്യിലാണ് ദൈവം അസ്ത്രം നൽകിയിട്ടുള്ളത്. നാം എന്തുദ്ദേശത്തോടെ, എവിടേക്ക് അതിനെ തൊടുത്തുവിടുന്നോ, അവിടെയത് പതിക്കും. ഇതുപോലെ, നാം ചെറുപ്രായത്തിലേ അവരിൽ യേശുവിനെ നിറയ്ക്കുക. യേശുവിനെ അവരിലൂടെ ലോകം കണ്ടു തുടങ്ങിയാൽ, ലക്ഷ്യം ഒരിക്കലും തെറ്റുകയില്ല.

പ്രായത്തിന്റെ ചാപല്യവും 'റിബല്യസ്' പ്രകൃതിയും അവരിൽ മുളച്ചുപൊങ്ങിയെന്ന് വിചാരിക്ക. അങ്ങനെയെങ്കിൽ, നിരാശപ്പെടേണ്ടതില്ല. ഏതു പ്രായത്തിലും ദൈവത്തിങ്കലേക്ക് മടങ്ങിവരാനാവും എന്നതാണ് നമുക്ക് ദൈവം നല്കുന്ന പ്രത്യാശ. ദൈവവുമായി വ്യക്തിപരമായ ഒരു ബന്ധത്തിലേക്ക് വരാൻ പ്രായം ഒരു വിഷയമല്ല. അവരുടെ 'മാനസാന്തര'ത്തിനായി, ക്രിസ്തുവുമായുള്ള ഒരു കൂട്ടിമുട്ടലിനായി (Personal encounter) നിരന്തരം പ്രാർത്ഥിക്കാം.

നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള 'ദൈവവിളി' നാം തിരിച്ചറിയണം. ദൈവരാജ്യത്തിൽ അവർ വലിയവരായിത്തീരണം എന്നത് ആയിരിക്കണം നമ്മുടെ ലക്ഷ്യം. അങ്ങനെ നമ്മുടെ അമ്പ് ലക്ഷ്യത്തിലെത്തുംവരെ നിരന്തരം ദൈവത്തിൽ ആശ്രയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

യോഹന്നാന്റെയും യാക്കോബിന്റെയും അമ്മയുടെ ആഗ്രഹം അവരുടെ മക്കൾ യേശുവിന്റെ വലതും ഇടതും ഇരിക്കണം എന്നാ

യിരുന്നു. ആ വാക്യത്തിന്റെ വേദശാസ്ത്രം എന്തും ആകട്ടെ; ആ മാതാവ്, തന്റെ മക്കൾ, ഈ ഭൂമിയിൽ വലിയവരാകണം എന്നതിലുപരി 'ദൈവരാജ്യത്തിൽ വലിയവരാകണം' എന്നാണ് ആഗ്രഹിച്ചത്.

മക്കളെ വളർത്തുന്നതിലൂടെ, നമ്മുടെ ക്ഷമയും സഹിഷ്ണുതയും സ്നേഹവും വർദ്ധിക്കാനായി ദൈവം ഉദ്ദേശിക്കുന്നു. കൗമാരപ്രായത്തിന്റെ ഒരു പ്രത്യേകതയാണ്, ആൺകുട്ടികൾ പ്രത്യേകിച്ച്, എല്ലാം തുറന്നടിച്ചു സംസാരിക്കും. അതു കേട്ട് നാം ഭയപ്പെടേണ്ട. പലപ്പോഴും നമ്മുടെ 'നെഗറ്റീവ്' തന്നെയാണവർ വെട്ടിത്തുറന്നു പറയുന്നത്. ശാന്തമായി, നാമത് ചിന്തിക്കുന്നതും അവർ പറയുന്നതിൽ കാര്യമുണ്ടെന്ന് മനസ്സിലാക്കി വിനയത്തോടെ പശ്ചാത്തപിക്കുന്നതും ദൈവത്തിലേക്ക് മടങ്ങിവരുന്നതുമാണ് ഉത്തമം.

നമ്മുടെ ഉപദേശങ്ങൾ നിരന്തരം കേൾക്കുന്നതിനെക്കാൾ അവർക്കു താല്പര്യം നമ്മുടെ ജീവിതം കണ്ട് മനസ്സിലാക്കുന്നതാണ്. അവരുടെ ഈ പ്രായത്തിൽ നമുക്കുണ്ടായ അനുഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതു നല്ലതാണ്. അതവരിൽ പുത്തൻ ഉണർവ്വും പ്രോത്സാഹനവും ഉണ്ടാക്കും. നാം പറയുന്ന കാര്യങ്ങൾ 'ജനുവിൻ' ആണെന്ന് അവർക്കു ബോധ്യമുണ്ടാവണം.

നമ്മുടെ പണമല്ല, സമ്പാദ്യമല്ല, അവർക്കു നല്കേണ്ടത്. ഒന്നാമതായി അവർക്ക് യേശുവിനെ നല്കുക. രാണ്ടമത് അവർക്ക് നമ്മെത്തന്നെ, നമ്മുടെ സമയം നല്കുക. ഇത് രണ്ടുമാണ് നമുക്കവർക്ക് കൊടുക്കാൻ പറ്റുന്ന ഏറ്റവും വലിയ സമ്പാദ്യം.

ഞങ്ങളുടെ ഒരു ബന്ധു മരിക്കാറായപ്പോൾ ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ചു. ആ നാട്ടിലെ ഏറ്റവും വലിയ സ്വത്തിന്റെ ഉടമയും 'കർഷകശ്രീ' അവാർഡുകാരനും ഒക്കെയായിരുന്നു. അദ്ദേഹം എന്നെ അരികിൽ വിളിച്ചിട്ട് പതുക്കെപ്പറഞ്ഞു. ''മോളേ, നീ മക്കൾക്കായി ഒന്നും സമ്പാദിക്കുകയോ, ശേഷിപ്പിക്കുകയോ ചെയ്യരുത്''. അങ്ങനെ എനിക്കു പറ്റി, എന്റെ പരാജയം. നീ അവർക്ക് യേശുവിനെ കൊടുക്കുക.''

എല്ലാം വെട്ടിപ്പിടിച്ച, എല്ലാം നേടിയ ഒരു മനുഷ്യന്റെ അന്ത്യവാക്കുകൾ ഇന്നും എന്നും എന്റെ ചെവിയിൽ മുഴങ്ങുന്നു. ഇതാണ്

'ഭൗതീകത'യുടെ അർത്ഥം. ഇങ്ങനെയാണ് മക്കൾക്ക് യേശുവിനെ നല്കാതെ ഓടുന്നവരുടെ അന്ത്യം.

മാതാപിതാക്കളിൽ നിന്ന് മക്കൾ പ്രതീക്ഷിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്. ഒന്നാമത്തത്, മാതാപിതാക്കൾ വിശുദ്ധമായ ഒരു കുടുംബബന്ധം പുലർത്തുന്നവരും തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നവരും മക്കൾക്ക് പറയാൻ ഉതകുന്ന മാതൃകയും ആകണമെന്ന് അവർ പ്രതീക്ഷിക്കുന്നു.

രണ്ടാമത്, അവർക്കായി നമ്മുടെ സമയം നീക്കിവയ്ക്കാൻ അവർ ആഗ്രഹിക്കുന്നു. മക്കളിൽ നിന്നും അകലെയുള്ളവർ ദിവസവും അവരുമായി സംസാരിക്കുക. വിശേഷങ്ങൾ തിരക്കുക. നിരന്തരം പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക.

കൗമാരത്തിൽ സുഹൃത്തിനെപ്പോലെയവരോടിടപെടുക. ഏറ്റം ബഹുമാനത്തോടെ, ഉത്സാഹത്തോടെ, ഏറ്റം പ്രോത്സാഹനം നല്കി, അഭിനന്ദിച്ചും അവരെ വളർത്തുക. അവർക്ക് നമ്മളെ കൊടുക്കുക. അവർക്ക് യേശുവിനെ കൊടുക്കുക.

# 8. യിപ്താഹിന്റെ മകൾ

മിസ്പ മലഞ്ചെരുവിലെ ഒരു കൊച്ചു ഭവനം. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ ഗ്രാമത്തിൽ എനിക്കു ജനിക്കാനിടയായല്ലോ. പട്ടണത്തിലെ ബഹളങ്ങളും യുദ്ധങ്ങളും ഒന്നും ഇവിടില്ല. വളരെ പ്രശാന്തവും പ്രകൃതിരമണീയവുമാണിവിടം. മഞ്ഞുവീഴുന്ന മലകളിലേക്ക് കണ്ണുംനട്ട് അവൾ (യിപ്താഹിന്റെ മകൾ) പൂമുഖത്തിരുന്നു. അവൾ ചിന്തിച്ചു:

ഇന്നെന്റെ അപ്പ വരും. അമോന്യരുമായി, യിസ്രയേലിനുവേണ്ടി യുദ്ധത്തിനുപോയിട്ട് ദിവസങ്ങൾ കുറെയായി. അപ്പ നയിച്ച യുദ്ധം ജയിച്ചെന്ന് നാട്ടിൽ വിളംബരം ചെയ്തപ്പോൾ എത്ര ഉൾപ്പുളകത്തോടെയാണ് താൻ കേട്ടത്. എന്തായാലും ഇന്ന് അപ്പയെ എല്ലാവർക്കും ഇഷ്ടമാണ്. ബഹുമാനവും ആണ്. ജനത്തിന്റെ തലവനും സേനാധിപതിയുമാണ്. അവൾ ചിന്തകളെ പുറകോട്ട് പായിച്ചു.

ഒത്തിരി അപമാനങ്ങൾ സഹിച്ചാണ് അപ്പ വളർന്നത്. അപ്പയുടെ പിതാവ് അപ്പയുടെ അമ്മയെ വിവാഹം കഴിച്ചിരുന്നില്ലത്രെ! അദ്ദേഹത്തിന് ഔദ്യോഗികമായി ഭാര്യയും മക്കളും ഒക്കെയുണ്ടായിരുന്നു. ഔദ്യോഗിക മക്കൾ വളർന്നപ്പോൾ അവർ അപ്പയോടു പറഞ്ഞത്രെ: ''നീ പരസ്ത്രീയുടെ മകനാണ്. അതിനാൽ ഞങ്ങളുടെ പിതൃഭവനത്തിൽ അവകാശം പ്രാപിക്കയില്ല'' (ന്യായധിപന്മാർ 11:2).

അപ്പ ആരുമായും വഴക്കുണ്ടാക്കിയില്ല. ദൈവത്തിൽ ആശ്ര യിക്കാനും ദൈവത്തിൽ മാത്രം ആശ വെയ്ക്കുവാനും അപ്പയുടെ അമ്മ അപ്പയെ പഠിപ്പിച്ചിരുന്നു. അപ്പ തന്റെ സഹോദരന്മാരെ വിട്ട് തോബ് ദേശത്തു വന്നു. വെറും സാധാരണക്കാരായിരുന്നു അപ്പ യുടെ ചങ്ങാതിമാർ (ന്യായാധിപന്മാർ 11:3).

എന്നാൽ ദൈവം അപ്പയോടുകൂടെയുണ്ടായിരുന്നു. അപ്പ വി വാഹിതനായി ഞാൻ പിറക്കുമ്പോഴും എനിക്കു പറഞ്ഞുതരാൻ അപ്പയ്ക്ക് ന്യായപ്രമാണമേ ഉണ്ടായിരുന്നുള്ളൂ. മനുഷ്യരെയല്ല, ദൈവത്തെ പ്രസാദിപ്പിക്കണമെന്ന് അപ്പ എപ്പോഴും പറഞ്ഞുതന്നു. അതുകൊണ്ടുതന്നെ വിശുദ്ധിയോടെ ജീവിക്കാൻ ദൈവം തനിക്കു കൃപ ചെയ്തു.

കാര്യങ്ങൾ മാറിമറിഞ്ഞത് പെട്ടെന്നാണ്. അമ്മോന്യർ യിസ്രാ യേലിനോടു യുദ്ധത്തിനൊരുങ്ങി. ശക്തരായ അമ്മോന്യരോട് പൊരുതി നേടാനാവുകയില്ലെന്ന് യിസ്രായേൽ മക്കൾക്കറിയാമാ യിരുന്നു. അവർ ഗിലയാദിലെ മൂപ്പന്മാരോടു പറഞ്ഞു: ‘‘നിങ്ങൾ ‘വേശ്യാപുത്രൻ’ എന്നു വിളിച്ച് ഓടിച്ചുവിട്ട നിങ്ങളുടെ പിതാവ് യിപ്താഹ് ഇല്ലെ, അവനോടുകൂടെ യഹോവ ഉണ്ട്. ഈ പ്രതിസ ന്ധിയിൽ നമ്മുടെ നായകനായി നമുക്കു മുമ്പിൽ നിന്ന് അമ്മോന്യ രുമായി പോരാടാൻ അവനു മാത്രമേ കഴിയൂ....’’

അങ്ങനെ ഗിലയാദിലെ മൂപ്പന്മാർ അപ്പയുടെ അടുത്തെത്തി, അവരുടെ സേനാധിപതിയായിരിക്കാൻ നിർബന്ധിച്ച് അമ്മോന്യരു മായുള്ള യുദ്ധത്തിനായി കൊണ്ടുപോയതാണ്.

ഏതായാലും യഹോവയുടെ കൈ അപ്പയുടെ കൂടെയുണ്ടായി രുന്നു. യുദ്ധത്തിൽ ദൈവം യിസ്രായേലിനു വിജയം കൊടുത്തു.... അപ്പയുടെ കൈകളിലൂടെ... സകല മഹത്വവും യഹോവയ്ക്ക്!

അവൾക്ക് അപ്പയെ കാണാൻ കൊതിയായി... ചെറിയ പ്രായം മുതൽ അവൾ അങ്ങനെയാണ്! അപ്പനോടു പറ്റിച്ചേർന്നിരിക്കുന്ന പെൺകുട്ടി. എപ്പോഴുമെന്നപോലെ ഇന്നും അപ്പ വരുമ്പോൾ ഓടി ച്ചെല്ലണം, കെട്ടിപ്പിടിക്കണം, ചുംബിക്കണം... അവൾ തീരുമാനിച്ചു.

എന്നാൽ ഇന്ന് എന്നത്തെയുംപോലെ അപ്പ ഒറ്റയ്ക്കാവില്ല വരുന്നത്... യുദ്ധം ജയിച്ചുവരികയല്ലെ; ഒത്തിരിപ്പേർ കൂടെക്കാ ണും. അവരുടെയൊക്കെ മുമ്പിൽ അങ്ങനെ ഓടിച്ചെന്ന് അപ്പയെ

ചുംബിക്കാമോ? താനിന്നൊരു കൊച്ചുകുട്ടിയല്ല. പ്രായപൂർത്തിയായ ഒരു യുവതിയാണ്. അവൾ അവളെത്തന്നെ നോക്കി. അവൾക്ക് നാണവും പുഞ്ചിരിയും ഉണ്ടായി. താനിന്നൊരു യുവതിയാണ്. ആരു കണ്ടാലും ഒന്നൂടെ നോക്കിപ്പോകും. അത്രയ്ക്ക് മനോഹാരിയായി. ശ്ശൊ. ഇത്ര വളർന്നു വലുതായ താൻ ഒരു കൊച്ചുകുട്ടിയെപ്പോലെ ഓടിപ്പോയി അപ്പനെ സ്വീകരിക്കണോ? പിന്നെ സ്വയം പറഞ്ഞു: 'ഞാനെത്ര വളർന്നാലും, യുവതിയായ കന്യകയായാലും, എന്റെ അപ്പയ്ക്ക് ഞാനെന്നും മകളാണ്.' ഹാ... അപ്പ വരുമ്പം എനിക്ക് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ഉമ്മ വയ്ക്കണം... തന്റെ തപ്പും കയ്യിലെടുത്തവൾ നൃത്തം ചെയ്യാൻ തുടങ്ങി. സന്തോഷം അടക്കാനാവുന്നില്ല.

അങ്ങകലെ കാൽ ശബ്ദം കേട്ടോ? അപ്പ നടക്കുന്ന ശബ്ദം അവൾക്ക് സുപരിചതമാണ്. അതേ, അപ്പ വരുന്നു. വിജയശ്രീലാളിതനായി. അവൾ തപ്പെടുത്ത് നൃത്തം ചെയ്തു; കുടുംബക്കാർ തങ്ങളെ അംഗീകരിച്ച ആനന്ദം; വിജയം ലഭിച്ച സന്തോഷം! സമൂഹത്തിന്റെ മാനം! രാജ്യത്തിന്റെ അഭിമാനം.

ആർക്കും വേണ്ടാതിരുന്ന തന്റെ അപ്പ ഇന്ന് എല്ലാവരുടേയുമെല്ലാമെല്ലാമായി!

അവൾ തപ്പോടും നൃത്തത്തോടും ഓടിച്ചെന്നു.

പ്രതീക്ഷിച്ചതിനു വിപരീതമായി ഒരു അലർച്ചയാണ് താൻ കേട്ടത്. അലറിക്കരയുന്ന, വസ്ത്രം കീറുന്ന അപ്പനെ കണ്ട് അവൾ ഒരു നിമിഷം ഞെട്ടി. പക്ഷേ വിവേകശാലിയായ അവൾ തിരിച്ചറിഞ്ഞു: താൻ മരിക്കാൻ പോവുകയാണ്.

എന്താ സംഭവിച്ചത്? യിപ്താഹ് ദൈവത്തോട് ഉടമ്പടി ചെയ്തിരുന്നു. താൻ യുദ്ധം ചെയ്ത് ജയിച്ചു വരികയാണെങ്കിൽ, ''എന്റെ വീട്ടുവാതിൽക്കൽ എന്നെ എതിരേറ്റുവരുന്നത് യഹോവയ്ക്കുള്ളതാകും. അത് ഞാൻ ഹോമയാഗമായി അർപ്പിക്കും.'' (ന്യായാധിപന്മാർ 11:31).

യിപ്താഹ്! ഒരിക്കലും ഓർത്തില്ല, തന്റെ ഓമന മകളാവും ആദ്യം ഓടിവരുന്നതെന്ന്. താൻ പേരു ചൊല്ലി വിളിക്കുമ്പോൾ ഓടിവരുന്ന, തുള്ളിച്ചാടിവരുന്ന ആട്ടിൻകൂട്ടവും കന്നുകാലിക്കുഞ്ഞുങ്ങളും വളർത്തുമൃഗങ്ങളും ഒക്കെയായിരുന്നു തന്റെ സങ്കല്പത്തിൽ! തനിക്കു വേറെ ആണോ പെണ്ണോ മക്കളായിട്ടില്ല (ന്യായാ. 11:34).

യിപ്താഹിന് ഈ കാഴ്ച സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു. മകളെ നീയെന്റെ തലയെ കുനിയിച്ചു. നീയെന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിലാക്കി. ഞാൻ ദൈവത്തോട് പറഞ്ഞുപോയി. എനിക്കു പിന്മാറിക്കൂടാ...'' (വാക്യം. 35)

അപ്പന് ദൈവവുമായുള്ള ആഴമായ ബന്ധവും സ്നേഹവും അവൾക്കറിയാം. ഈ വിലാപം ദൈവത്തോടുള്ള ഉടമ്പടി ലംഘനത്തിൽ കലാശിക്കാൻ പാടില്ല. ഇവിടെ ഞാൻ വിലകൊടുത്തേ പറ്റൂ. തന്റെ അപ്പന് ഭാര്യയെക്കാൾ, മക്കളെക്കാൾ ദൈവമാണ് വലുത്. അതാണ് അപ്പൻ ഞങ്ങളെ പഠിപ്പിച്ചതും. അതേ ഉറച്ച തീരുമാനത്തിൽ നിന്നും അപ്പയെ പിൻതിരിപ്പിച്ചുകൂടാ... താൻ മരിക്കുന്നെങ്കിൽ മരിക്കട്ടെ... അവൾ പറഞ്ഞു:

''അപ്പാ, ദൈവത്തോടു പറഞ്ഞതുപോലെ എന്നോടു ചെയ്ക.''

അപ്പന്റെ ദൈവീക ബന്ധം മനസ്സിലാക്കിയ മകൾ! സ്വന്തം മകളെ യാഗമാക്കേണ്ടിവന്നാലും ദൈവത്തോടു ചെയ്ത ഉടമ്പടിയിൽ നിന്നും പിന്മാറാൻ, തനിക്കാവില്ലെന്ന് ഏക മകളെക്കാൾ എന്റെ ദൈവമാണ് തനിക്ക് വലുതെന്നും ആ പിതാവ് ഹൃദയനുറുക്കത്തോടെ തിരിച്ചറിഞ്ഞു.

പക്ഷേ യുവതിയായ മകൾ ഉടനെ അപ്പനോടു പറയുന്ന മറുപടി വളരെ ശ്രദ്ധേയമാണ്.

''എന്നാൽ ഒരുകാര്യം എനിക്കുവേണ്ടിയിരുന്നു. ഞാൻ പർവ്വതങ്ങളിൽ ചെന്ന് എന്റെ സഖിമാരുമായി എന്റെ കന്യാത്വത്തെക്കുറിച്ചു വിലാപം കഴിക്കേണ്ടതിനു എനിക്കു രണ്ടു മാസത്തെ അവധി തരേണം. എന്നു അവൾ തന്റെ അപ്പനോടു പറഞ്ഞു. അതിനു അവൻ 'പോക' എന്നു പറഞ്ഞു. അവളെ രണ്ടു മാസത്തേക്കു അയച്ചു. അവൾ തന്റെ സഖിമാരുമായി ചെന്നു തന്റെ കന്യകാത്വത്തെക്കുറിച്ചു പർവ്വതങ്ങളിൽ വിലാപം കഴിച്ചു. രണ്ടു മാസം കഴിഞ്ഞിട്ടു അവൾ തന്റെ അപ്പന്റെ അടുക്കലേക്കു മടങ്ങിവന്നു. അവൻ നേർന്നിരുന്ന നേർച്ചപോലെ അവളോടു ചെയ്തു. അവൾ ഒരു പുരുഷനെ അറിഞ്ഞിരുന്നതുമില്ല'' (ന്യായാ. 11:37-39).

അവൾ കന്യകയാണെന്നും ഒരു പുരുഷന്റെ സ്പർശനം അറിഞ്ഞിട്ടില്ലെന്നും മരിക്കുന്നതിനു മുമ്പ് അവൾക്ക് തന്റെ സഖിമാരോടു പറഞ്ഞ് മനസ്സിലാക്കണമായിരുന്നു. വിശുദ്ധ ജീവിതത്തെപ്പറ്റി

മറ്റുള്ള യുവതികളെക്കൂടെ പറഞ്ഞുമനസ്സിലാക്കേണ്ട ഉത്തരവാദിത്തം അവൾ തിരിച്ചറിഞ്ഞു. അതുകൊണ്ടാണല്ലോ, ആ ദിവസം യിസ്രയേൽ കന്യകമാർ വേർതിരിച്ച് ഓർമിക്കുന്നത് (വാക്യം. 40).

യൗവ്വനം പ്രലോഭനങ്ങളുടെയും ആഗ്രഹങ്ങളുടെയും ഒക്കെ സമയമാണ്. എന്നാൽ യിപ്താഹിന്റെ മകളുടെ കഥ ബൈബിളിൽ എഴുതിയത് നമുക്ക് വായിച്ചു രസിക്കാനല്ല, അതുപോലെ മാതൃകയുള്ള ജീവിതം ജീവിക്കേണ്ടതിനാണ്.

'ഒരു പുരുഷനെ അറിഞ്ഞിട്ടില്ല' എന്നത് ഒരു പെൺകുട്ടിയുടെ അഭിമാനമാണ്; ഏറ്റം വലിയ സാക്ഷ്യമാണ്! ഇക്കാലത്തും അക്കാലത്തും അത് ഒരുപോലെ പ്രസക്തമാണ്.

സ്ത്രീയും പുരുഷനും വിവാഹത്തിനു മുമ്പ് 'വെർജിൻ' ആകണമെന്നത് ദൈവത്തിന്റെ പദ്ധതിയും ആഗ്രഹവുമാണ്. വിവാഹദിവസം ശുശ്രൂഷകൻ ദമ്പതികളുടെ കരങ്ങൾ തമ്മിൽ യോജിപ്പിക്കുമ്പോൾ മാത്രമാണ് അവർ ഒന്നാകുന്നത്. അതുവരെ പുരുഷനും സ്ത്രീയും രണ്ടായി തന്നെ ജീവിക്കാനാണ് ദൈവ വ്യവസ്ഥ.

വളരെ സ്ട്രിക്ട് ആയി മാതാപിതാക്കൾ ഇത് മക്കളെ മനസ്സിലാക്കി പഠിപ്പിക്കണം. യൗവ്വനത്തിലുള്ള മക്കളുടെ 'പോക്ക്' ശ്രദ്ധിക്കണം. 'അഴിച്ചുവിട്ട' ജീവിതം നമുക്ക് പറഞ്ഞിട്ടില്ല. 'മോഡേൺ' എന്നൊരു സംസ്കാരം നമുക്ക് വേണ്ടേ വേണ്ട. ചാരിത്ര്യത്തിന്റേയും വിശുദ്ധിയുടെയും കാര്യത്തിൽ യിപ്താഹിന്റെ മകളുടെ മാതൃക തന്നെ മതി. 'പഴഞ്ചൻ' ആണ് ഞാൻ... എന്ന് പറ. അഭിമാനമാണത്. ഞാനുറപ്പുതരാം അങ്ങനെയെങ്കിൽ വിശുദ്ധരായ പങ്കാളികളെ നിങ്ങൾക്ക് ദൈവം തരും.

# 9. യൗവനക്കാർക്ക് ഒരു ആലോചന

തീത്തോസ് 2:5 – ''യൗവ്വനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക.''

യൗവ്വനക്കാരത്തികൾ കുടുംബത്തിലും സഭയിലും സമൂഹത്തിലും എങ്ങനെ ജീവിക്കണമെന്നതിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശമായി നമുക്ക് പരിശുദ്ധാത്മാവ് നല്കിയ വേദഭാഗമാണിത്. നമ്മുടെ പെൺകുഞ്ഞുങ്ങളെ എങ്ങനെ വളർത്തണമെന്ന് ഈ വേദഭാഗത്തുനിന്ന് നാം മനസ്സിലാക്കണം. അവർ നാളെ ഒരു പുരുഷന്റെ ഭാര്യ ആകേണ്ടവളാണ്. അതിനുള്ള തയ്യാറെടുപ്പ് അവർ മാതാപിതാക്കളോടൊപ്പം വളരുമ്പോൾ തന്നെ ലഭിക്കണം.

അടക്കവും ഒതുക്കവും വിധേയത്വവും ഒക്കെ അവർ പഠിക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നാണ്. ഭർത്താവിനെ അനുസരിക്കുകയും ബഹുമാനിക്കുകയും വിധേയപ്പെടുകയും ചെയ്യുന്ന 'ഭാര്യ'യുള്ള കുടുംബം സ്വർഗ്ഗതുല്യമാണ്. അങ്ങനെയുള്ളവരുടെ മക്കൾ അതുകൊണ്ടുതന്നെ അത് കണ്ടുതന്നെ വളരും. ഇങ്ങനെ

യുള്ള പെൺകുട്ടികൾ മറ്റൊരു കുടുംബത്തിൽ ചെന്നാലും അവർ സ്വന്ത ഭവനത്തിൽ കണ്ട മാതൃകയിൽ തന്നെ ജീവിക്കും.

സ്ത്രീകൾ ഭർത്തൃപ്രിയരാകണം എന്നാണ് നമ്മുടെ വേദഭാഗത്ത് ഒന്നാമത് കാണുന്നത്. അതായത്, ഭർത്താക്കന്മാരെ പ്രിയപ്പെടുന്നവരായിരിക്കണം. എന്നാൽ ഭർത്താവു തന്നെ വേണ്ടെന്ന് ചിന്തിച്ചു നടക്കുന്ന ഈ തലമുറയിൽപ്പെട്ട ഒരുത്തിയെ നിർബന്ധിച്ചു പിടിച്ചു കെട്ടിച്ചാൽ അവൾ എങ്ങനെ ഭർത്തൃപ്രിയയാകും? അതുകൊണ്ട് മാതാപിതാക്കൾ പെൺകുട്ടികളെ പ്രായമാകുന്നതനുസരിച്ച് വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ പഠിപ്പിക്കണം. നല്ലൊരു ഭർത്താവിനു വേണ്ടി, ദൈവീകമായ ഒരു കുടുംബജീവിതത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുവാൻ പെൺകുട്ടികളെ അഭ്യസിപ്പിക്കണം.

എന്തുകൊണ്ടാണ് ഈ തലമുറയിലെ പല പെൺകുട്ടികൾക്കും വിവാഹമെന്നു കേൾക്കുന്നതുതന്നെ 'അലർജി' ആകുന്നത് എന്ന് നാം ചിന്തിക്കണം. മിക്കപ്പോഴും അതിനു കാരണം സ്വന്തം മാതാപിതാക്കളുടെ മാതൃകയില്ലാത്ത ജീവിതവും കുടുംബത്തിൽ അവൾ അനുഭവിക്കുന്ന അരക്ഷിതത്വ ചിന്തയുമാണ്. കുടുംബം കുഞ്ഞുങ്ങൾക്ക് സ്വർഗ്ഗതുല്യമാകണം. കുടുംബം ഇമ്പകരമാകണം. കുഞ്ഞുങ്ങൾ അവിടെ സ്വതന്ത്രരും ദൈവസാന്നിധ്യം അനുഭവിക്കുന്നവരുമാകണം. അപ്പോഴാണ് അവരിൽ കുടുംബത്തെക്കുറിച്ചുള്ള നല്ല ചിന്തകൾ ഉളവാകുക. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ പങ്ക് വളരെയേറെ വലുതാണ്.

സ്ത്രീകൾ ഭർത്തൃപ്രിയരാകണം എന്നതുപോലെതന്നെ പുത്രപ്രിയരാകണം എന്നും തിരുവചനം പഠിപ്പിക്കുന്നു. ''നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ'' എന്നതാണ് ദൈവം ആദ്യ കുടുംബത്തിനു നല്കുന്ന ആദ്യത്തെ അനുഗ്രഹം. കുഞ്ഞുങ്ങളാണ് ഒരു കുടുംബത്തെ ഉത്സവപൂർണ്ണമാക്കുന്നത്. എന്നാലിപ്പോൾ പല പെൺകുട്ടികളും, വിവാഹം കഴിക്കുമ്പോൾ 'കുട്ടികൾ വേണ്ട' 'ഇപ്പോൾ വേണ്ട' എന്ന് പറയുന്നു. ഇത് ദൈവിക പദ്ധതിയുടെ നിഷേധമാണ്. ചിലരാകട്ടെ കുഞ്ഞുങ്ങൾ ഉദരത്തിൽ ഉരുവാകുമ്പോൾ തന്നെ അതിനെ നശിപ്പിക്കാൻ (അബോർഷൻ) തയ്യാറാകുന്നു. അത് കൊലപാതകത്തിനു തുല്യമാണ്. 'യഹോവയുടെ ദാനമായ മക്കൾ കുടുംബജീവിതത്തിന്റെ അനുഗ്രഹവും ഐശ്വര്യവുമാണ്.

സ്ത്രീകൾ പുത്രപ്രിയരാകണമെങ്കിൽ വിവാഹിതരാകുന്നതിനു മുമ്പുതന്നെ അവർ കുഞ്ഞുങ്ങളെ സ്നേഹിച്ചു പഠിക്കണം. അതിനുള്ള ട്രെയിനിംഗ് അവർ മാതാപിതാക്കളോടൊപ്പം സ്വഭവനത്തിൽ കഴിയുമ്പോൾ തന്നെ ലഭിക്കണം. ഇളയ കഞ്ഞുങ്ങളെ കളിപ്പിക്കാനും കഴിപ്പിക്കാനും കുളിപ്പിക്കാനും ഒക്കെ മാതാപിതാക്കൾ മൂത്ത കുട്ടികളെ പരിശീലിപ്പിക്കണം. മക്കൾ വളരുമ്പോൾ അവർ മറ്റു കുട്ടികളുമായി ഇടപഴകട്ടെ. പ്രായമാകുന്ന കുട്ടികൾ സഭയിലുള്ള ഇളയ കുട്ടികളെ പരിപാലിച്ചു വളരട്ടെ. അങ്ങനെയുള്ള കുട്ടികൾ വളർന്നു വിവാഹിതരാവുമ്പോൾ അവർക്ക് പുത്രപ്രിയരായി ജീവിക്കാൻ കഴിയും.

'സുബോധ'മാണ് യൗവ്വനക്കാരത്തികളുടെ ഏറ്റവും വലിയ ഗുണവിശേഷം. 'ഫ്രണ്ട്ഷിപ്പിന്റെ' കാലമാണല്ലോ ഇത്. സോഷ്യൽ മീഡിയ എല്ലാ മേഖലകളെയും അടക്കിവാഴുന്നു. ആൺ പെൺ വ്യത്യാസമില്ലാതെയുള്ള 'ചാറ്റിംഗും പാറ്റിംഗും' ഒക്കെ തീർച്ചയായും നിയന്ത്രിക്കപ്പെടേണ്ടതാണ്. ഇക്കാര്യങ്ങളിൽ ലോകത്തിന്റെ പാറ്റേൺ പിന്തുടരാൻ പാടില്ല. പെൺകുട്ടികളെ ഈ വിഷയത്തിൽ 'ഡിസിപ്ലിൻ' ഇല്ലാതെ വളർത്തിയാൽ വിവാഹം കഴിഞ്ഞാലും അവർ പങ്കാളികൾക്ക് ഇഷ്ടമാകുമോ എന്നു ചിന്തിക്കാതെ 'ചാറ്റിംഗും' 'പാറ്റിംഗും' ആയി നടക്കും. ആരോഗ്യകരമായ സൗഹൃദം നല്ലതു തന്നെ. എന്നാൽ നാം സുബോധമുള്ളവരായിരിക്കണം. കുടുംബം ഒരു യൂണിറ്റ് ആണ്. ഭാര്യയും ഭർത്താവും ഒരുമിക്കുന്ന യൂണിറ്റ്. അവിടെ അന്യനൊരാൾക്ക് ഇടമുണ്ടാവാൻ പാടില്ല. മൂന്നാമത്തെയാൾ യേശു ആണ്. ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ നിന്ന് കുടുംബം പണിയുന്ന മുപ്പരിച്ചരട് ആയ യേശു. നമ്മുടെ യൗവ്വനക്കാരത്തികൾ പാതിവ്രത്യമുള്ളവരായിരിക്കണം എന്നതാണ് പൗലോസ് അടുത്തതായി ഓർപ്പിക്കുന്നത്. യിപ്താഹിന്റെ മകളുടെ കാര്യം കഴിഞ്ഞ ലക്കത്തിൽ നാം കണ്ടല്ലോ. നമ്മുടെ കുഞ്ഞുങ്ങൾക്കായി നമ്മൾ എന്തെല്ലാം സമ്പാദിച്ചുകൂട്ടിയാലും അതൊക്കെ വിവാഹസമയത്ത് അവർക്ക് കൊടുത്തുവിട്ടാലും അതൊന്നുമല്ല അവരുടെ ഏറ്റവും വലിയ സമ്പത്ത് - അത് പാതിവ്രത്യമാണ്. ഒരു സ്ത്രീയെ സ്ത്രീയാക്കി മാറ്റുന്നത് അവളുടെ വിശുദ്ധിയാണ്, സംശുദ്ധമായ സ്വഭാവമാണ്.

ഭൂമിയിലെ ഏതു പുരുഷനും അവന്റെ മണവാട്ടി 'വെർജിൻ' ആയിരിക്കണമെന്നും അവന്റെ ഭാര്യ പതിവ്രത ആയിരിക്കണമെന്നും ആഗ്രഹിക്കുന്നു.

യൗവ്വനക്കാരികൾ 'കെട്ടിയടച്ചതോട്ടം' പോലെയും 'കെട്ടിയടച്ച കിണർ' പോലെയും ആകുന്നു. ആ തോട്ടത്തിൽ ആരും അതിക്രമി ച്ചുകടന്നുകൂടാ. ആ കിണറ്റിൽ നിന്ന് അന്യനൊരാൾ വെള്ളം കുടി ച്ചുകൂടാ.

യൗവ്വനക്കാരത്തികൾ വീട്ടുകാര്യം നോക്കുന്നവളായിരിക്കണം എന്നും പൗലോസ് പറയുന്നു. അതായത് ഭർത്താവിന്റെ വീട്ടിലെ ത്തിയാൽ അവിടുത്തെ കാര്യങ്ങളെല്ലാം നോക്കി നടത്തുവാനുള്ള പ്രാപ്തി അവൾക്കുണ്ടാകണം. അതിനുള്ള ട്രെയിനിംഗ് സ്വന്തം ഭവനത്തിൽ നിന്നും തന്നെ അവൾക്കു ലഭിക്കണം. ആഹാരം സ്വയം പാകം ചെയ്യാനും, വീടു വൃത്തിയാക്കാനും, തുണി കഴുകാനും, മാർക്കറ്റിൽ പോകാനും, ബാങ്കു കാര്യങ്ങൾ നോക്കി നടത്താനും എല്ലാം സ്ത്രീകൾ പ്രാപ്തരായിരിക്കണം. ഡ്രൈവിംഗോ, അത്യാ വശ്യം തയ്യലോ ഒക്കെ അവർ പഠിച്ചിരിക്കുന്നതു നല്ലതാണ്. ഇതൊ ക്കെയവർ സ്വന്തം ഭവനത്തിൽ അഭ്യസിക്കേണ്ടതാണ്. വൃക്ഷങ്ങളും ചെടികളും വച്ചുപിടിപ്പിക്കാനും അടുക്കളതോട്ടം ഉണ്ടാക്കാനും ഒക്കെ മതാപിതാക്കൾ അവരെ അഭ്യസിപ്പിക്കണം.

കുഞ്ഞുങ്ങൾ 'ദയ'യുള്ളവരായി വളരണം. കുഞ്ഞുങ്ങൾ മിടു ക്കരായി പഠിക്കണമെന്നും ഉയർന്ന മാർക്ക് വാങ്ങണമെന്നും ഒക്കെ മാതാപിതാക്കൾക്കറിയാം. എന്നാൽ മറ്റുള്ളവരോടുള്ള അവരുടെ ഇടപെടൽ എങ്ങനെയാണ്? കൂടെയുള്ളവരുടെ വേദനകൾ തിരിച്ച റിയാൻ അവർക്കു കഴിയുന്നുണ്ടോ? ഉദാഹരണമായി, കൂടെ പഠി ക്കുന്ന ഒരു കുട്ടി ഫീസ് കൊടുക്കാനില്ലാതെ കഷ്ടപ്പെടുന്നത് തിരി ച്ചറിയുവാനുള്ള കണ്ണുകൾ നിങ്ങളുടെ കുട്ടിക്കുണ്ടോ? അതറിഞ്ഞ് അക്കാര്യം അനുകമ്പയോടെ അവർ നിങ്ങളെ അറിയിക്കുന്നുവെ ങ്കിൽ ആരുമറിയാതെ ആ കുട്ടിയെ സഹായിക്കാൻ നിങ്ങൾ തയ്യാ റാവണം.

സമൂഹത്തോടു കരുണ കാണിച്ചു വളരുന്ന കുഞ്ഞുങ്ങളായിരി ക്കണം നമ്മുടെ മക്കൾ. അങ്ങനെവന്നാൽ വിവാഹശേഷവും നിങ്ങ ളുടെ മകൾ 'സാമർത്ഥ്യ'മുള്ള ഒരു സ്ത്രീ ആയിരിക്കും. സദൃശ്യവാ

കൃത്തിൽ കാണുന്നതുപോലെ അവൾ തന്റെ കൈ എളിയവർക്ക് തുറക്കുന്നു. ദരിദ്രന്മാരുടെ അടുക്കലേക്ക് കൈ നീട്ടുന്നു.

സ്ത്രീകൾ ഭർത്താവിന് കീഴടങ്ങുന്നവരായിരിക്കണം എന്ന് പൗലോസ് പറയുന്നു. ഭർത്താവിനു കീഴടങ്ങാൻ മനസ്സില്ലാത്ത സ്ത്രീകളാണ് തകർന്ന പല കുടുംബങ്ങളിലെയും ഛിദ്ര കാരണം. സ്ത്രീ ഭർത്താവിനു കീഴടങ്ങണമെങ്കിൽ അവളുടെ അമ്മ അവളുടെ പിതാവിനു കീഴടങ്ങിയിരിക്കുന്നത് അവൾ കണ്ടു വളരണം. 'യഥാ മാതാ തഥാ പുത്രി' എന്നാണല്ലോ വചനം. സ്വന്തം കുടുംബത്തിൽ അമ്മയാണ് ഭരണം നടത്തുന്നതെങ്കിൽ മകൾ ഭർത്തൃഭവനത്തിൽ ചെന്ന് ഭർത്താവിനെയും ഭർത്താവിനുള്ളവരെയും ഭരിക്കും. എന്നാൽ ഭർത്താവിനു വിധേയത്വമുള്ള ഭാര്യയാണ് ഒരു പെൺകുട്ടിയുടെ അമ്മയെങ്കിൽ അവൾ ഭർത്തൃപ്രിയയായി, ഭർത്താവിനു കീഴടങ്ങി ദയയുള്ളവളായി, വീട്ടുകാര്യം നോക്കി സുബോധത്തോടെ വസിക്കും. ആ ഭവനം ഭൂമിയിലെ സ്വർഗ്ഗമായിരിക്കും.

# 10. ഭാര്യ ഫലപ്രദമായ മുന്തിരിവള്ളി

യഹോവഭക്തനായ പുരുഷൻ (ഭർത്താവ്) ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും (സങ്കീ. 128:4)

ഒരു പുരുഷന്റെ അനുഗ്രഹീതാവസ്ഥ എന്താണെന്ന് ഇതിന്റെ മുകളിലത്തെ വാക്യത്തിൽ നാം കാണുന്നു.

'നിന്റെ കൈകളുടെ അദ്ധ്വാന ഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെയുമിരിക്കും'

ഒരു പുരുഷന്റെ അനുഗ്രഹം എന്നു പറയുന്നത്, അവന്റെ ഭാര്യയും, അവന്റെ മക്കളുമാണ്; അല്ലാതെ അവന്റെ സമ്പാദ്യങ്ങളും അവന്റെ പദവികളുമല്ല.

അനുഗ്രഹീതയായ ഭാര്യ വീട്ടിനുള്ളിൽ ഒരു മുന്തിരിവള്ളി പോലെയാണ്. മുന്തിരി നമ്മെ സന്തോഷിപ്പിക്കുന്നതാണ്. ഭാര്യ കുടുംബത്തിൽ പ്രസന്നവദയായിരിക്കും. ഭവനത്തിലുള്ളവർക്കും, ഭവനത്തിൽ വരുന്നവർക്കും അവൾ സന്തോഷം നല്കും. അനുഗ്രഹീതയായ ഭാര്യ ഭവനത്തിന്റെ പ്രകാശമാണ്. ആർക്കും ആ ഭവനത്തിലേക്കുവരാൻ സന്തോഷമായിരിക്കും. കാരണം, ആരെയും

ആകർഷിക്കുന്ന ഒരു ഊഷ്മള ആധിഥ്യം ആ വീട്ടുകാരിയിൽ നിന്ന് അവർക്കും പ്രതീക്ഷിക്കാം.

അനുഗ്രഹീത പുരുഷന്റെ മക്കളും അനുഗ്രഹീതർ തന്നെ. അവർ ഒലിവു തൈകൾ പോലെയായിരിക്കും. ഒലിവ് സമൃദ്ധിയുടെയും സമാധാനത്തിന്റെയും ചിഹ്നമാണ്. വിജയ കിരീടം ഒരുക്കാനും ഒലിവിന്റെ കൊമ്പുകളാണ് ഉപയോഗിച്ചിരുന്നത്.

അനുഗ്രഹീതരായ കുഞ്ഞുങ്ങൾ ഭവനത്തിന്റെ സമ്പത്താണ്. അവരാണ് നമ്മുടെ വിജയ കിരീടം. അവിടെ സമാധാനം കളിയാടും.

അനുഗ്രഹീത കുടുംബങ്ങളിൽ സഹോദരങ്ങൾ തമ്മിൽ തല്ലും ബഹളവും ഉണ്ടാക്കില്ല. അവർ അന്യോന്യം സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരുമായിരിക്കും. എന്നാൽ ഈ അനുഗ്രഹങ്ങൾ ഒരു ഭവനത്തിലേക്ക് എത്തിക്കുന്നതിന്റെ പ്രധാന കണ്ണി കുടുംബ ത്തിലെ പുരുഷനാണ്.

'യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ' (സങ്കീ 128:1)

കുടുംബത്തിലെ പുരുഷൻ ദൈവഭയത്തിൽ ജീവിക്കുന്നവ നായിരിക്കണം. യഹോവയായിരിക്കണം അവന്റെ വഴികളെ നിയ ന്ത്രിക്കുന്നത്. അതേ യഹോവയെ ഭയപ്പെടുകയും, അവന്റെ വഴി കളിൽ മാറാതെ നടക്കുകയും ചെയ്യുന്ന പുരുഷന്റെ ഭവനമാണ് അനുഗ്രഹീത ഭവനം. അങ്ങനെ ഒരു വ്യക്തിയുടെ ഭാര്യ വീട്ടിന കത്ത് മുന്തിരി വള്ളിയും മക്കൾ മേശക്ക് ചുറ്റും ഒലിവുതൈകളുമാ യിരിക്കും.

എന്നാൽ, ഈ ഭവനത്തിനുള്ളിലും ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും തമ്മിൽ അന്യോന്യബന്ധത്തിൽ ഒരു ഓർഡർ ഉണ്ട്.

'ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ'.

'ഭാര്യമാരേ, കർത്താവിനെന്നപോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ'.

'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവ്, സഭയ്ക്ക് തലയാകു ന്നതുപോലെ ഭർത്താവ് ഭാര്യയ്ക്കുതലയാകുന്നു.'

'എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം.'

'ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.' (എഫേ. 5:20-25 വരെ)

യഹോവയെ ഭയപ്പെടേണ്ടതിന്റെ ആവശ്യകത 128-ാം സങ്കീർത്തനത്തിൽ നാം കണ്ടു. ഇവിടെ യഹോവയെ, (ക്രിസ്തുവിനെ) ഭയപ്പെടുക മാത്രമല്ല, ആ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്കണമെന്നും പൗലോസ് പറയുന്നു.

സഭയിൽ ഈ കീഴ്പെടൽ വേണമെന്നാണ് ഇതിന്റെ മുൻ വാക്യങ്ങളിൽ നാം കാണുന്നത്. താഴോട്ട് വായിക്കുമ്പോൾ, സഭയിൽ മാത്രമല്ല, ഭവനത്തിലും ഈ കീഴ്പ്പെടൽ (ബഹുമാനം) അന്യോന്യം വേണം. എന്നാൽ ഭയപ്പെടേണ്ടത് ക്രിസ്തുവിനെ മാത്രമായിരിക്കണം.

ഭവനത്തിലെ എല്ലാവരും ക്രിസ്തുവിനെ ഭയപ്പെടുന്നവരായിരിക്കണം. പിതാവും, മാതാവും, മക്കളും, ക്രിസ്തുവിന്റെ ഭയത്തിൽ -അവിടുത്തെ സാന്നിധ്യ ബോധത്തിൽ-കഴിയുന്നവരായിരിക്കണം. എല്ലാം ക്രിസ്തു കാണുന്നുണ്ട്, അറിയുന്നുണ്ട്, എന്ന ബോധ്യത്തിലായിരിക്കണം ഓരോ നിമിഷങ്ങളിലും നമ്മുടെ ജീവിതം.

അങ്ങനെ ദൈവഭയത്തിൽ കഴിയുന്ന ഒരു കുടുംബത്തിലെ തല ഭർത്താവാണ്. അതിനു താഴെ അനുസരണയോടെ കീഴ്പെട്ടുകൊണ്ട് ഭാര്യ.

'ഭാര്യമാരേ, കർത്താവിന് എന്നപോലെ, സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ.' (വാക്യ 22)

ഭാര്യ ഭർത്താവിന് എങ്ങനെ കീഴടങ്ങിയിരിക്കണമെന്ന് ഇവിടെ പറയുന്നു; 'കർത്തവിന് എന്നപോലെ'...നിങ്ങൾ ഭർത്താവിന് കീഴടങ്ങുമ്പോൾ, കർത്താവിന് കീഴടങ്ങുകയാണെന്ന് പൗലോസ് പറയുന്നു.

വാസ്തവത്തിൽ, കുടുംബബന്ധത്തെ-ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോടാണ് ഇവിടെ താരതമ്യപ്പെടുത്തിയിരിക്കുന്നത്.

കൊരിന്ത്യ ലേഖനത്തിൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക.

'എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.' (1 കൊരിന്ത്യർ 11:3)

എഫേസ്യ ലേഖനത്തിൽ നാം കാണുന്നത്, 'സ്ത്രീയുടെ തല പുരുഷൻ.' എന്നാണെങ്കിൽ ഇവിടെ കാണുന്നത്, പുരുഷന്റെ തല ക്രിസ്തു എന്നാണ്. അതായത്, സ്ത്രീയും പുരുഷനും ക്രിസ്തുവിനെ എല്ലാരീതിയിലും, എല്ലാസമയത്തും അനുസരിക്കണം എന്നു പൗലോസ് പറയുന്നു. പുരുഷന് ക്രിസ്തുവിനെ അനുസരിക്കുന്നതു കണ്ടിട്ടുവേണം, സ്ത്രീ പുരുഷനെ അനുസരിച്ചു പഠിക്കുവാൻ.

എന്നാൽ പുരുഷൻ ആരിൽ നിന്നാണ് അനുസരണം കണ്ടുപഠിക്കേണ്ടത്? അത് താഴെ തന്നെയുണ്ട്. 'ക്രിസ്തുവിന്റെ തല ദൈവം.'

അതായത് ക്രിസ്തു എപ്രകാരം ദൈവത്തെ അനുസരിച്ച് കീഴ്പെട്ടിരിക്കുന്നുവോ, അതുപോലെ, പുരുഷൻ ക്രിസ്തുവിനെ അനുസരിച്ച് കീഴ്പെട്ടിരിക്കണം. അങ്ങനെ പുരുഷൻ ക്രിസ്തുവിനോടുള്ള അനുസരണത്തിൽ തികഞ്ഞവനാകുമ്പോൾ, സ്ത്രീ അതു കണ്ട് പുരുഷനെ അനുസരിച്ച് കീഴ്പെടും. അപ്പോൾ എല്ലാം ക്രിസ്തുവിന്റെ ഭയത്തിൻ കീഴിലാകും.

തലയും ശരീരവും തമ്മിലുള്ള  ബന്ധത്തെപ്പറ്റി പറയുമ്പോൾ, കീഴ്പെടുന്ന കാര്യം മാത്രം പറഞ്ഞാൽ പോര.

'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയായിരിക്കുന്നതുപോലെ' (എഫേ. 5:29) എന്നാണ് നാം ഇവിടെ വായിക്കുന്നത്. അതായത് കീഴടങ്ങുന്നത് ശരീരത്തിന്റെ ഉത്തര വാദിത്തമാണ് എന്നതുപോലെ, 'രക്ഷിതാവാകുക' എന്നത് തലയുടെ ഉത്തരവാദിത്തമാണ്.

നമ്മുടെ കൈ ചൂടിനടുത്തേക്ക് ചെല്ലുമ്പോൾ, അത് തീ ആണെന്നും അതിനോട് അകന്നു നില്ക്കാനും കൈക്ക് നിർദ്ദേശം കൊടുത്ത് രക്ഷിക്കുന്നത് തലയാണ്. തല ശരീരത്തിന്റെ ഓരോ അവയവങ്ങൾക്കും ഓരോ നിമിഷങ്ങളിലും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടേയിരിക്കുന്നു. അതിനു കീഴ്പെടുന്നതുകൊണ്ടാണ് അവയവങ്ങൾ സുരക്ഷിതമായിരിക്കുന്നത്.

ക്രിസ്തു സഭയിലെ ഓരോ അംഗങ്ങൾക്കും ഓരോ നിമിഷങ്ങളിലും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടേയിരിക്കുന്നു. അവയ്ക്ക് കീഴ്പ്പെടുന്നത് രക്ഷയാണ്. കീഴ്പെട്ടില്ലെങ്കിൽ അപകടവും. കുടുംബജീവിതത്തിലും ഇതുപോലെ ഭർത്താവ് സുബോധത്തോടുകൂടെ ഭാര്യയ്ക്ക് നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടേയിരിക്കണം.

എന്നാൽ എങ്ങനെയാണ് കുടുംബത്തിനാവശ്യമായ നിർദ്ദേശങ്ങൾ സുബോധത്തോടെ കൊടുക്കാൻ ഭർത്താവിനു കഴിയുന്നത്?

അത്, ക്രിസ്തു പുരുഷന്റെ തല ആയിരിക്കുമ്പോൾ മാത്രമാണ്; പുരുഷൻ ക്രിസ്തുവിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് അനുസരിക്കുന്നു; ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ കുടുംബത്തിലേക്ക് കൈമാറുന്നു. ഈ ക്രമത്തിന് പിഴവു പറ്റിയാൽ, എല്ലാം തകരാറിലായി.

ക്രിസ്തുവിനെ സകലത്തിലും അനുസരിക്കുന്ന പുരുഷനും (ഭർത്താവും) ആ പുരുഷന് സകലത്തിലും കീഴപെടുന്ന സ്ത്രീയും ഉള്ള ഭവനം ഭൂമിയിൽ സ്വർഗ്ഗം.

# 11. നല്ല മരുമകൾ

**ബൈ**ബിളിൽ, രൂത്തിന്റെയും നൊവോമിയുടെയും ചരിത്രം ശ്രദ്ധിക്കുക: ഒരു പുസ്തകം തന്നെ രൂത്തിന്റെ പേരിലുണ്ട്. വേദപുസ്തകത്തിലെ ഓരോ സംഭവചരിത്രവും നമുക്കു നല്കപ്പെട്ടത്, സമാന അനുഭവങ്ങളിലൂടെ സഞ്ചരിക്കുന്നവർക്ക് പാഠമാകേണ്ടതിനാണ്.

വേദപുസ്തക കഥാപാത്രങ്ങൾ സാധാരണക്കാരാണ് – നമ്മെപ്പോലെയൊക്കെയുള്ളവർ... നമുക്ക് അനുകരിക്കാൻ പറ്റുന്ന സാധാരണക്കാർ! ഇങ്ങനെയുള്ളവരുടെ ജീവിതാനുഭവങ്ങൾ വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്, അവരിലൂടെ നാം ജീവിതപാഠങ്ങൾ പഠിക്കേണ്ടതിനാണ്.

അവരുടെ തിന്മ നാം അനുകരിക്കാതിരിക്കേണ്ടതിന് നമുക്ക് 'ബുദ്ധിയുപദേശത്തിനായി' എഴുതിയിരിക്കുന്നു. (1 കൊരിന്ത്യർ 10:11) എന്നാൽ വേദപുസ്തകത്തിലെ നല്ല കഥാപാത്രങ്ങൾ – നമ്മുടെ ഭാഷയിൽ പറഞ്ഞാൽ 'വിജയിച്ചവർ' – അവരുടെ ചരിത്രം എഴുതിയിരിക്കുന്നത് ആ നല്ല മാതൃക നാം അനുകരിക്കേണ്ടതിനുവേണ്ടിയാണ്!

ഇവിടെ നമ്മുടെ വേദഭാഗം രൂത്ത് ഒന്നാം അദ്ധ്യായം 14–ാം വാക്യം മുതൽ 19 ന്റെ ആദ്യഭാഗം വരെയാണ്. ഇത് 3 ഘട്ടമായിതിരിക്കാം.

ഒന്നാം ഘട്ടം, വാക്യം 14, 15. ''അവൾ പിന്നെയും പൊട്ടിക്ക രഞ്ഞു: ഓർപ്പ, അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു; രൂത്തോ, അവളോടു പറ്റി നിന്നു. അപ്പോൾ അവൾ: നിന്റെ സഹോദരി തന്റെ ജനത്തിന്റെയും തന്റെ ദേവന്റെയും അടുക്കൽ മടങ്ങിപ്പോയല്ലോ. നീയും നിന്റെ സഹോദരിയുടെ പിന്നാലെ പൊയ്ക്കൊൾക എന്നു പറഞ്ഞു.''

രാണ്ടംഘട്ടം. വാക്യം 16, 17.

''അതിനു രൂത്ത്, നിന്നെ വിട്ടു പിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടുപറയരുതേ; നീ പോകുന്നേടത്തു ഞാനും പോരും. നീ പാർക്കുന്നേടത്തു ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്തു ഞാനും മരിച്ചു അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു. തന്നോടുകൂടെ പോരുവാൻ അവൾ ഉറച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ അവൾ അവളോടു സംസാരിക്കുന്നതു മതിയാക്കി.''

മൂന്നാം ഘട്ടം : വാക്യം 19, ആദ്യഭാഗം:

''അങ്ങനെ അവർ രണ്ടുപേരും ബേത്‌ലഹേം വരെ നടന്നു.''

കുടുംബജീവിതത്തിന്റെ ഓരോ ഘട്ടങ്ങളാണല്ലോ നമ്മൾ പഠിച്ചുവന്നിരുന്നത്. ഭാര്യഭർത്തൃബന്ധം നാം പഠിച്ചു. എന്നാൽ ഭർത്തൃഗൃഹത്തിലേക്കു വരുന്ന ഒരു സ്ത്രീ ഭാര്യയായി മാത്രമല്ല, മരുമകൾ കൂടിയായിട്ടുമാണു വരുന്നത്. നമ്മൾ വളരെ ശ്രദ്ധിക്കേണ്ട ഒരു ബന്ധമാണ് 'അമ്മാവിയമ്മ മരുമകൾ' ബന്ധം.

പല കുടുംബങ്ങളും ശിഥിലമാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്, ഈ മേഖലയിലെ പരാജയം. ആരും കൈവയ്ക്കാനോ, ഉപദേശിക്കാനോ, ഉപദേശിക്കപ്പെടാനോ ഇഷ്ടപ്പെടാത്ത ഒരു മേഖല ഉണ്ടെങ്കിൽ അത് ഈ 'ഘട്ടം' ആണ്.

ഒരു സ്ത്രീ, ഭാര്യ ആകുന്ന ആദ്യനിമിഷം തന്നെ, അവൾ ഭർത്താവ്, ഭാര്യ എന്ന ഒരു 'യൂണിറ്റ്'ലേക്ക് പ്രവേശിക്കുന്നു. എന്നാൽ, അതോടൊപ്പം അവൾ ഒരു 'കമ്യൂണിറ്റി'യുടെ ഭാഗം കൂടെയാണ്. അവിടെ ഭർത്താവിന്റെ അമ്മയപ്പന്മാർ, സഹോദരീസഹോദരന്മാർ,

അവരുടെ ഭാര്യാഭർത്താക്കന്മാർ, അങ്ങനെ പലരുമുണ്ട്. ഈയൊരു യാഥാർത്ഥ്യം അംഗീകരിച്ചേപറ്റൂ. ഭാരത സംസ്കാരവും ഭാരത പശ്ചാത്തലവും എന്നും കൂട്ടുകുടുംബ ബന്ധമായിരുന്നു! എന്നാൽ പാശ്ചാത്യരാജ്യങ്ങളിലേക്ക് നമ്മുടെ ആൾക്കാർ കുടിയേറ്റം നടത്തിയപ്പോൾ അവർ സ്വന്തം സംസ്കാരവും നിലനില്പും മറന്നു. അവർ അന്യസംസ്കാരത്തിൽ വശംവദരായി മാതാപിതാക്കളെ 'ഔട്ട്' ആക്കി. അല്ലെങ്കിൽ മാതാപിതാക്കൾ ഇവരെ 'ഔട്ട്' ആക്കി.

എന്നാൽ ഇവിടെ വേദപുസ്തകസംസ്കാരം എന്താണ്, ദൈവം വിഭാവന ചെയ്യുന്ന കുടുംബം എങ്ങനെയാണ്, എന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു നൊവോമി ബേത്‌ലഹേമിൽ ജനിച്ചുവളർന്ന ഒരു സ്ത്രീയാണ്. നമ്മുടെ ഭാഷയിൽപ്പറഞ്ഞാൽ ഭാരതത്തിൽ ജനിച്ചു എന്നു കരുതിക്കോളൂ.

നൊവോമിയുടെ ഭർത്താവിന് സ്വന്തം നാട് തൃപ്തിയായി തോന്നാതിരുന്നപ്പോൾ 'മോവാബ്' എന്ന ദേശത്തേയ്ക്ക് കുടിയേറിപ്പാർക്കുന്നു. ബേത്‌ലഹേമിൽ ക്ഷാമമുണ്ടായിട്ടല്ലേ പോയത് എന്നു ചോദിച്ചേക്കാം! ശരിയാണ്. നമ്മുടെ നാട്ടിൽ ജോലിക്കു ബുദ്ധിമുട്ടുണ്ടായതുകൊണ്ടാണല്ലോ നമ്മുടെ ആൾക്കാർ വിദേശത്തേക്കു പോയത്!!!

അവിടെ വച്ച് സ്വന്തം ഭർത്താവും വിവാഹിതരായ രണ്ട് ആൺമക്കളും മരിക്കുന്നു. കുട്ടികൾപോലും ഇല്ലാത്ത രണ്ട് മരുമക്കളും നൊവോമിയോടൊപ്പം വിധവമാരായിത്തീരുന്നു.

ഈ പശ്ചാത്തലത്തിൽ നൊവോമി രണ്ടുപേരോടും ഗൗരവമായി പ്പറയുന്നു. നിങ്ങൾ നിങ്ങളുടെ സ്വന്തഭവനത്തിൽപ്പോയി, വിവാഹിതരായി ജീവിച്ചോളൂ. ഞാൻ എന്റെ സ്വദേശത്തേക്കു മടങ്ങിപ്പോയി ജീവിച്ചോളാം എന്ന്! ഓർപ്പ എന്ന മരുമകൾ പ്രതികരിക്കുന്നതാണ് ഒന്നാം ഘട്ടം. അവൾക്ക് ദുഃഖമുണ്ടെങ്കിലും അവൾ മടങ്ങിപ്പോയി.

നൊവോമി, അവരുടെ രണ്ടാം മരുമകളോട്, ഓർപ്പയെപ്പറ്റിപ്പറയുന്നത് ''അവൾ തന്റെ ജനത്തിന്റെ അടുത്ത് മാത്രമല്ല, അവളുടെ ദേവന്റെ അടുത്തും പോയി.'' എന്നാണ്.

അവർ ഒന്നിച്ചുള്ളപ്പോൾ ഈ രണ്ടു മോവാബ്യ സ്ത്രീകളോടും ജീവനുള്ള ഒരു ദൈവമുണ്ടെന്ന് നൊവോമി പറയുകയും ദൈവിക പൈതൃകം ആ മരുമക്കൾക്കിരുവർക്കും പകർന്നു കൊടുക്കുകയും

ചെയ്തിരിക്കണം. അവർ രണ്ടുപേരും വിജാതീയ പശ്ചാത്തലത്തിൽ നിന്നുവന്നവരാണല്ലോ. രണ്ടുപേർക്കും ആത്മീയത ഒരു പോലെ പകർന്നുകൊടുത്തു. എന്നാൽ ഒരാൾ അത് സാഹചര്യം വന്നപ്പോൾ വിട്ടുകളഞ്ഞ് ''തന്റെ ജനത്തിന്റെയും ദേവന്റെയും'' അടുത്ത് മടങ്ങിപ്പോയി. ആ സാഹചര്യത്തിൽ ദൈവത്തോടും അമ്മായിയമ്മയോടും പറ്റി നിന്ന കഥയാണ് രൂത്തിന്റെ കഥ.

അവൾ അവളുടെ സ്വാർത്ഥ സുഖം നോക്കിയില്ല. അവൾ സ്വന്ത ദേശത്ത് മടങ്ങിപ്പോയിട്ട്. അവളുടെ 'ദൈവത്തെ' സേവിക്കാൻ ആഗ്രഹിച്ചില്ല. അവർ അമ്മായിയമ്മയോട് പറ്റി നിന്നു. അമ്മായിയമ്മയുടെ ജീവനുള്ള ദൈവം അവളുടെയും ദൈവമായിത്തീർന്നിരുന്നു. ഇനി അവൾക്ക് പിൻമാറിക്കൂടാ!

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള കടപ്പാടുകളെപ്പറ്റി വിവാഹ വേദികളിൽ നാം ധാരാളം കേൾക്കാറുണ്ട്. എന്നാൽ, ഭാര്യ വന്നു കയറിയ കുടുംബത്തിലെ മറ്റുള്ള വ്യക്തികളോട് അവർക്കുള്ള ബന്ധവും, അവർക്ക് തങ്ങളുടെ കുടുംബത്തിലെ പുതിയ അംഗമായെത്തിയ പുതിയ വ്യക്തിയോടുള്ള ബന്ധവും എങ്ങനെയായിരിക്കണം എന്ന് പലപ്പോഴും പറഞ്ഞു കേൾക്കുന്നില്ല! അതായത്, ഭർത്താവിന്റെ മാതാപിതാക്കളോടും ഭർത്തൃസഹോദരങ്ങളോടും - പ്രത്യേകിച്ച് അമ്മായമ്മ, മരുമകൾ; നാത്തൂൻ ബന്ധങ്ങളെക്കുറിച്ചു കൂടെ നാം കൂടുതൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതല്ലേ? അതിൽ അമ്മായമ്മ - മരുമകൾ ബന്ധത്തിന് നൊവോമി - രൂത്ത് ബന്ധത്തോളം ഉദാത്തമായ ഒരു മാതൃക വേദപുസ്തകത്തിൽ വേറെയില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ പുസ്തകത്തെ വേദപുസ്തകത്തിൽ ഉൾക്കൊള്ളിച്ചപ്പോൾ ഈ ബന്ധത്തിന്റെ പ്രായോഗികവശങ്ങൾ നമുക്കു മനസ്സിലാക്കിത്തരാൻ അവിടുന്നു തീർച്ചയായും ഉദ്ദേശിച്ചിരിക്കണം!

ഒന്നാമത് നൊവോമിയുടെ കാര്യം തന്നെയെടുക്കുക! പറഞ്ഞാൽ തീരാത്തത്ര കഷ്ടങ്ങളും നഷ്ടങ്ങളും ജീവിതത്തിൽ വന്നുപെട്ടപ്പോൾ ഭർത്താവും മക്കളും മരിച്ച് പ്രതിസന്ധിയുടെ പാരമ്യതയിലെത്തിയപ്പോൾ - മരുമക്കളെക്കൂടെ ഈ ദുരിതത്തിൽ ഉൾപ്പെടുത്തണമെന്നല്ല, എങ്ങനെയും അവരെ സ്വതന്ത്രരാക്കരണമെന്നാണ് നൊവോമി ആഗ്രഹിക്കുന്നത്. ഈ ദുരിതം ഞാൻ ഒറ്റയ്ക്കു വഹി

ച്ചോളാം, ‘‘എന്റെ മക്കളെ നിങ്ങൾ മടങ്ങിപൊയ്ക്കൊൾവിൻ’’ (റൂത്ത് 1:11) എന്നാണ് നൊവോമി പറയുന്നത്! എത്ര ഉദാത്തമായ ഒരു അമ്മായിയമ്മ എന്നു നോക്കൂ... തന്റെ മരുമക്കൾ കഷ്ടപ്പെടരുതെന്നും, അവർക്ക് ഒരു ഭാവിയുണ്ടാകണമെന്നും ആത്മാർത്ഥതയോടെ ആഗ്രഹിച്ച ഈ അമ്മായിയമ്മ എല്ലാ അമ്മായിയമ്മമാർക്കും ഒരു മാതൃകയാണ്! മരുമക്കൾ അവർക്ക് സ്വന്തമക്കളെപ്പോലെയോ അതിനപ്പുറമോ ആയിരുന്നു. അതാണ് ദൈവികത! എല്ലാ അമ്മായിയമ്മമാരും ഈ പാഠം പഠിക്കണം!!

രൂത്ത് നൊവോമിയോടു പറയുന്ന വാക്കുകൾ സാധാരണ നിലയിൽ ഒരു ഭാര്യ ഭർത്താവിനോടു പറയുന്ന വാക്കുകളാണ്: ‘‘നിന്നെ വിട്ടുപിരിയാൻ എന്നോടു പറയരുതേ!’’ (രൂത്ത് 1:16) എന്ന് രൂത്ത് നൊവോമിയോട് അപേക്ഷിക്കുകയാണ്. അതായത്, ഭർത്താവിന്റെ അഭാവത്തിൽകൂടെ അമ്മാവിയമ്മയെ ജീവപര്യന്തം പരിപാലിക്കാൻ അവളെടുക്കുന്ന തീരുമാനം അവൾ അമ്മാവിയമ്മയോടു കാണിക്കുന്ന ഔദാര്യമല്ല; പ്രത്യുത, ഒരു പദവിയാണ്! അമ്മാവിയമ്മ അവൾക്കൊരു ബാധ്യതയല്ല; അവരോടൊന്നിച്ചുള്ള സഹവാസം രൂത്തിന് ഒരു ജീവിത സായൂജ്യമാണ്!

അമ്മാവിയമ്മമാരെ മരുമക്കൾ ഒരു ബാധ്യതയായിക്കാണുന്ന ഈ തലമുറയിൽ ആത്മികർക്ക് തീർച്ചയായും രൂത്ത് ഒരു വെല്ലുവിളിയാണ്!

‘‘നീ പോകുന്നേടത്ത് ഞാനും പോരും. നീ പാർക്കുന്നേടത്ത് ഞാനും പാർക്കും.’’ എന്ന് ഒരു ഭാര്യ ഭർത്താവിനോടു പറയുന്നത് നമുക്കു മനസ്സിലാക്കാം. എന്നാൽ അമ്മാവിയമ്മയോട് - ഭർത്താവ് മരിച്ച ഒരു വയസ്സിത്തള്ളയോട് - ‘‘നീ മരിക്കുന്നേടത്ത് ഞാനും മരിച്ച് അടക്കപ്പെടും’’ എന്നു രൂത്ത് പറയുന്നത് ഉൾപ്പുളകത്തോടെയേ കേൾക്കാൻ കഴിയൂ... (1:17)

രൂത്ത് പറയുന്നതിതാണ്; എന്റെ ബന്ധം എന്റെ ഭർത്താവിനോടു മാത്രമല്ല. ആയിരുന്നെങ്കിൽ ഭർത്താവു മരിച്ചപ്പോൾ എനിക്ക് എല്ലാം ഇട്ടെറിഞ്ഞു പോകാമായിരുന്നു. എന്നാൽ വിവാഹത്താൽ ഞാൻ ബന്ധിക്കപ്പെട്ടത് ഭർത്താവിനോടു മാത്രമല്ല, അവന്റെ കുടുംബത്തോടും അവന്റെ ദൈവത്തോടും അവന്റെ ജനത്തോടുമാണ്.

എന്റെ ജനത്തോടും എന്റെ കുടുംബത്തോടും എന്റെ ദൈവത്തോടുമുള്ള വൈകാരികമായ കെട്ടുപാടുകളെ പൊട്ടിച്ചു കളഞ്ഞിട്ടാണ് ഞാൻ ഈ ഭവനത്തിലേക്കു വന്നത്. ഇനി മോവാബ്യരല്ല എന്റെ ജനം. മോവാബ്യ ദൈവങ്ങളല്ല എന്റെ ദൈവം. എന്റെ ഭർത്താവിന്റെ ഭവനത്തിലേക്കു ഞാൻ വന്നതോടെ ഇനി എന്റെ ഭർത്താവിന്റെ - എന്റെ അമ്മായിയമ്മയുടെയും - ജനം എന്റെ ജനം; എന്റെ ഭർത്താവിന്റെ ദൈവം എന്റെ ദൈവം!...

വിവാഹിതരായിത്തീരുന്ന ഒരു സ്ത്രീയുടെ വൈകാരിക പറ്റുമാനം ഇനി അവളുടെ പഴയവീട്ടുകാരോടോ, ജനത്തോടോ, ദേശത്തോടോ, ഒന്നുമാകാൻ പാടില്ല. അതൊക്കെ കഴിഞ്ഞ കഥ! ഇപ്പോൾ അവൾ പുതിയൊരു ഭവനത്തിലെ അംഗമാണ്. അവളുടെ വൈകാരിക അടുപ്പം ഇപ്പോൾ ഭർത്താവിനോടും ഭർത്താവിന്റെ കുടുംബത്തോടും സാഹചര്യത്തോടും പശ്ചാത്തലത്തോടും എല്ലാമാണ്!

ഇതൊക്കെ 'ഇക്കാലത്ത്' നടക്കുമോ എന്ന് സംശയിക്കുന്നവരുണ്ടാകാം. എന്നാൽ ഇതാണ് ദൈവിക മാതൃക എന്നതിനു സംശയമൊന്നുമില്ല. ദൈവിക മാതൃക പിൻതുടരുന്ന കുടുംബം തകരുകയില്ല. അവർ അനുഗ്രഹിക്കപ്പെടും! ഭൂമിയിൽ അവർ സ്വർഗ്ഗം പണിയും.

# അനുബന്ധം

# മാതാപിതാക്കളേ നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി...

'**പാ**സ്റ്റർ എന്നെ ഇതുവരെ കണ്ടിട്ടില്ല. പക്ഷേ ഞാൻ എല്ലാ ഞായറാഴ്ചയും പാസ്റ്ററെ കണ്ടിട്ടുണ്ട്.' കോയമ്പത്തൂർ സി.എം. എസ്. കോളേജിലെ ഒരു കുട്ടിയുടെ പരിഭവമാണിത്.

'നൂറിൽ കൂടുതൽ കുട്ടികൾ പല കോളേജുകളിൽ നിന്നും വരുന്ന ഒരു വലിയ സഭയിലാണ് ഞാൻ പോകുന്നത്. അവിടെ പാസ്റ്റർ ആക്ടീവായ കുട്ടികളെ കാണുകയും സഭയിൽ അവർ ശ്രദ്ധിക്കപ്പെടുകയും ചെയ്യും. പക്ഷേ എന്നെ ഇതുവരെ പരിചയപ്പെട്ടിട്ടില്ല.' മംഗലാപുരത്ത് നേഴ്സിംഗ് കോളേജിൽ പഠിക്കുന്ന മറ്റൊരുകുട്ടിയുടെ പരിഭവം.

വിസ്താരഭയത്താൽ 'അനുഭവങ്ങൾ' കൂടുതൽ പങ്കുവയ്ക്കുന്നില്ല.

അധ്യയനവർഷം ആരംഭിച്ചു. 10-ാം ക്ലാസ് വരെ പെൺകുട്ടികൾ അമ്മയുടെ സാരിത്തുമ്പിൽ പിടിച്ച്, 'അടങ്ങി ഒതുങ്ങി' കഴിയും. അവരോളം വിശുദ്ധർ ആരുമില്ല. ആൺകുട്ടികളും 10-ാം ക്ലാസ്സ് വരെ വല്യ ശല്യമൊന്നുമില്ല. ഇവർ 10-ഉം 12-ഉം കഴിയുമ്പോഴേക്കും 'ഉരുണ്ട' ഭൂമിയിൽ നിന്നും പരന്ന ഭൂമിയിലേക്കുള്ള കുതിപ്പാണ്. കൂ

ട്ടത്തിൽ യൗവ്വനമോഹങ്ങളും കൂട്ടിനെത്തും. ആരും അവരെ ശ്രദ്ധിക്കണമെന്നവർ ആഗ്രഹിക്കുന്നില്ല. ഒരുതരം സ്വാതന്ത്ര്യം..! സ്വാതന്ത്ര്യവിഹാരം... കിളിയെ കൂടു തുറന്നുവിട്ട പ്രതീതി! അടിസ്ഥാനം മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും? എന്തുംചെയ്യും?

കുടുംബം തന്നെയാണ് ആദ്യത്തെ പാഠശാല. മാതാപിതാക്കളിൽ നിന്നാണ് അവർ ആദ്യം പാഠം പഠിക്കേണ്ടത്. സത്യോപദേശത്തിൽ അവരെ വളർത്തി 'അടിസ്ഥാനം' ശരിയാക്കണം. അടിസ്ഥാനം ഇല്ലെങ്കിൽ ഏതു കെട്ടിടവും തകരും. ഇതുപോലെ, അടിസ്ഥാനമില്ലാതെ വളർത്തിയതാണ് നമ്മുടെ തലമുറയുടെ തകർച്ചയുടെ ഒന്നാമത്തെ കാരണം.

അഞ്ചു വയസ്സിനു മുമ്പുതന്നെ പണിയേണ്ടതാണ് അടിസ്ഥാനം.

ബൈബിൾകഥകൾ പറഞ്ഞ് ഉറക്കുകയും-കഴിയുമെങ്കിൽ വലിയ ചിത്രകഥ ബൈബിൾ വായിക്കുകയും, ചിത്രങ്ങൾ കാണിക്കുകയും ചെയ്യാം. അങ്ങനെ അവരുടെ ജീവനെ നാം നാശത്തിൽ നിന്ന് രക്ഷിക്കാൻ ആരംഭിക്കാം. ഈ പ്രായത്തിൽ തന്നെ നാമവരെ സണ്ടേസ്കൂളിലും അയയ്ക്കാം.

സണ്ടേസ്കൂളിൽ, പാഠപുസ്തകം മനപാഠമാക്കാനും വാക്യങ്ങൾ മനപാഠമാക്കാനും മാത്രം നാം ശ്രദ്ധിക്കുകയും പാഠ്യ, പാഠ്യേതര വിഷയങ്ങൾക്ക് എന്റെ മക്കൾ 'ഒന്നാമത്' എത്തുകയും ചെയ്യണമെന്ന് ചിന്തിക്കുകയും ചെയ്യുന്നതോടെ അവരെ നാം 'വീഴ്ച'യുടെ ഒന്നാം ഘട്ടത്തിലേക്ക് തള്ളിവിടുകയാണ്.

മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ് സണ്ടേസ്കൂളിൽ അവർ 'എന്തു പഠിച്ചു' എന്ന് തിരക്കേണ്ടത്. എന്നാൽ കൊച്ചുന്നാളിലെ, അവരെ 'മത്സരികൾ' ആക്കിത്തീർക്കുകയാണ് നാം പലപ്പോഴും ചെയ്യുന്നതെന്ന കാര്യം നാം മറക്കുന്നു. ഒരു പക്ഷേ അവർ സ്കൂളിലും സണ്ടേസ്കൂളിലും ഒന്നാമതായിരിക്കും. പക്ഷേ ജീവിതത്തിൽ തോൽവിയുടെ ആദ്യ പ്രവേശനത്തിലേക്കവരെത്തുകയാണുണ്ടാവുന്നത്. ഒന്നാം ഘട്ടം പൂർത്തിയാക്കും. കാരണം, കുഞ്ഞുമനസ്സിലെ 'കോമ്പറ്റീഷൻ', മത്സരിച്ച് ജയിക്കാനുള്ള ഒരു വിഷവിത്ത് നാം പാകിയിടുകയാണ്. അത് അവിടെ വളരാൻ തുടങ്ങും. എല്ലാവരെയും കാൽക്കീഴാക്കി, എന്റെ തല ഉർന്നിരിക്കണമെന്ന ഭാവവും, അസൂയയും, പകയും, ധാർഷ്ഠ്യവും, അവരിൽ

വളരുകയും അവരിലെ ജയത്തിന് വളവും വെള്ളവും പരോക്ഷമായി നാം അനുവദിക്കുകയുമാണ്. ആരാധനാ യോഗങ്ങളും കൂട്ടായ്മകളും മുടക്കി നാമവരെ പഠിപ്പിക്കുകയാണ്. പഠിപ്പിച്ച് പഠിപ്പിച്ച് വലിയ മത്സരികളാക്കുന്നു.

എന്നാൽ അവർ നന്നായി പഠിക്കണ്ടേ? പഠിക്കുന്നത് തെറ്റാണോ? നമ്മിലുയരുന്ന ഒരു ചോദ്യമാണിത്. തീർച്ചയായും വേണം, പഠിക്കണം. നാം എന്തുചെയ്താലും - തിന്നാലും, കുടിച്ചാലും, പഠിച്ചാലും, ആഹാരം ഉണ്ടാക്കിയാലും, വീടു വൃത്തിയാക്കിയാലും എന്തു ചെയ്താലും പിതാവായ ദൈവം നമ്മിൽ മഹിമപ്പെടണം. എന്തു ചെയ്താലും ദൈവം നമ്മിൽ മഹിമപ്പെടണമെങ്കിൽ അത് ദൈവത്തിനായ് സമർപ്പിതമായിരിക്കണം. നൂറു ശതമാനം പരിപൂർണ്ണമായിരിക്കണം. പഠനവും അപ്പോൾ പരിപൂർണ്ണമാകണം. മാതാവിനോ, പിതാവിനോ, ടീച്ചർക്കോ വേണ്ടി ആയിരിക്കരുത് പഠിക്കേണ്ടത്. ദൈവത്തിനുവേണ്ടിയും ദൈവം മഹിമപ്പെടേണ്ടതിനുംവേണ്ടിയുമാണ്. അതുകൊണ്ടത് പെർഫെക്ട് ആകണം. നൂറിൽ നൂറും വാങ്ങാൻ തക്ക പെർഫെക്ട്!

സണ്ടേസ്കൂൾ പാഠ്യപദ്ധതിയും മാറ്റേണ്ട കാലം എന്നേ അതിക്രമിച്ചു. യേശുവിനെക്കുറിച്ചും, അവന്റെ ജീവിതവും ഉപദേശവും, വളർച്ചയും, മനോഭാവവും, ശുശ്രൂഷയും, അവിടുന്ന് വരുത്തുന്ന സ്വാധീനവും ഒക്കെ പഠിപ്പിച്ച്, കുട്ടികളിൽ യേശുവിനെ നിറച്ചിരുന്നെങ്കിൽ ഈ തലമുറയിലെ കുഞ്ഞുങ്ങൾ എത്ര മാറിയേനെ! ക്രിസ്തീയ കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് മാനസാന്തരം അത്യന്താപേക്ഷിതമായിരിക്കുന്നു.

അത്യാവശ്യം പാഠങ്ങൾ പഠിപ്പിച്ച് കുട്ടികളുമായി സംവാദിക്കുകയും, അവന്റെ കൂട്ടുകാരെപ്പറ്റി തിരക്കുകയും ജീവിതത്തിലെ പ്രതിസന്ധികളെപ്പറ്റി സംസാരിക്കുകയും, രക്ഷയുടെയും സ്നാനത്തിന്റേയും വിശുദ്ധ ജീവിതത്തിന്റേയും ആവശ്യത്തെപ്പറ്റി അവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ആരാധനയിലും വലിയ മാറ്റങ്ങൾ ആവശ്യമുണ്ട്. കയ്യടിച്ച്, തമ്പേറുപൊട്ടിച്ച്, ചാടിയും തുള്ളിയും വിയർത്തുകഴിയുമ്പോൾ 'ആരാധന വെളിപ്പെട്ടു' എന്ന് സംതൃപ്തിയടയുകയും 'പെർഫോമൻസി'നുവേണ്ടി എന്തും കാണിക്കുകയുമാണ്. സിറ്റികളിൽ ഇതിന്റെ

മറ്റൊരു പകർപ്പത്രെ. വാദ്യോപകരണങ്ങളിലാണ് കളി. താളവും അവതാളവും അന്യഭാഷപോലും ഫീഡ് ചെയ്തുവയ്ക്കുകയും പോസ്റ്റർ പലവിധത്തിൽ രൂപപ്പെടുത്തുകയും ചെയ്യും.

ഇതാണോ ആരാധന? ഇതിനാണോ ഞായറാഴ്ച നാം വന്നു കൂടുന്നത്? ആത്മാവിന് എന്താണ് ഇതിൽ നിന്ന് ലഭിക്കുക? നാം ദേഹിയെയാണ് ഇതിലൂടെ പരിപോഷിപ്പിക്കുന്നത്. ആത്മാവിനെയല്ലെന്ന് തിരിച്ചറിയണം. ആത്മാവ് കീറിമുറിയുന്നത് ദൈവവചനമെന്ന വാളിലൂടെ മാത്രമാണ്. അതിനായി പ്രാർത്ഥനയിലും വചനധ്യാനത്തിലും ഉറ്റിരിക്കാൻ പാസ്റ്റർമാർ ശ്രദ്ധിക്കുകയും അവരത് ജനങ്ങളിലേക്ക് പകർന്നു കൊടുക്കുമ്പോൾ, ജനം ആത്മാവിന്റെ സ്പർശനം അനുഭവിക്കുകയും ഹൃദയം കീറിമുറിയപ്പെട്ട്, രൂപാന്തരത്തിലേക്ക് അവർ മാറ്റപ്പെടുകയും ചെയ്യും. അടുത്ത ഒരാഴ്ച ജീവിക്കേണ്ടതെങ്ങനെയെന്നും എന്ത് പ്രഘോഷിക്കപ്പെടണമെന്നും ജനം അഭ്യസിക്കേണ്ട സ്ഥലമാണ് സഭാകൂടിവരവുകൾ.

കലാലയജീവിതത്തിലേക്ക് തിരിയുന്ന കുട്ടികളെക്കുറിച്ച് നമുക്ക് ഉത്തരവാദിത്തം വേണം. അവരുപയോഗിക്കുന്ന ഫോൺ, കമ്പ്യൂട്ടർ ഇവയിലൊക്കെ നമ്മുടെ കണ്ണ് പതിയണം. അത് കാണാനോ, നോക്കാനോ അവർ സമ്മതിക്കുന്നില്ലെങ്കിൽ നമ്മിൽനിന്നും ദൈവത്തിൽനിന്നും അവർ അകലുന്നു എന്നു നാം തിരിച്ചറിയണം. കമ്പ്യൂട്ടറും ഫോണും യഹോവയ്ക്ക് വിശുദ്ധമാണെന്നും എന്റെ യേശുവിന് കാണാൻ കൊള്ളാത്തതും കേൾക്കാൻ കൊള്ളാത്തതും ഒന്നുമിതിലില്ലെന്നും ഉറപ്പുവരുത്തണം. മാതാപിതാക്കൾ മക്കളെ ഭയപ്പെടേണ്ട ഒരാവശ്യവും ഇല്ല.

ഹോസ്റ്റലിലേക്ക് പോകുന്ന കുഞ്ഞുങ്ങളെക്കുറിച്ച് ആദ്യം നാം അറിയേണ്ടത് - അവർക്ക് കൂട്ടായ്മക്കായി നല്ലൊരു സഭ ഉണ്ടോ എന്നാണ്. വലിയ ഡൊണേഷൻ കൊടുത്തും ഫീസു കൊടുത്തും പഠനത്തിനായ് ചേർത്തു കഴിഞ്ഞാണ് പലരും ഇത് തിരക്കുന്നത് ഒട്ടും തിരക്കാത്തവരുമുണ്ട്. ഒരു പാസ്റ്ററെയും കുടുംബത്തെയും കണ്ടെത്തുകയും ആ സഭയിലവർ വരുന്നുണ്ടോ, ആത്മീകരായാണോ തുടരുന്നത് എന്ന് മാതാപിതാക്കൾ നിരന്തരം തിരക്കേണ്ടതുണ്ട്. നമ്മുടെ നന്മയിൽ അവർക്കും കൂടെ കൂട്ടായ്മ കാണിക്കുകയും, കഴിയുമെങ്കിൽ, മക്കളോടൊത്ത് സഭാ കൂടിവരവിൽ പങ്കെ

ടുക്കാൻ ശ്രമിക്കുകയും വേണം. ചെറിയ സഭകളിലേക്ക് മക്കളെ പറഞ്ഞയയ്ക്കുന്നതാണ് ഏറ്റം ഉത്തമം. വലിയ സഭകളിൽ പാസ്റ്റർക്കിവരെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെന്നിരിക്കും. എന്നാൽ കുട്ടികൾക്ക് വലിയ സഭയാണിഷ്ടം എന്നത് നാം മറക്കണ്ട. അവരെ ആരും ശ്രദ്ധിക്കാതിരിക്കാനാണ് അവർക്ക് താല്പര്യം.

കോളേജിലെ അഡ്മിഷന്റെയും ഹോസ്റ്റലിന്റെയും ഒക്കെ കാര്യങ്ങൾ ചിന്തിക്കുന്ന ഈ 'സീസണിൽ' നാം വളരെ ജാഗ്രതയോടെ ഏകാഗ്രതയോടെ ദൈവാശ്രയത്തോടെ, നമ്മുടെ മക്കളുടെ ഭാവി കർത്താവിനെ ഭരമേല്പിക്കാം..!

# ദൈവം പണിയുന്ന കുടുംബങ്ങൾ

കഴിഞ്ഞ മാസം എന്റെ ഒരു സുഹൃത്തിനെ ഏറെ നാളുകൾക്ക് ശേഷം കണ്ടുമുട്ടി. അതൊരു കല്യാണ സദ്യയിൽ വച്ചായിരുന്നു. പെട്ടെന്നു വരുന്ന 'ആലോചന' പെട്ടെന്നു തന്നെ 'പൊട്ടുന്നു' എന്ന് ഞാനും സംഭാഷണ മദ്ധ്യേ പറഞ്ഞു. അതുപറയാൻ കാരണം അവർ ചില 'രഹസ്യങ്ങൾ' എന്നോടു പറഞ്ഞതിന്റെ പ്രതികരണമായിരുന്നു.

മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവ ഭൂരിപക്ഷമുള്ള പട്ടണത്തിലെ ഒരു പെന്തെക്കോസ്തു കൂടിവരവിൽ തന്നെ 8 കുടുംബങ്ങൾ വിവാഹമോചിതരാണ്.

കുടുംബജീവിതത്തെക്കുറിച്ചുള്ള ക്ലാസ്സുകളെടുക്കാൻ പോകുമ്പോൾ കേൾക്കുന്ന കഥകൾ, ഞെട്ടിക്കുന്നതാണ്. 'പബ്ലിക്കിൽ' പറയാനോ എഴുതാനോ കൊള്ളില്ല.

തൊണ്ണൂറ് ശതമാനം കഥകളിലും കുറ്റക്കാർ മക്കളല്ല. 'ആലോചന'യുമായി എത്തുന്ന 'ബ്രോക്കർമാരും' മാതാപിതാക്കളും ആണ്.

കുഞ്ഞുങ്ങളുടെ ഭാവി ശോഭനപൂർണ്ണമാക്കാനായി അവർ ഏറ്റം മുൻഗണന കൊടുക്കുന്നത് 'പണ'ത്തിനാണ്. അതിൽ ജോലിയും കുടുംബസ്വത്തും ഒക്കെ ഉൾപ്പെടും. പണക്കാരനെക്കൊണ്ട് വിവാഹം കഴിപ്പിച്ചുകഴിഞ്ഞാൽ പിന്നെ എന്റെ മകൾ 'സെക്യൂർ' (secure)

ആകും. പിന്നെ അവരുടെ ഭാവി ഓർത്ത് ഒട്ടും ആശങ്കവേണ്ട. കൊള്ളാം! നല്ല ചിന്താഗതി! മക്കളെ സ്നേഹിക്കുന്നവരുടെ 'ആധി' അതോടെ തീർന്നു!

രണ്ടാമത്, അവർ മുൻഗണനകൊടുക്കുന്നത് പഠിത്തം ആണ്. (നല്ല ജോലിയും പണവും ഉണ്ടെങ്കിൽ പഠിത്തമില്ലെങ്കിലും കുഴപ്പമില്ല) 'വിദ്യാഭ്യാസം' എന്ന 'കച്ചവടം' ഇന്നത്തെ ഒരു വലിയ 'ചതിക്കുഴി' ആണെന്ന് ഇവരെന്നാ മനസ്സിലാക്കുന്നത്? ലക്ഷങ്ങൾ 'ഡൊണേഷൻ' കൊടുത്തും 'കൈക്കൂലി കൊടുത്തും' നേടിയെടുക്കുന്ന അഡ്മിഷൻ! അവിടെ നിന്നും ഏന്തിവലിഞ്ഞ്, ജയിച്ചോ തോറ്റോ; എന്ന പരുവത്തിൽ പുറത്ത് വരുന്ന 'മിടുക്കന്മാർ'! ഇവർ ചിന്തിക്കുന്നവരാണെങ്കിൽ ആദ്യം ചിന്തിക്കുന്നത് സ്വന്തം അപ്പന്റെയും അമ്മയുടെയും വഞ്ചനയെപ്പറ്റി ആയിരിക്കും? 'ചട്ടനെ പൊട്ടൻ കളിപ്പിച്ചാൽ പൊട്ടനെ ദൈവം കളിപ്പിക്കും' എന്നവർ ചിന്തിക്കും (വക്രനോട് ദൈവം വക്രനായിരിക്കും).

ഈ ലേഖനം എഴുതി തുടങ്ങിയപ്പോൾ പ്രതികരിച്ചു തുടങ്ങിയ വാചകം ആവർത്തിക്കട്ടെ. 'പെട്ടെന്ന് വന്ന ഒരു ആലോചനയായിരുന്നു, പെട്ടെന്ന് തന്നെ പൊട്ടുന്നു'

എങ്ങനെയാണ് പെട്ടെന്ന് 'ആലോചന' വരുന്നത്. മക്കൾക്ക് ഒറ്റ ദിവസം കൊണ്ട് പ്രായം കൂടിപ്പോവുകയും മറ്റും അല്ലല്ലോ. അവർ നമ്മുടെ വയറ്റിൽ ജനിക്കുമ്പോൾ മുതൽ അവർക്കായി പ്രാർത്ഥിച്ച് തുടങ്ങാം. അവരുടെ പങ്കാളിക്കായി ആദ്യം മാതാപിതാക്കളും പ്രായപൂർത്തി ആയാൽ (14, 15 വയസ്സിൽ) അവരോടത് പറഞ്ഞു കൊടുത്ത് അവരെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് തുടങ്ങാം. ദൈവം ആ കാര്യത്തിൽ എങ്ങനെ ആലോചിച്ചോ, അങ്ങനെ ആലോചിക്കാൻ അവരെ പ്രേരിപ്പിക്കണം. ഏദനിൽ ആദാമിനെ സൃഷ്ടിച്ച് കഴിഞ്ഞ് ദൈവം അവന് ഗാഢ നിദ്ര നൽകി. ഗാഢ നിദ്ര വിട്ടുണർന്നപ്പോൾ അവന്റെ മുമ്പിൽ ദൈവം സ്ത്രീയെ നിർത്തി. വിവാഹാലോചന വരുമ്പോൾ ദൈവം തിരഞ്ഞെടുത്തുതരട്ടെ! നാം സ്വസ്ഥമായി അവനെ കാര്യം ഭരമേൽപ്പിച്ചാൽ മതി.

പക്ഷേ, ദൈവം തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ അവനതിനുള്ള സ്വാതന്ത്ര്യം നാം കൊടുത്തേ പറ്റൂ. ദൈവം തിരഞ്ഞെടുക്കാൻ തീരുമാനിക്കുമ്പോൾ നമുക്ക് ഒന്നും അങ്ങോട്ട് 'ഡിമാന്റ്'

ചെയ്യാൻ അവകാശമില്ല. നമ്മുടെ 'ലിസ്റ്റ്' കൊടുത്തിട്ട് അടിയിൽ ഒപ്പിടാൻ ദൈവത്തെ കിട്ടത്തില്ല. ദൈവം തിരഞ്ഞെടുത്തു തരിക യാണെങ്കിൽ അവൻ ആദ്യം ചെയ്യുക ഒരു വ്യക്തിയെ ആയിരിക്കും നമുക്കായി തെരഞ്ഞെടുത്തു തരിക. നിങ്ങൾ ഓർക്കും 'വ്യക്തി'യെ അല്ലാതെ 'മൃഗ'ത്തെയാണോ നല്കുന്നതെന്ന്. (വ്യക്തിയുടെ വ്യ ക്തിത്വം നഷ്ടപ്പെട്ടാൽപ്പിന്നെ അവർ മൃഗതുല്യരായിമാറും).

ഇന്നിപ്പോൾ വിവാഹം ഒരു കമ്പോളം (കച്ചവടം) പോലെയായി. കുടുംബമഹിമയെ വിവാഹം ചെയ്യും, മറ്റുചിലർ പണത്തെ വിവാഹം ചെയ്യും, അതുമല്ലെങ്കിൽ വേറെ ചിലർ ജോലിയെയോ വിദ്യാഭ്യാ സത്തെയോ ആണ് വിവാഹം ചെയ്യുന്നത്. വ്യക്തിത്വങ്ങൾ തമ്മിൽ, അതുമല്ലെങ്കിൽ അവരിലെ ആശയങ്ങളെ തമ്മിൽ വിവാഹം കഴിക്കു ന്നതൊക്കെ അപൂർവ്വമായിവരുന്നു.

ഓരോ വ്യക്തിക്കും ഒരു 'വിളി' ദൈവം നല്കിയിട്ടുണ്ട്. ഒരുപ ക്ഷേ, അത് സുവിശേഷവേല ആവാം. അതല്ലെങ്കിൽ ജോലി തെ രഞ്ഞെടുക്കുവാനുള്ള ഒരു 'വിളി' ആവാം. എന്നാൽ ഇതിനെല്ലാം പിന്നിലെ നിയന്ത്രണശക്തി ദൈവമാണ്. അവന്റെ ഹിതം ആണ് നടക്കേണ്ടത്. നാം ആ വിളിയ്ക്ക് ചേർന്ന്, അവന്റെ സൃഷ്ടി കർമ്മ ത്തിന്റെ പങ്കാളിയാവുകയാണ് വേണ്ടത്. 'തോട്ടം' കാപ്പാൻ ദൈവം നമ്മെ ആക്കി വയ്ക്കുമ്പോൾ അത് വിശ്വസ്തതയോടെ കാക്കുക എന്നു മാത്രമേ ദൈവം ഉദ്ദേശിക്കുന്നുള്ളൂ. പഠനം വിശ്വസ്തതയോ ടെ ചെയ്യുക (അപ്പനു വേണ്ടിയോ അമ്മയ്ക്കുവേണ്ടിയോ, ടീച്ചറി നുവേണ്ടിയോ, നമുക്കുവേണ്ടിപ്പോലുമോ അല്ല പഠിക്കേണ്ടത്). ദൈ വം നമ്മെ ഏല്പിച്ചത് അതിന്റെ പൂർണ്ണ അളവിൽ, പരിപൂർണ്ണമാ യി അവിടുത്തേയ്ക്ക് മടക്കിനല്കുന്ന 'യാഗ'മാണ് പഠനം. നമ്മുടെ ജോലിയുമൊക്കെ അങ്ങനെ തന്നെയാണ്. നമ്മുടെ മുഴുപരിശ്രമവും (effort) ഉപയോഗിക്കുമ്പോൾ ദൈവം പ്രസാദിക്കുന്ന യാഗമായത് മാ റും.

1. പങ്കാളിയെ കണ്ടെത്തുന്നതിന്, വിശ്വസ്തനായ ദൈവത്തെ കാര്യങ്ങൾ ഏല്പിച്ച്, വിശ്വാസത്തോടെ കാത്തിരിക്കണം.

2. പങ്കാളി എന്ന വാക്കിനർത്ഥം തന്നെ, നമ്മുടെ ദൗത്യം പൂർ ത്തീകരിക്കാൻ (നമുക്ക് ദൈവം നല്കിയ ഏതു ജോലിയും) നമ്മെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്ന

വ്യക്തി, നമുക്ക് ആ ദൗത്യം പൂർത്തീകരിക്കാൻ നല്കിയ സഹായി (helper) ആണ് പങ്കാളി.

ഒരാൾ ചെയ്യുന്ന പണി മറ്റൊരാളുടെ സഹായം കൂടിയാവുമ്പോൾ വേഗത്തിലാവുന്നതു പോലെയാണിത്. അങ്ങനെ വരുമ്പോൾ നമ്മുടെ വിളിയ്ക്ക് അനുയോജ്യമായ കാര്യങ്ങളാണ് പങ്കാളിയിൽ അന്വേഷിക്കേണ്ടത്. 'ഈ ജോലി' ചെയ്യാൻ അവളെ (അവനെ) കൊണ്ടാകുമോ? അവരൊന്നിച്ചാൽ അത് വിജയമാകുമോ. Idea + Idea ആശയ പൊരുത്തം. Vision + Vision - കാഴ്ച (പുറമെയുള്ള കാഴ്ചയല്ല) പൊരുത്തം, mission + mission ദൗത്യത്തെ പൊരുത്തം ഇതൊക്കെയാണ് ഒരു പങ്കാളിയിൽ നാം തിരയേണ്ടത്.

3. വിവാഹാലോചന വേളയിൽ പങ്കാളിയെപ്പറ്റി നന്നായി തിരക്കണം. വിശ്വസ്തന്മാരെ ആ കാര്യം ഭരമേല്പ്പിക്കണം. വളരെ സ്വാർത്ഥതയും അസൂയയും സ്വസ്നേഹവും നിറഞ്ഞ ഈ കാലഘട്ടത്തിൽ വളരെ ഉത്തരവാദിത്തമുള്ളവർ തന്നെ നേരിട്ടന്വേഷിക്കണം. ആരെങ്കിലും എന്തെങ്കിലും പറയുന്നതു ചെയ്താൽ അതിന്റെ തിക്താനുഭവം നാം തന്നെ അനുഭവിക്കേണ്ടിവരും.

പങ്കാളിയെ അന്വേഷിക്കുമ്പോൾ ദൈവഭയത്തിൽ ജീവിച്ച കുട്ടികളെത്തന്നെ അന്വേഷിക്കണം. ഈ മേഖല വളരെ വഞ്ചന നിറഞ്ഞതാണ്. കാരണം പെന്തെക്കോസ്തു കുടുംബത്തിലെ മകനല്ലെ മകളല്ലെ, എത്ര തലമുറ മുതലേ വിശ്വാസികളാ, ഇതൊക്കെ നാം പറയുന്ന ന്യായം തലമുറകളും വിശ്വാസങ്ങളും മാറി വരികയാണ്. ഈ പറയുന്ന വിശ്വാസവും ഭക്തിയും ഒന്നും ചെറുക്കനും പെണ്ണിനും ഉണ്ടാവണമെന്നില്ല. അവർ രക്ഷിക്കപ്പെട്ടവരാണോ (യഥാർത്ഥ മാനസാന്തരം) എന്ന് തിരക്കണം. നാമിന്നും ഒരു മൂഢ സ്വർഗ്ഗത്തിലാണ്. പെന്തെക്കോസ്തിൽ ജനിച്ചു വളർന്നവരെല്ലാം പെന്തെക്കോസ്തുകാരാണ്. പക്ഷേ വീണ്ടും ജനിച്ചില്ലെങ്കിൽ അവരാരും പെന്തെക്കോസ്ത് പോയിട്ട് 'ക്രിസ്ത്യാനി' പോലും ആകുന്നില്ല (ആഭരണം ഇടുന്നില്ല എന്ന വ്യത്യാസമേ 'ലോകക്കാരുമായിട്ടുള്ളു). 16, 18 വയസ്സാകുമ്പോൾ 'കർമ്മം' അനുഷ്ഠിക്കുന്നതുപോലെ സ്നാന ജലത്തിൽ അവരും ഒരിക്കൽ ഇറങ്ങിയിട്ടുണ്ടാവും! ക്രിസ്തുവിന്റെ സ്വഭാവത്തോടനുരൂപപ്പെടുത്താത്ത ഏതു 'മാനസാന്തരവും' മാനസാന്തരമാകുന്നില്ല; ഒരാൾ വീണ്ടും ജനനം പ്രാപിച്ചതാണോ എന്ന് തിരിച്ചറിയ

ണമെങ്കിൽ അവനിൽ അവന്റെ അപ്പന്റെ (ക്രിസ്തുവിന്റെ) സ്വഭാവം ഉണ്ടോ എന്ന് പരിശോധിച്ചാൽ മതി.

വളരെ വ്യക്തമായി ഈ സ്വഭാവം പ്രാപിച്ചവർ തമ്മിൽ വേണം വിവാഹം കഴിക്കാൻ. എങ്കിലേ, അത് വിജയകരമായി കൊണ്ടുപോകാനാവൂ. എന്തെല്ലാം വച്ചുകെട്ട് (adjustment) ഉണ്ടെങ്കിലും ക്രിസ്തുകേന്ദ്രീകൃതമല്ലെങ്കിൽ, കുടുംബബന്ധത്തിന് ഉലച്ചിലുണ്ടാവും.

ഒരു പ്രവാചകനും പാസ്റ്ററുമായ ചെറുപ്പക്കാരനായ ഒരു ദൈവദാസൻ ഞങ്ങളുടെ വീട്ടിൽ വന്നു. അദ്ദേഹം വർത്തമാന ത്തിനിടെ പറഞ്ഞു ഞാൻ 30 പെൺകുട്ടികളെ കണ്ടിട്ട്, ഒത്തില്ല. 31-ാമത്തെ പെണ്ണിനെയാണവസാനം വിവാഹം കഴിച്ചത് എന്ന്. ഞാൻ വാ പൊളിച്ചിരുന്നുപോയി. എന്തൊരു മിടുക്കൻ! ഭയങ്കരൻ! വല്യ നോട്ടക്കാരൻ! ഒരു പക്ഷേ ലോകസുന്ദരി ആയിരിക്കും ഇദ്ദേഹത്തിന്റെ ഭാര്യ! എന്റെ ചിന്തകളെ ഉണർത്തി അദ്ദേഹം തു ടർന്നു. 'ആന്റി, പേടിക്കയൊന്നും വേണ്ട. ഞാൻ കണ്ട 30 പെൺപ ിള്ളേരിൽ പകുതിയിൽ കൂടുതൽ പേർക്കും സുവിശേഷ വേല വേണ്ടേ, വേണ്ട. ബാക്കി പകുതി പേർക്ക്, 'സുവിശേഷ വേല ആയാലും കുഴപ്പമില്ല അഡ്ജസ്റ്റ് ചെയ്യാം' എന്ന തരക്കാർ. എന്റെ ഭാര്യ (31-ാമത്തെ പെണ്ണ്) അവൾ മാത്രം പറഞ്ഞു - ''സുവിശേഷ വേല മാത്രം മതി'' - എന്ന്. പിന്നെ ഞാൻ ഒന്നും നോക്കിയില്ല എന്റെ ദൗത്യം പൂർത്തിയാക്കാൻ അവൾ മതി എന്ന് നിശ്ചയിച്ചു''. എനിക്ക് വലിയ ആവേശം തോന്നി. മിഷനറിമാരായ പല ചെറു പ്പക്കാരെയും എനിക്ക് അറിയാം. ഇതേ ഉറപ്പോടെയാണ് അവർ കഴിയുന്നത്. അവർക്ക് ദൈവവേലയ്ക്ക് പൂർണ്ണ സമർപ്പണമുള്ള പെണ്ണ് മതി; അതിനെത്ര കാലം വേണമെങ്കിലും കാത്തിരിക്കാൻ തയ്യാർ? പക്ഷേ പ്രശ്നം അതല്ല; വേലയ്ക്ക് വിളിയും സമർപ്പണ വുമുള്ള പെൺകുട്ടികളിന്നില്ല- ഉണ്ടെങ്കിൽ തന്നെ ഞാനാദ്യം പ റഞ്ഞ 'സെക്യൂരിറ്റി' നോക്കി മാതാപിതാക്കൾ അവരെ പിൻതിരി പ്പിക്കുന്നു. ഇതിനൊരു മോചനം ആവശ്യമാണ്. ദൈവത്തിന്റെ വേലയോളം വലിയ ഒരു പദവിയും, അനുഗ്രഹവും വേറെ ഒന്നു മില്ലെന്നും അവരാണ് ലോകത്തിലെ ഏറ്റവും 'സെക്യൂർ' എന്നും ഇവരെന്ന് മനസ്സിലാക്കും?

കുടിയന്റെയും വ്യഭിചാരിയുടെയും ദ്രവ്യാഗ്രഹിയുടെയും വലയിൽ വീഴാതെ, എന്റെ മക്കൾ 'വിശുദ്ധന്റെ' കയ്യിൽ ആണല്ലോ എന്ന സെക്യൂരിറ്റി ആണ് ഏറ്റവും വലിയ സുരക്ഷിതത്വം എന്ന് എല്ലാവരും മനസ്സിലാക്കണം.

പണം, അത് ഏറിയും കുറഞ്ഞും ഇരിക്കും. പദവികളും മഹത്വവും, ഉയർച്ചയും എല്ലാം അങ്ങനെ തന്നെ.

എന്നാൽ വിശുദ്ധനായ ഒരു പുരുഷനും, വിശുദ്ധയായ ഒരു സ്ത്രീയും നയിക്കുന്ന കുടുംബം അതവർക്ക് ആസ്വാദ്യവും സന്തോഷവും സുരക്ഷിതത്വവും ഉറപ്പു നൽകുന്നു എന്നു തിരിച്ചറിയണം.

# ഗൃഹം പണിയുന്നവർ

കഴിഞ്ഞയാഴ്ച എന്നോടൊരാൾ ചോദിച്ചു: സാജുവിനൊപ്പം ആഫ്രിക്കയിലേക്ക് 'മൂവ്' ചെയ്തില്ലെ എന്ന്, ഞാൻ പറഞ്ഞു: 'ഇടയ്ക്കിടെ പോകാറുണ്ട്; എന്നാൽ 'ഗൃഹം പണി' തീർന്നിട്ടില്ലാത്തതിനാൽ പൂർണ്ണമായി മൂവ് ചെയ്തിട്ടില്ല' എന്ന്.

അദ്ദേഹം വിശുദ്ധനും ആത്മീകനുമായ ഒരു വ്യക്തിയായിരുന്നതിനാൽ ഞാൻ പറഞ്ഞതിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കി ഒന്നു പുഞ്ചിരിച്ചു. ആത്മീയതയുടെ ഭാഷ അറിയാത്ത ആളായിരുന്നെങ്കിൽ 'ഓഹോ, നിങ്ങൾ പുതിയ വീടു പണിയുകയാണോ, എത്രത്തോളമായി' എന്നൊക്കെ ചോദിച്ചേനെ...

ഗൃഹം പണിയുകയെന്നാൽ, കെട്ടിടം പണിയുകയല്ല. രൂത്തിന്റെയും ബോവസിന്റെയും വിവാഹനാളിൽ യിസ്രയേൽ മൂപ്പന്മാർ അവരെ അനുഗ്രഹിച്ചു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കൂ..

'നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും, ലേയയെപ്പോലെയും ആക്കട്ടെ. അവർ ഇരുവരുമല്ലോ യിസ്രയേൽ ഗൃഹം പണിതത്.' (റൂത്ത് 4:11)

ലേയയെയും, റാഹേലിനെയും പറ്റി അവരുടെ ചരിത്രം വിവരിക്കുന്ന ഉല്പത്തി പുസ്തകത്തിൽ പോലും അത്രവലിയ പ്രശംസാവചനങ്ങളൊന്നും കാണുന്നില്ല. അവർ യാക്കോബിന്റെ ഭാര്യമാ

രായിരുന്നു എന്നതൊഴികെ. എന്നാൽ റൂത്തിന്റെ പുസ്തകത്തിൽ അവരുടെ എല്ലാ ചരിത്രത്തെയും അതിശയിപ്പിക്കുന്ന ഒരു ചെറിയ പ്രസ്താവന - അവരാണ് യിസ്രയേൽ ഗൃഹം പണിതത്.

യാക്കോബിന്റെ പേരല്ലേ യഥാർത്ഥത്തിൽ അവിടെ വരേണ്ടത്. സാധാരണ ചരിത്രങ്ങൾ വച്ചുനോക്കിയാൽ, അതെ! എന്നാൽ പരിശുദ്ധാത്മാവ് ഇവിടെ പറയുന്ന, യാക്കോബ് അല്ല, റാഹേലും, ലേയയും ആണ് യിസ്രയേൽ ഗൃഹം പണിതത്.

പന്ത്രണ്ട് - ഗോത്രപിതാക്കന്മാരായിത്തീർന്ന യാക്കോബിന്റെ മക്കളുടെ അമ്മമാരായിരുന്നു ലേയയും റാഹേലും എന്നു നമുക്കറിയാം. ഗോത്രപിതാക്കന്മാരുടെ കുട്ടിക്കാലം അത്രയൊന്നും ആത്മീയ അന്തരീക്ഷത്തിലായിരുന്നില്ല. അവരുടെ അമ്മമാരുടെ അപ്പൻ ലാബാന്റെ ഭവനത്തിലാണല്ലോ അവർ വളർന്നത്. അബ്രഹാമന്റെ ഭവനത്തിലെപ്പോലുള്ള ആത്മീയ നിലവാരം ലാബാന്റെ ഭവനത്തിലുാകുകയില്ലല്ലോ. അവരുടെ പിതാവ് യാക്കോബ് യഹോവയെ അറിഞ്ഞിരുന്നെങ്കിലും ശരിക്കും അറിയേണ്ടതുപോലെ അറിഞ്ഞിരുന്നില്ല; എന്നതാണു വാസ്തവം. തന്ത്രശാലിയും, സ്വാർത്ഥനും, സ്വയാശ്രയിയുമായിരുന്നു യാക്കോബ് എന്നു നമുക്കറിയാം. അങ്ങനെയൊരു സാഹചര്യത്തിൽ, ജഗജില്ലികളായ പന്ത്രണ്ട് കൗമാരകേസരികളെ മെരുക്കിനിർത്താൻ ലേയയും റാഹേലും എത്ര കഷ്ടപ്പെട്ടു കാണണം.

പെനിയേലിൽ വച്ച് യാക്കോബിന് ശരിയായ മാനസാന്തരം ഉണ്ടായില്ലേ എന്നു ചേദിച്ചേക്കാം. തീർച്ചയായും! യാക്കോബിന്റെ തന്ത്രശാലിത്വവും സ്വാർത്ഥതയും സ്വാശ്രയവും മാറ്റി, ദൈവത്തിലാശ്രയിക്കാൻ ദൈവത്തിന്, യാബോക്ക് നദീതീരത്തുവച്ച് അവനോട് ഒരു മൽപ്പിടുത്തം തന്നെ നടത്തേണ്ടി വന്നു. എന്തായാലും ഒടുവിൽ അവൻ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ചു... അത് അവന്റെ വീണ്ടും ജനന ദിനമായിരുന്നു. ദൈവം അവന് പുതിയൊരു പേരും നല്കി. യിസ്രയേൽ. (ജനിക്കുമ്പോഴാണല്ലോ പേരു ലഭിക്കുന്നത്.)

ഭർത്താവിന്റെ മാനസാന്തരം 'ഗൃഹം പണി'യാൻ ലേയയെയും റാഹേലിനെയും ഒത്തിരി സഹായിച്ചു കാണണം. എന്നാൽ ഗൃഹം പണി അന്നല്ലല്ലോ തുടങ്ങിയത്. പെനിയേൽ അനുഭവസമയത്ത് യാക്കോബിന്റെ പല മക്കളും കൗമാരപ്രായം കടന്നിരുന്നു. അതായത്

'ഗൃഹം പണി' വളരെ നേരത്തെ ആരംഭിച്ചിരുന്നു. 'ഗൃഹം പണി' കുടുംബിനികളുടെ-സ്ത്രീകളുടെ ചുമതല തന്നെയാണ്. മക്കളെ പണിയുന്നതിന്, ദൈവം അമ്മമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഗൃഹം പണിയുകയെന്നാൽ, മക്കളെ പണിതെടുക്കുകയാണ്. മക്കളെ ഏങ്ങനെ പണിയണം? ഇന്ന്, മക്കളെ എഞ്ചിനിയറും ഡോക്ടറും ആക്കാൻ തത്രപ്പെടുന്ന മാതാപിതാക്കളെയാണ് നാം എവിടെയും കാണുന്നത്. മക്കൾ പഠിക്കട്ടെ; അവർ ജോലി ചെയ്യട്ടെ... അതിനൊരു കുഴപ്പവുമില്ല. എന്നാൽ മക്കളെ ജോലിക്കാരും ധനികരും ആക്കുന്നതോ..? ഗൃഹം പണിയുകയെന്നു പറഞ്ഞാൽ നിങ്ങളുടെ മക്കളെക്കുറിച്ച് ദൈവം ഉദ്ദേശിക്കുന്നത് എന്താണ് എന്നതാണ്.

'ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അമ്പേഷിച്ചു.' (മലാഖി 2:15) ദൈവം നിങ്ങളുടെ മക്കളിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?

ഈ വാക്യം മലയാളത്തിൽ അത്ര വ്യക്തതയില്ലാതെയാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. അവിശ്വസ്തതകാണിക്കുന്ന വിവാഹിതരോടുള്ള ഓരു ചോദ്യമാണ്. 'അവനല്ലെ, അവരെ ഒന്നാക്കിയത്. എന്തിനുവേണ്ടി, ദൈവം അവരെ ഒന്നാക്കി? അവൻ അവരിൽ നിന്ന് ഒരു വിശുദ്ധപ്രജയെ പ്രതീക്ഷിച്ചു... അതുകൊണ്ട് നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ. (Did He not make them one? And why did he make them one? He was seeking Godly offspring... (Mal 2:15 ISV)

ദൈവം വിവാഹിതരിൽ നിന്ന് പ്രതീക്ഷിക്കുന്നത് കുഞ്ഞുങ്ങളെ പ്രസവിച്ച് അവരെ 'വിശുദ്ധ പ്രജകളാക്കി' വളർത്തി ദൈവത്തിനു മടക്കിക്കൊടുക്കുന്നതാണ്.

ഈ ഉത്തരവാദിത്തത്തിൽ പിതാവിനും മാതാവിനും പങ്കുണ്ട്. എന്നാൽ 'പണി' ദൈവം മാതാക്കളെയാണ് ഏല്പിച്ചിരിക്കുന്നത് - എന്നു ഞാൻ വിശ്വസിക്കുന്നു.

സ്ത്രീയുടെ തല പുരുഷൻ... ഭരണവും ആധിപത്യവും ഒക്കെ ഭർത്താവിനുതന്നെ ആയിരിക്കട്ടെ. എന്നാൽ കുഞ്ഞുങ്ങളോട് അടുത്ത് ഇടപെടുന്നതും, അവരോടൊന്നിച്ച് കൂടുതൽ സമയം ചെലവഴിക്കുന്നതും അവരെ കൂടുതൽ സ്വാധീനിക്കുന്നവരും ഒക്കെ അമ്മമാരാണ്. പിതാവിനെ - മക്കൾ കൂടെനിന്നു കാണുന്നു... അവരെ ദൈവികരായി വളർത്താൻ കഴിയുന്നത് തീർച്ചയായും അമ്മമാർക്കാണ്.

ഒരു സ്ത്രീയുടെ - കുടുംബിനിയുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് പൗലോസ് ഓർമ്മിപ്പിക്കുന്ന വേദഭാഗം ശ്രദ്ധിക്കുക. അത് 1 തിമഥെയോസ് 2:9-15 വരെ വാക്യങ്ങളിലുണ്ട്.

ഒന്നാമത് അവളുടെ 'അലങ്കാര'ത്തെപ്പറ്റി... യോഗ്യമായ വസ്ത്രം ധരിക്കണം. ലജ്ജാശീലത്തോടും സുബോധത്തോടും സൽപ്രവർത്തികൾകൊണ്ടും, തങ്ങളെത്തന്നെ അലങ്കരിക്കണം. ശാന്തതയും (മൗനം) പൂർണ്ണാനുസരണവുമാണ് സ്ത്രീയെ തികഞ്ഞവളാക്കുന്നത്. എന്നാൽ ഇതിനെല്ലാമുപരി ദൈവം അവൾക്കുകൊടുത്ത ഒരു ദൗത്യമുണ്ട്... അത് 'മക്കളെ പ്രസവിച്ച് രക്ഷ പ്രാപിക്കും' (..... 15) എന്നതാണ്!

ഇവിടെ കുഞ്ഞുങ്ങളുണ്ടാവുന്ന അനുഗ്രഹത്തെപ്പറ്റി പ്രതിപാദിക്കാനല്ല ഈ വേദവാക്യം. ....മക്കളെ പ്രസവിക്കുക (Child bearing) എന്ന ഭാഗം; ഇവിടെ മക്കളെ പ്രസവിക്കുക എന്ന ഒരു പ്രക്രിയയാണ്, പറഞ്ഞിരിക്കുന്നത്. പ്രസവിച്ചു വളർത്തുക എന്ന അർത്ഥത്തിൽ... അവൾ മക്കളെ വളർത്തി രക്ഷപ്രാപിക്കും എന്നു പറയുന്നതിലും വലിയതെറ്റില്ല!

'മക്കളെ വളർത്തുക' എന്നതാണ് ഒരു കുടുംബിനിയുടെ ഒന്നാമത്തെ ഉത്തരവാദിത്വം. അത് എങ്ങനെ വളർത്തണം എന്നതാണ് മലാഖിയിൽ നാം കാണുന്നത്. 'വിശുദ്ധ പ്രജ'യായി വളർത്തണം. കാരണം, നിങ്ങളെയും നിങ്ങളുടെ പങ്കാളിയെയും ദൈവം യോജിപ്പിച്ചപ്പോൾ ദൈവത്തിന്റെ മനസ്സിൽ ഒരു പ്രതീക്ഷയുണ്ടായിരുന്നു. നിങ്ങൾ ദൈവത്തിന് ചില വിശുദ്ധ പ്രജകളെ മടക്കിക്കൊടുക്കും (മലാഖി 2:15) എന്ന പ്രതീക്ഷ!

അത് ഒരു ദിവസംകൊണ്ട് സാധിക്കുന്ന കാര്യമല്ല. അതൊരു പ്രക്രിയയാണ്. അതിന്റെ തുടക്കം ഭാര്യാഭർത്തൃബന്ധമാണല്ലോ. എല്ലാം അവിടം തൊട്ടുതുടങ്ങണം. വിശുദ്ധി സൂക്ഷിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കു മാത്രമെ ഒരു വിശുദ്ധഭവനം പണിയാൻ പറ്റൂ... ഒരു വിശുദ്ധഭവനത്തിൽ, ജീവിക്കുന്ന കുഞ്ഞുങ്ങൾക്കേ ഒരു 'വിശുദ്ധ പ്രജ'യായി വളരാൻ കഴിയൂ. അതിനാൽ ഭാര്യാഭർത്തൃബന്ധം മുതൽ 'വിശുദ്ധി' തുടങ്ങുന്നു. കുടുംബജീവിത്തിലെ വിശ്വസ്തത ഭവനത്തിന്റെ അടിസ്ഥാന കല്ലാണ്.

അടുത്തത് മക്കൾ... മക്കൾ നിങ്ങൾ പറയുന്നത് കേട്ടു വളരുന്നതിനെക്കാൾ കൂടുതൽ നിങ്ങൾ കാണിക്കുന്നത് കണ്ടുവളരുകയാണ്. അതുകൊണ്ട് നിങ്ങളുടെ ചെയ്തികൾ, നിങ്ങളുടെ സ്വഭാവവും പ്രവൃത്തിയുമാണ് കുഞ്ഞുങ്ങളെ കൂടുതൽ സ്വാധീനിക്കുന്നത്. അതുകൊണ്ടാണ് കുടുംബത്തിൽ മാതൃകയോടെ ജീവിക്കണം എന്നു പൗലോസ് ഓർമ്മിപ്പിക്കുന്നത്.

പുറമെയുള്ള ഒരുക്കം വലുതായി കാണുന്ന മാതാവിന് (1 തിമഥെയോയ് 2:10) കുഞ്ഞുങ്ങളെ ഭക്തിയിൽ വളർത്താൻ കഴിയില്ല. അവൾ തന്നെത്തന്നെ അലങ്കരിക്കേണ്ടത് പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം ഇവകൊണ്ടല്ല. പകരം സൽപ്രവർത്തികളെക്കൊണ്ടാണ്. അത് കണ്ടുവളരുന്ന കുഞ്ഞുങ്ങൾ സ്വാഭാവികമായും സൽപ്രവർത്തികളിൽ വളർന്നുവരും.

സ്ത്രീ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ, (പാർക്കുന്നു എന്നാൽ തുടരുന്നു എന്നർത്ഥം) അവൾ മക്കളെ വളർത്തി അവളുടെ ദൗത്യം പൂർത്തീകരിക്കും! അമ്മയുടെ വിശ്വാസവും സ്നേഹവും വിശുദ്ധിയും സുബോധവുമാണ് മക്കളിലേക്ക് പകർന്നുകൊടുക്കേണ്ടത്.

അമ്മ മാതൃകയാകേണ്ടത്, ഭാര്യാഭർത്തൃബന്ധത്തിലെ ശാന്തതയിലും അനുസരണത്തിലും, കുടുംബത്തിൽ മക്കളോടും മറ്റുള്ളവരോടുമുള്ള വിശ്വാസം, വിശുദ്ധി, സ്നേഹം എന്നീ ഗുണങ്ങൾ പകർന്നു കൊടുക്കുന്നതിലൂടെയുമാണ്. അതുപോലെ മൂന്നാമതൊരു ബന്ധവുമുണ്ട്. അത് മാതാപിതാക്കളോടുള്ള നിങ്ങളുടെ സമീപനമാണ്. നിങ്ങൾ എങ്ങനെ നിങ്ങളുടെ ഭർത്താവിന്റെ അമ്മയോടും അപ്പനോടും ഇടപെടുന്നു എന്നത് നിങ്ങളുടെ മക്കൾ ശ്രദ്ധിച്ചുകൊണ്ടിരിക്കയാണ്.

രൂത്ത്, റാഹേലിനെയും ലേയയെയും പോലെ ഭവനം പണിയും എന്ന് മൂപ്പന്മാർ അവരുടെ കുടുംബത്തെ അനുഗ്രഹിച്ചല്ലോ, എന്നാൽ എന്താണ് ബോവസിനെ രൂത്തിനോട് അടുപ്പിച്ചത്?

'ബോവസ് അവളോട്,' 'നിന്റെ ഭർത്താവ് മരിച്ചശേഷം അമ്മായിയമ്മയ്ക്ക്' നീ ചെയ്തിരിക്കുന്നതും നിന്റെ അപ്പനെയും അമ്മയെയും സ്വദേശത്തെയും വിട്ട് മുമ്പെ അറിയാത്ത ജനത്തിന്റെ അടു

ക്കൽ വന്നിരിക്കുന്നതുമായ വിവരമൊക്കെയും ഞാൻ കേട്ടിരിക്കുന്നു.' (രൂത്ത് 2:11)

രൂത്ത് ഉടമ്പടി ചെയ്തത് ശക്തനും സുന്ദരുമായ ഒരു ഭർത്താവിനോടു മാത്രമായിരുന്നില്ല. പ്രത്യുത വിധവയും മക്കൾ മരിച്ചവളും അനാഥയും വയസ്സിയുമായ ഒരു അമ്മാവിയമ്മയോടുമായിരുന്നു 'മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടു പിരിയുകയില്ല' എന്ന് അവൾ പറഞ്ഞത് ഭർത്താവിനോടല്ല, അമ്മാവിയമ്മയോടാണ്. (രൂത്ത് 1:17)

അവൾ വാക്കു പാലിച്ചു. മരണം ഭർത്താവിനെ കൊണ്ടുപോയിട്ടും അവൾ അമ്മാവിയമ്മയോടുകൂടെ പാർത്തു. നൊവോമിയെ വിട്ടു കളഞ്ഞില്ല.. രൂത്തിനൊരു മകൻ ഓബേദ് ജനിച്ചപ്പോൾ നൊവോമി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി; അവന് ധാത്രിയായി. (രൂത്ത് 4:16)

ഓബേദ് നൊവോമിയുടെ മകന്റെ മകനല്ല. മകളുടെ മകനുമല്ല. എന്നിട്ടും നാട്ടുകാർ പറഞ്ഞത് 'നൊവോമിക്ക് ഒരു മകൻ ജനിച്ചു' എന്നാണ്. (രൂത്ത് 4:17) അതായിരുന്നു രൂത്തും അമ്മാവിയമ്മയും തമ്മിലുള്ള ബന്ധം.

ഈ ബന്ധം കണ്ടുവളർന്ന ഓബേദ് വിശുദ്ധ പ്രജ ആകാതെ പോകുമോ? ആ ഓബേദിന്റെ മകൻ യിശ്ശായി വിശുദ്ധനല്ലാതെ പോകുമോ? ആ കുടുംബത്തിൽ നിന്ന് ദാവീദു പിറക്കാതെയിരിക്കുമോ? ദാവീദിന്റെ അപ്പനായ യിശ്ശായിയുടെ പിതാവായിരുന്നു ഓബേദ്. (രൂത്ത് 4:17). ദാവീദിന്റെ സന്തതിയെന്നല്ലേ, നമ്മുടെ അരുമരക്ഷകൻ യേശുവിനെ വിളിക്കുന്നത്. തലമുറ തലമുറകളിലേക്ക് പകർന്നതാണ് വിശുദ്ധി...

ഗൃഹം പണിയുന്നതിനു മുമ്പ് നമ്മളെ പണിയണം. നാം ദൈവത്തിൽ ജീവിക്കണം. 'വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും നാം സന്തോഷത്തോടെ ജീവിക്കുന്നത് കണ്ടുവേണം നമ്മുടെ കുഞ്ഞുങ്ങൾ വളരുവാൻ... അപ്പോഴാണ് കുഞ്ഞുങ്ങൾ അഥവാ ഗൃഹം പണിയപ്പെടുന്നത്.

വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നുവെങ്കിൽ, സ്ത്രീയ്ക്ക് മക്കളെ പ്രസവിച്ച് വിശുദ്ധ പ്രജകളാക്കി വളർത്തി ദൈവത്തിനു സമർപ്പിക്കാം.

ഗൃഹം പണിയാൻ ദൈവം സഹോദരിമാരെ നിയോഗിച്ചിരിക്കുന്നു. റാഹേലിനെയും ലേയയെയുംപോലെ നമുക്ക് ഗൃഹം പണിയാം. ഒരു പക്ഷേ ദബോരയെപ്പോലെ സഭയുടെ പണിയിലും തബിഥയെപ്പോലെ സമൂഹത്തിന്റെ പണിയിലും ദൈവം നമ്മെ ഉപയോഗിച്ചേക്കാം. എന്നാൽ മക്കളെ വിശുദ്ധ പ്രജകളാക്കി ഗൃഹം പണിയുകയെന്നത് ഓരോ കുടുംബിനികൾക്കും ദൈവം കൊടുത്തിരിക്കുന്ന ഉത്തരവാദിത്തമാണ്. ഇങ്ങനെയുള്ള ഭവനങ്ങൾ, കുടുംബങ്ങൾ ഭൂമിയിൽ സ്വർഗ്ഗമാകും. തീർച്ച!!

ഒരു കുടുംബത്തിന് ദൈവരാജ്യത്തിനും മനുഷ്യരാശിക്കും നല്കുവാൻ കഴിയുന്ന ഏറ്റവും വലിയ സംഭാവനയാണ് നല്ല മക്കൾ. ദൈവ വചനത്തിൽ അധിഷ്ഠിതമായ ജെസ്സി സാജുവിന്റെ വേറിട്ടു നില്ക്കുന്ന ഈ എഴുത്തുകൾ നമ്മുടെ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കാതിരിക്കില്ല, തീർച്ച.